പതിമൂന്നാം കേരള നിയമസഭ
പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട
ചോദ്യം നമ്പർ 1

29.6.2010 ൽ
മറുപടിയ്ക്ക്

സംസ്ഥാനത്തെ ഐ.ടി. കമ്പനികൾക്ക് അടിസ്ഥാന സൗകര്യ വികസനം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. അടൂർ പ്രകാശ് ;<br>ശ്രീ. എ.പി. അനിൽ കുമാർ ;<br>ശ്രീ. ടി.എൻ. പ്രതാപൻ ; | ശ്രീ. വി.എസ്. അച്യുതാനന്ദൻ<br>(മുഖ്യമന്ത്രി) |
| എ) സംസ്ഥാനത്തെ ഐ.ടി. കമ്പനികൾക്ക് അടിസ്ഥാന സൗകര്യം വികസിപ്പിക്കുന്നതിനായി സ്വകാര്യ ഏജൻസികളുടെ സേവനം ലഭ്യമാക്കുന്നുണ്ടോ ; | (എ), (ബി) ആന്റ് (സി)<br><br>സംസ്ഥാനത്തെ ഐ.ടി. കമ്പനികൾക്ക് ഐ.ടി. അടിസ്ഥാന സൗകര്യം വികസിപ്പിക്കുന്നതിന് താഴെപ്പറയും വിധത്തിൽ സ്വകാര്യ ഏജൻസികളുടെ സേവനം ലഭ്യമാണ്. |
| ബി) ഈ മേഖലയിൽ സംസ്ഥാനത്ത് ഇപ്പോൾ ഏതൊക്കെ ഏജൻസികളാണ് പ്രവർത്തിച്ചു വരുന്നത് എന്ന് വിശദമാക്കുമോ ;<br><br>സി) അടിസ്ഥാന സൗകര്യ വികസനത്തിനായി ഈ ഏജൻസികൾക്ക് ഭൂമി നല്കുന്നതു സംബന്ധിച്ച വ്യവസ്ഥകൾ സുതാര്യമാക്കുന്നതിന്റെ ഭാഗമായി എന്തൊക്കെ നടപടികൾ സ്വീകരിച്ചു എന്ന് വിശദമാക്കുമോ ; | 1) ടെക്നോപാർക്ക്, ഇൻഫോപാർക്ക്, സൈബർപാർക്ക്, കേരള സ്റ്റേറ്റ് ഐ.ടി. ഇൻഫ്രാസ്ട്രക്ച്ചർ ലിമിറ്റഡ് (കെ.എസ്.ഐ.ടി.ഐ.എൽ), കിൻഫ്രാ എന്നീ സർക്കാർ സ്ഥാപനങ്ങൾ ഐ.ടി. പാർക്കുകളും ടൗൺ ഷിപ്പുകളും നിർമ്മിക്കുന്നതിന് സ്വകാര്യ ഐ.ടി. കമ്പനികൾക്കും ഇൻഫ്രാസ്ട്രക്ച്ചർ ഡെവലപ്പേഴ്സിനും സ്ഥലം ലഭ്യമാക്കുന്നുണ്ട്. ടെക്നോപാർക്ക്, ഇൻഫോപാർക്ക്, കെ.എസ്.ഐ.ടി.ഐ.എൽ. എന്നിവയുടെ കൈവശമുള്ള ഭൂമി ഒന്നുകിൽ ലേലം അടിസ്ഥാനത്തിലും (കൂടുതൽ ആവശ്യക്കാർ ഉണ്ടെങ്കിൽ) അല്ലെങ്കിൽ ലാന്റ് അലോട്ട്മെന്റ് പോളിസി പ്രകാരവുമാണ് നൽകിവരുന്നത്. കിൻഫ്രയുടെ ആഭിമുഖ്യത്തിലുള്ള ഹൈടെക് പാർക്ക്, കിൻഫ്ര എക്സ്പോർട്ട് പ്രൊമോഷൻ ഇൻഡസ്ട്രിയൽ പാർക്ക് (കെ.ഇ.പി.ഐ.പി.) എന്നിവിടങ്ങളിൽ Expression of Interest വിളിച്ചാണ് ഭൂമി നൽകുന്നത്.<br><br>2) സ്വകാര്യ കമ്പനികൾക്ക് ഐ.ടി. പാർക്ക്, ടൗൺ ഷിപ്പ് എന്നിവ നിർമ്മിക്കുന്നതിനായി SEZ ലഭ്യമാക്കുന്നതിന് കേന്ദ്ര ഗവൺമെന്റിലേക്ക് ശുപാർശ ചെയ്തിട്ടുണ്ട്. ഇവയ്ക്ക് സംസ്ഥാന സർക്കാരിന്റെ SEZ പോളിസി അനുസരിച്ച് 6.10.2008 ൽ പുറപ്പെടുവിച്ച സർക്കാർ ഉത്തരവ് പ്രകാരമാണ് ശുപാർശ ചെയ്തിട്ടുള്ളത്.<br><br>3) സ്വകാര്യ ഐ.ടി. പാർക്കുകൾക്ക് അംഗീകാരം നൽകുന്നതിന് 4.5.2009 ൽ സർക്കാർ ഉത്തരവ് പ്രകാരം ഗൈഡ്‌ലൈൻസ് പുറപ്പെടുവിച്ചിട്ടുണ്ട്. |

4) 13.5.2007 ന് കേരള സർക്കാരും TECOM Investments FZ-LLC യുമായി ഒപ്പുവച്ച ഫ്രെയിംവർക്ക് എഗ്രിമെന്റിന്റെ അടിസ്ഥാനത്തിൽ സ്മാർട്ട്സിറ്റി കൊച്ചി ഇൻഫ്രാസ്ട്രക്ച്ചർ പ്രൈവറ്റ് ലിമിറ്റഡിന് 246 ഏക്കർ ഭൂമി നൽകാൻ തീരുമാനിച്ചിട്ടുണ്ട്.

ഡി) ഇക്കാര്യത്തിൽ ഇപ്പോൾ എന്തൊക്കെ പ്രായോഗിക ബുദ്ധിമുട്ടുകൾ ആണ് അനുഭവപ്പെടുന്നത് ;

ഇ) ഇത് പരിഹരിക്കുവാൻ എന്തൊക്കെ നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ ?

(ഡി) ആന്റ് (ഇ)

സ്മാർട്ട്സിറ്റിയുടെ കാര്യത്തിൽ 12% ഫ്രീഹോൾഡ് ഭൂമി വിൽക്കാനുള്ള അവകാശം അവർ ആവശ്യപ്പെട്ടിട്ടുണ്ട്. ഇക്കാര്യത്തിൽ സർക്കാർ ഫ്രെയിംവർക്ക് എഗ്രിമെന്റിൽ പറഞ്ഞിരിക്കുന്ന Clause 5.4 മാനിക്കുമെന്ന് പല പ്രാവശ്യം ടീക്കോമിനെ അറിയിച്ചിട്ടും അവർക്ക് തൃപ്തികരമല്ലാത്തതുകൊണ്ട് ഇക്കാര്യം പരിഹരിക്കുന്നതിനായി അവരുമായി പലവട്ടം ചർച്ചകൾ നടത്തുകയുണ്ടായി എങ്കിലും ഇക്കാര്യത്തിൽ ഒരു തീരുമാനത്തിൽ എത്തിച്ചേരുവാൻ സാധിച്ചിട്ടില്ല.

സെക്ഷൻ ഓഫീസർ

<u>പന്ത്രണ്ടാം കേരള നിയമസഭ</u>
<u>പതിനഞ്ചാം സമ്മേളനം</u>

## നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ 2 – 29.06.2010 ൽ മറുപടിക്ക്

## ട്രഷറി നവീകരണത്തിൻെറ ഭാഗമായി സ്വീകരിക്കുന്ന നടപടികൾ

| ചോദ്യം | | ഉത്തരം |
|---|---|---|
| ബഹു; ശ്രീ. രവീന്ദ്രനാഥ്<br>ബഹു: ശ്രീ. വി.ശശികുമാർ<br>ബഹു; ശ്രീ. കെ.കുഞ്ഞിരാമൻ | | ബഹു:ധനകാര്യ വകുപ്പ് മന്ത്രി |
| എ) | ട്രഷറി നവീകരണത്തിൻെറ ഭാഗമായി സ്വീകരിക്കുന്ന നടപടികൾ എന്തെല്ലാമെന്ന് വിശദമാക്കുമോ? | ട്രഷറികളിൽ നിലവിലുള്ള കമ്പ്യൂട്ടർ സംവിധാനം പരിഷ്ക്കരിക്കുന്നതിന്റെ ഭാഗമായി കോർ ഫിനാൻഷ്യൽ മാനേജ്മെന്റ് സംവിധാനം (CFMS) നടപ്പിലാക്കുന്നതാണ്. സംസ്ഥാന ധനകാര്യ വകുപ്പ്, റിസർവ്വ് ബാങ്ക് ഓഫ് ഇന്ത്യ, ഏജൻസി ബാങ്കുകൾ, അക്കൗണ്ടന്റ് ജനറൽ ഓഫീസ്, മറ്റ് വകുപ്പുകൾ എന്നിവയുമായി ട്രഷറി കമ്പ്യൂട്ടർ സിസ്റ്റം ഇന്റഗ്രേറ്റ് ചെയ്യേണ്ടതായിട്ടുണ്ട്. ട്രഷറി സേവിംഗ്സ് ബാങ്കിനാവശ്യമായ കോർ ബാങ്കിംഗ് സിസ്റ്റം വഴി എ.റ്റി.എം സംവിധാനവും, CFMS ഉം കൂടിച്ചേരുന്ന ഇന്റഗ്രേറ്റഡ് ട്രഷറി മാനേജ്മെന്റ് പ്രോജക്ട് (ITMP) എന്നിവ നടപ്പിലാക്കുന്നതിൻെറ നടപടികൾ പ്രാരംഭഘട്ടത്തിലാണ്. ഇന്റഗ്രേറ്റഡ് ട്രഷറി മാനേജ്മെന്റ് |

പ്രോജക്ടിൻെറ ഭാഗമായി ട്രഷറികളിൽ ഒരു ഏജൻസി ബാങ്കിൻെറ സഹായത്തോടെ എ.ടി.എം സൗകര്യം സ്ഥാപിക്കുന്നതിനാണ് ഉദ്ദേശിക്കുന്നത്. എ.റ്റി.എം സൗകര്യം ആർ.ബി.ഐ യും ഏജൻസി ബാങ്കും അംഗീകരിക്കേണ്ടതുണ്ട്.

**ട്രഷറി അടിസ്ഥാന സൗകര്യ വികസന പദ്ധതി (TIDP)**

**നവീന ട്രഷറി 2010**

പുതിയ ട്രഷറി കെട്ടിടങ്ങളുടെ നിർമ്മാണവും നിലവിലുള്ള കെട്ടിടങ്ങളുടെ പരിഷ്ക്കരണവും ജനറേറ്ററുകൾ സ്ഥാപിക്കലും ഉൾപ്പെടുന്ന **'നവീന ട്രഷറി 2010'** ഇക്കൊല്ലം ആരംഭിച്ചു കഴിഞ്ഞു.

ട്രഷറികളുടെ അടിസ്ഥാന സൗകര്യ വികസനം സർക്കാർ മുന്തിയ പരിഗണന നൽകുന്ന ഒരു പദ്ധതിയാണ്. മൂന്ന് പരിപാടികൾ ഇതിൽ ഉൾപ്പെടുത്തിയിരിക്കുന്നു.

| | | |
|---|---|---|
| | | **പുതിയ കെട്ടിടങ്ങൾ**<br>61 ട്രഷറികൾക്ക് സ്വന്തമായി കെട്ടിടങ്ങൾ ഉണ്ടാകേണ്ടതുണ്ട്. തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങൾ മിനിമം 10 സെന്റ് സ്ഥലം ലഭ്യമാക്കുകയാണെങ്കിൽ ആധുനിക സൗകര്യങ്ങളോടുകൂടിയ കെട്ടിടങ്ങൾ ഇവിടങ്ങളിൽ സർക്കാർ നിർമ്മിച്ച് നൽകുന്നതാണ്.<br><br>**നിലവിലുള്ള കെട്ടിടങ്ങളുടെ നവീകരണം**<br>140 ട്രഷറികളിൽ ആരംഭിച്ചു കഴിഞ്ഞ ഈ പദ്ധതി 2010-11 ൽ പൂർത്തിയാക്കേണ്ടതായിട്ടുണ്ട്. നിലവിലുള്ള കെട്ടിടങ്ങളിൽ പലതും ഭാഗികമായോ പൂർണ്ണമായോ പുതുക്കിപണിയേണ്ടതായിട്ടുള്ളതായി എഞ്ചിനീയർമാർ റിപ്പോർട്ടു ചെയ്തിട്ടുണ്ട്. ട്രഷറികളുടെ മുഖച്ഛായ മാറ്റുന്ന ഈ പരിപാടി ട്രഷറികളിൽ കൂടുതൽ ഡെപ്പോസിറ്റ് ലഭ്യമാക്കുന്നതിനും വികസന പ്രവർത്തനങ്ങൾ ത്വരിതപ്പെടുത്തുന്നതിനും സഹായിക്കുന്നതാണ്.<br><br>**ജനറേറ്ററുകൾ**<br>ട്രഷറികൾ ഇന്ന് അഭിമുഖീകരിക്കുന്ന പ്രധാന പ്രശ്നങ്ങളിൽ ഒന്ന് വൈദ്യുതി ലഭ്യതയിലെ ബുദ്ധിമുട്ടാണ്. ആവശ്യമായ കപ്പാസിറ്റി ഉള്ള ജനറേറ്ററുകളും അടിസ്ഥാന സൗകര്യ വികസന |

| | | |
|---|---|---|
| | | പദ്ധതിയിൽ ഉൾപ്പെടുത്തി ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.<br>അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിക്കാനുള്ള പദ്ധതികൾ നടപ്പിലാക്കികൊണ്ടിരിക്കുകയാണ്. ബി.എസ്.എൻ.എല്ലിന്റെ സിവിൽ വിംഗ് മുഖേന ഈ പദ്ധതി നടപ്പിലാക്കുന്നതാണ്.<br><br>എല്ലാ ട്രഷറികളിലും ടെല്ലർ സംവിധാനം നടപ്പിലാക്കിയിട്ടുണ്ട്. പണം വിതരണത്തിലെയും ട്രഷറി ഇടപാടുകളിലേയും ബുദ്ധിമുട്ട് ഒരു പരിധിവരെ ഒഴിവാക്കാൻ ടെല്ലർ സംവിധാനത്തിന് കഴിഞ്ഞിട്ടുണ്ട്.<br>ട്രഷറിയിൽ നിന്നും പെൻഷൻ വാങ്ങുന്ന എല്ലാ പെൻഷൻകാരെയും പി.റ്റി.എസ്.ബി യിൽ ചേർത്തു പെൻഷൻ വിതരണം നടത്തുന്ന ഒരു ബൃഹത്തായ പദ്ധതി നടപ്പിലാക്കിക്കഴിഞ്ഞിട്ടുണ്ട്.<br>**ട്രെയിനിംഗ്**<br>ഒരു പൊതുജന സമ്പർക്ക വകുപ്പെന്ന നിലയിൽ ജീവനക്കാരുടെ ട്രെയിനിംഗ് വളരെ പ്രധാനപ്പെട്ട ഒരു ഘടകമാണ്. ഐ.എം.ജിയുമായി ചേർന്ന് State Training Policy യുടെ ഭാഗമായി എല്ലാ ജീവനക്കാർക്കും ട്രെയിനിംഗ് നൽകുന്ന പരിപാടി വിജയകരമായി |

| | | |
|---|---|---|
| | | നടപ്പിലാക്കി വരുന്നു. പാർട്ട് ടൈം സ്വീപ്പർമാർക്കു കൂടി ട്രെയിനിംഗ് നൽകിക്കൊണ്ട് സിവിൽ സർവ്വീസിലെ ഏറ്റവും താഴെത്തട്ടിലുള്ളവരെ ഭരണ പരിഷ്ക്കാര നടപടികളുടെ ഭാഗമാക്കാൻ വകുപ്പിനു കഴിഞ്ഞിട്ടുണ്ട്. 2009-10 വർഷത്തിൽ 3850 പേർക്കു ട്രെയിനിംഗ് നൽകിയിട്ടുണ്ട്.<br><br>STP ട്രെയിനിംഗിനുപരിയായി താഴെ പറയുന്ന വിഷയങ്ങളിൽ ട്രെയിനിംഗ് ഏർപ്പെടുത്തിയിരുന്നു.<br><br>**സ്പാർക്ക്**<br>520 ജീവനക്കാർക്ക് സ്പാർക്ക് കൈകാര്യം ചെയ്യുന്നതിലുള്ള ട്രെയിനിംഗ് നൽകിയിട്ടുണ്ട്. 20 ദിവസം കൊണ്ട് വകുപ്പിലെ എല്ലാ ഓഫീസുകളിലും SPARK നടപ്പിലാക്കാൻ കഴിഞ്ഞിട്ടുണ്ട്. കൂടാതെ ട്രഷറി വകുപ്പിന്റെ നേതൃത്വത്തിൽ സംസ്ഥാനത്ത് 46000 പേർക്ക് SPARK കൈകാര്യം ചെയ്യുന്നതിലുള്ള ട്രെയിനിംഗ് നൽകി കഴിഞ്ഞിട്ടുണ്ട്. |

| | | |
|---|---|---|
| | | **ലോക്കൽ ബോഡികളുടെ പേയ്മെന്റ് സംബന്ധിച്ച ട്രെയിനിംഗ്**<br>പദ്ധതി നിർവ്വഹണത്തിനും മറ്റു സാമ്പത്തിക ആവശ്യങ്ങൾക്കും വേണ്ടി പ്രാദേശിക സർക്കാരുകൾ ട്രഷറികളുമായി നിരന്തരം ബന്ധപ്പെടുന്നുണ്ട്. വികസന പ്രവർത്തനങ്ങളിലെ സാമ്പത്തിക കാര്യങ്ങളിൽ കൂടുതൽ മെച്ചപ്പെട്ട സേവനം ലഭ്യമാക്കുന്നതിനു വേണ്ടി ഇത്തരം ബില്ലുകൾ കൈകാര്യം ചെയ്യുന്നതിലേക്കായി 450 ജീവനക്കാർക്ക് ട്രെയിനിംഗ് നൽകിയിട്ടുണ്ട്. |
| ബി) | ട്രഷറികളിൽ കോർബാങ്കിംഗ് സംവിധാനം ഏർപ്പെടുത്തുന്നതിനുള്ള നടപടികൾ പൂർത്തിയായിട്ടുണ്ടോ? | നടപടികൾ സ്വീകരിച്ചു വരുന്നു. |
| സി) | ട്രഷറി ഇടപാടുകളിൽ എന്തെല്ലാം മാറ്റങ്ങളാണ് വരുത്താൻ ഉദ്ദേശിക്കുന്നത് | ട്രഷറി സേവിംഗ്സ് ബാങ്ക് ഇടപാടുകൾക്ക് കോർ ബാങ്കിംഗ് സിസ്റ്റം വഴി എ.റ്റി.എം സംവിധാനം ഏർപ്പെടുത്തുവാൻ ഉദ്ദേശിക്കുന്നു. |
| ഡി) | ട്രഷറി ഇടപാടുകാർക്ക് ട്രഷറികളിൽ മെച്ചപ്പെട്ട ലോഞ്ചുകൾസ്ഥാപിക്കുന്നതിന് നടപടി സ്വീകരിക്കുമോ? | നടപടികൾ സ്വീകരിച്ചു വരുന്നു |

| | | |
|---|---|---|
| ഇ) | കഴിഞ്ഞ സോഷ്യൽ ആഡിറ്റിൽ ട്രഷറികളുടെ പ്രവർത്തനത്തിൽ മുഖ്യമായി എന്തെല്ലാം പോരായ്മകളാണ് ശ്രദ്ധയിൽപ്പെട്ടതെന്ന് വ്യക്തമാക്കുമോ? | 2008ൽ നടന്ന സോഷ്യൽ ഓഡിറ്റിൽ ട്രഷറികളുടെ പ്രവർത്തനങ്ങൾ മെച്ചപ്പെടുത്തുന്നതിലേയ്ക്കായി താഴെപ്പറയുന്ന പരിപാടികളിൽ ശ്രദ്ധ കേന്ദ്രീകരിക്കാൻ തീരുമാനിച്ചിട്ടുണ്ട്.<br><br>1) കമ്പ്യൂട്ടറും മറ്റ് അനുബന്ധ ഉപകരണങ്ങളും കാലോചിതമായി പരിഷ്ക്കരിക്കുകയോ മാറ്റി സ്ഥാപിക്കുകയോ ചെയ്യേണ്ടതിന്റെ ആവശ്യം.<br>2) അടിസ്ഥാന സംവിധാനങ്ങളുടെ പോരായ്മ.<br>3) സേവിംഗ്സ് ബാങ്കിന്റെയും പെൻഷന്റെയും നവീകരണം.<br>4) നിയമങ്ങളുടെയും ചട്ടങ്ങളുടെയും പരിഷ്കരണം.<br>5) സേവനങ്ങളുടെ കാര്യക്ഷമത ഉയർത്തൽ . |
| എഫ്) | ഈ വർഷത്തെ സോഷ്യൽ ആഡിറ്റ് എന്നു നടത്തുമെന്ന് വെളിപ്പെടുത്തുമോ? | ഈ വർഷം ഡിസംബറിൽ 2-ാം സോഷ്യൽ ഓഡിറ്റ് നടത്തുവാൻ തത്ത്വത്തിൽ തീരുമാനിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

# പന്ത്രണ്ടാം കേരള നിയമസഭ

## പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം
നമ്പർ :**3**.

29..6..2010-ൽ മറുപടിക്ക്

## ''ക്ഷീര സഹകരണ സംഘങ്ങളുടെ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനുള്ള നടപടികൾ''

| ചോദ്യം | ഉത്തരം |
|---|---|
| **ശ്രീ. പി. ജയരാജൻ എം.എൽ.എ.:**<br>**ശ്രീ. എസ്. രാജേന്ദ്രൻ എം.എൽ.എ.:**<br>**ശ്രീ. എം.ജെ. ജേക്കബ് എം.എൽ.എ.:**<br>**ശ്രീ. പി. കൃഷ്ണപ്രസാദ് എം.എൽ.എ.:** | **ശ്രീ. സി. ദിവാകരൻ**<br>**(ഭക്ഷ്യ-സിവിൽ സപ്ലൈസ്-മൃഗസംരക്ഷണ വകുപ്പ് മന്ത്രി)** |
| (എ) ക്ഷീര സഹകരണ സംഘങ്ങളുടെ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനും പാൽ സംഭരണവും ഗുണമേന്മ പരിശോധിച്ച് വില നൽകലും കുറ്റമറ്റ രീതിയിലാക്കുന്നതിനുമായി സ്വീകരിച്ച നടപടികൾ വിശദമാക്കുമോ; | (എ) ക്ഷീര സഹകരണ സംഘങ്ങളുടെ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനായി ക്ഷീരവികസന വകുപ്പ് വഴി സർക്കാർ പല പദ്ധതികളും നടപ്പാക്കി വരുന്നു. സംഘങ്ങളുടെ പ്രവർത്തനം ആരംഭിക്കുന്നതിനായി പ്രവർത്തന മൂലധനമായി 25,000/- രൂപ ധനസഹായം നൽകി വരുന്നു. വിവിധ പദ്ധതികളിൽ ഉൾപ്പെടുത്തി ക്ഷീര സംഘങ്ങൾക്ക് കെട്ടിടം ഫോഡർ ബാങ്ക് എന്നിവയ്ക്കായി ധനസഹായം നൽകുന്നു. പാൽ സംഭരണം 500 ലിറ്ററിൽ താഴെ വരുന്ന സംഘങ്ങൾക്ക് പാൽ പരിശോധിക്കുന്നതിന് രാസപദാർത്ഥങ്ങൾ, സെൻട്രി ഫ്യൂജ്, മിൽക്കോ ടെസ്റ്റർ എന്നിവ വാങ്ങുന്നതിനും, പരമാവധി 10,000 രൂപയും, 500 ലിറ്ററിന് മുകളിൽ പാൽ ശേഖരണമുള്ള സംഘങ്ങൾക്ക് കമ്പ്യൂട്ടർ വാങ്ങുന്നതിന് 25,000/- രൂപയും പാലിലെ ഘടകങ്ങൾ പരിശോധിച്ച് പാൽ വില നിർണ്ണയിച്ച് നൽകുന്ന ഓട്ടോമാറ്റിക് മിൽക്ക് കളക്ഷൻ യൂണിറ്റിന് (AMCU) പരമാവധി 75% ധനസഹായവും നൽകുന്നു. ഗുണമേൻമ പരിശോധിച്ച് പാലിന് മെച്ചപ്പെട്ട വില നൽകുന്നതിന് സംഘം ജീവനക്കാർക്ക് വേണ്ട പരിശീലനം ക്ഷീരപരിശീലന കേന്ദ്രങ്ങളിൽ വച്ച് നടത്തുന്നുണ്ട്. ക്വാളിറ്റി കൺട്രോൾ ഓഫീസർമാർ സംഘത്തിൽ പാൽ ശേഖരണ സമയത്ത് കർഷകർക്ക് മെച്ചപ്പെട്ട വില ലഭിക്കുന്നതിന് വേണ്ട സഹായങ്ങൾ ചെയ്യുന്നു. സി.എസ്.എസ്. പദ്ധതി |

പ്രകാരം കേന്ദ്രസർക്കാരിൽ നിന്നും മേഖലാ യൂണിയനുകൾ; മിൽമ തുടങ്ങിയ സ്ഥാപനങ്ങൾ വഴി 2006-07 മുതൽ 2009-10 വരെ 22.08 കോടി രൂപ ചെലവഴിച്ച് സംഘങ്ങളുടെ അടിസ്ഥാന സൗകര്യം വർദ്ധിപ്പിക്കുന്നതിനായി ഓട്ടോമാറ്റിക് മിൽക്ക് കളക്ഷൻ യൂണിറ്റുകൾ, ബൾക്ക് മിൽക്ക് കൂളറുകൾ മുതലായവ സ്ഥാപിക്കുന്നതിനുള്ള പദ്ധതികൾ നടപ്പാക്കിയിട്ടുണ്ട്. കൂടാതെ, പ്രവർത്തനം നിലച്ച നിലയിലുള്ള സംഘങ്ങളെ പുനരുദ്ധരിക്കുന്നതിന് 20,000/- രൂപ വീതം നൽകി വരുന്നുണ്ട്.

(ബി) ക്ഷീര കർഷക ക്ഷേമനിധിയിൽ എത്രപേർ അംഗങ്ങളായി രജിസ്റ്റർ ചെയ്തിട്ടുണ്ട് എന്ന് അറിയിക്കുമോ;

(ബി) 31..5..2010 വരെ 1,89,604 പേർ ക്ഷീരകർഷക ക്ഷേമനിധിയിൽ അംഗങ്ങളായി രജിസ്റ്റർ ചെയ്തിട്ടുണ്ട്.

(സി) ക്ഷേമനിധിയിൽ നിന്നും ഇപ്പോൾ എത്ര പേർക്ക് പെൻഷൻ ലഭിക്കുന്നുണ്ട് എന്ന് വ്യക്തമാക്കുമോ;

(സി) 24729 പേർക്ക് പ്രതിമാസം 300/- രൂപ നിരക്കിൽ ഇപ്പോൾ പെൻഷൻ നൽകി വരുന്നു. 1081 പേർക്ക് കുടുംബ പെൻഷനും നൽകുന്നുണ്ട്.

(ഡി) ക്ഷീര കർഷകരുടെ ക്ഷേമം ലക്ഷ്യമിട്ട് പുതുതായി എന്തെങ്കിലും പദ്ധതികൾ സർക്കാരിന്റെ പരിഗണനയിലുണ്ടോ; എങ്കിൽ വ്യക്തമാക്കുമോ?

(ഡി) ക്ഷേമനിധി അംഗങ്ങളായ കർഷകർക്ക് ഇൻഷുറൻസ് പരിരക്ഷ ഉറപ്പു വരുത്തുന്ന ക്ഷീരസുരക്ഷാ പദ്ധതി ക്ഷേമനിധി ബോർഡ് നേരിട്ട് ആവിഷ്ക്കരിച്ച് നടപ്പാക്കുന്നതിന് നടപടി സ്വീകരിക്കുന്നുണ്ട്. അതോടൊപ്പം കന്നുകാലികൾക്കുണ്ടാകുന്ന കുളമ്പ് രോഗം, അകിട് വീക്കം തുടങ്ങിയ രോഗങ്ങൾ ബാധിച്ച് പാലുൽപ്പാദനത്തിലുണ്ടാകുന്ന കുറവു മൂലം കർഷകനുണ്ടാകുന്ന സാമ്പത്തിക നഷ്ടം പരിഹരിക്കുന്നതിന് ഇത്തരം പകർച്ച വ്യാധികൾ പിടിപെട്ട കന്നുകാലികളെ ചികിത്സിക്കുന്നതിനുള്ള തുകയും ഈ പദ്ധതിയിൽ വകകൊള്ളിച്ചിട്ടുണ്ട്. കേരള ക്ഷീരകർഷക ക്ഷേമനിധി ബോർഡിൽ അംഗങ്ങളായ ക്ഷീരകർഷകരുടെ പെൺമക്കളുടെ വിവാഹത്തിനുള്ള ധനസഹായ തുകയായ 1000/- രൂപയിൽ വർദ്ധനവ് വരുത്താനുള്ള നിർദ്ദേശം സർക്കാർ പരിശോധിച്ചു വരുന്നു.

സെക്ഷൻ ഓഫീസർ.

## പന്ത്രണ്ടാം കേരള നിയമസഭ

പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം : ***4** **29.06.2010** -ൽ മറുപടിയ്ക്ക്

## ഹരിത കേരളം പദ്ധതി-രണ്ടാംഘട്ടം

| ***ചോദ്യം*** | ***ഉത്തരം*** |
|---|---|
| ശ്രീ. സൈമൺ ബ്രിട്ടോ റോഡ്രിഗ്സ്<br>ശ്രീ.എം. പ്രകാശൻ മാസ്റ്റർ<br>ശ്രീ.കെ.സി.കുഞ്ഞിരാമൻ: | ശ്രീ. ബിനോയ് വിശ്വം<br>(വനവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി) |
| (എ) ഹരിത കേരളം പദ്ധതിയുടെ ഒന്നാംഘട്ട പ്രവർത്തനം വിലയിരുത്തിയിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ; | (എ) ഉണ്ട്.<br>ഒന്നാംഘട്ടത്തിൽ 31.42 ലക്ഷം വൃക്ഷതൈകൾ നട്ടതിൽ 50 ശതമാനം അതിജീവിച്ചതായി സർവ്വേയിൽ കണ്ടെത്തി യിട്ടുണ്ട്. |
| (ബി) രണ്ടാം ഘട്ടത്തിൽ എത്ര വൃക്ഷതൈകൾ നടാനാണ് ലക്ഷ്യമിട്ടിട്ടുള്ളത് ; | (ബി) 70 ലക്ഷം വൃക്ഷതൈകൾ. |
| (സി) പദ്ധതിയ്ക്ക് ആവശ്യമായ വൃക്ഷതൈകൾ തയ്യാറായിട്ടുണ്ടോ; | (സി) 70 ലക്ഷം വൃക്ഷതൈകൾ തയ്യാറാക്കി വിതരണം നടത്തിയിട്ടുണ്ട്. |
| (ഡി) ഏതെല്ലാം വൃക്ഷതൈകളാണ് ഈ പദ്ധതിപ്രകാരം വിതരണം ചെയ്യുന്നത്; | (ഡി) തേക്ക്, മഹാഗണി, പ്ലാവ്, മാവ്, കൂവളം, നെല്ലി, ഞാവൽ, കുടംപുളി, പതിമുഖം, ബദാം, വേങ്ങ, കണിക്കൊന്ന, മണിമരുത്, അശോകം, ഉങ്ങ്, വേപ്പ് തുടങ്ങിയ വൃക്ഷതൈകൾ. |
| (ഇ) ഒന്നാം ഘട്ടത്തിൽ നട്ട വൃക്ഷതൈകളിൽ നശിച്ചുപോയവയ്ക്കുപകരം വൃക്ഷതൈകൾ നടാൻ നടപടി സ്വീകരിക്കുമോ; | (ഇ) സ്വീകരിച്ചിട്ടുണ്ട്. |
| (എഫ്) വൃക്ഷതൈകളുടെ പരിചരണത്തിന് ആവശ്യമായ സംവിധാനം ഏർപ്പെടുത്തുമോ? | (എഫ്) വിവിധ സന്നദ്ധ സംഘടനകൾ വഴി ഇതിനുള്ള ഏർപ്പാടുകൾ ചെയ്തിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ.**

പന്ത്രണ്ടാം കേരള നിയമസഭ

പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ - 5 29 - 06 - 2010 ൽ മറുപടിക്ക്

## പ്രവാസി ക്ഷേമനിധി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. കെ. രാജു :<br>ശ്രീ. വി. എസ്. സുനിൽകുമാർ :<br>ശ്രീ. രാജാജി മാത്യു തോമസ് :<br>ശ്രീ. കെ. അജിത്: | ശ്രീ. വി. എസ്. അച്യുതാനന്ദൻ<br>(മുഖ്യമന്ത്രി) |
| (എ) പ്രവാസികൾക്കായി സംസ്ഥാന സർക്കാർ ഏതെല്ലാം തരത്തിലുള്ള ക്ഷേമപ്രവർത്തനങ്ങൾ നടത്തിവരുന്നുണ്ട്; | (എ) തിരിച്ചുവന്ന പ്രവാസികൾക്കായി ചികിത്സാ സഹായം, മരണാനന്തര സഹായം, മക്കളുടെ വിവാഹാവശ്യം എന്നിവക്കായി ധനസഹായം നൽകി വരുന്നു. തിരികെ വന്ന നിർദ്ധനരായ പ്രവാസികളെയും അവരുടെ ആശ്രിതരെയും സഹായിക്കുന്നതിനായി നോർക്ക - റൂട്ട്സ് ചെയർമാൻ ഫണ്ട് രൂപീകരിച്ചിട്ടുണ്ട്. വിദേശത്തോ ഇന്ത്യയിലെ അന്യ സംസ്ഥാനങ്ങളിൽ വച്ചോ മരണം സംഭവിക്കുന്ന കേരളീയരുടെ മൃതദേഹം നാട്ടിലെത്തിക്കുന്നതിന് ധനസഹായം നൽകുന്നതിനായി 'കാരുണ്യം' എന്ന പദ്ധതി നിലവിലുണ്ട്. ഏറ്റവും പ്രധാനമായി പ്രവാസി കേരളീയരുടെ സമഗ്രക്ഷേമത്തിനായി പ്രവാസി കേരളീയ ക്ഷേമനിധി ബോർഡ് രൂപീകരിച്ച് വിവിധ പദ്ധതികൾ നടപ്പിലാക്കിവരുന്നു. |

(ബി) ഔട്ട്പാസ്സിൽ നാട്ടിൽ മടങ്ങിയെത്തുന്ന പ്രവാസികൾക്ക് ക്ഷേമനിധിയിൽ അംഗത്വം നൽകുന്നുണ്ടോ ; ഇല്ലെങ്കിൽ അവർക്കുകൂടി അംഗത്വം നൽകാൻ നടപടിയെടുക്കുമോ;

(ബി) ഔട്ട്പാസ്സിൽ മടങ്ങിവരുന്ന പ്രവാസി കേരളീയർ വിദേശത്ത് ചുരുങ്ങിയത് രണ്ട് വർഷത്തെ അംഗീകൃത വിസയോടുകൂടി തൊഴിൽ ചെയ്യുകയോ താമസിക്കുകയോ ചെയ്ത അംഗീകൃത രേഖകൾ ഹാജരാക്കിയാൽ അംഗത്വത്തിന് അർഹതയുണ്ട്.

(സി) ഈ ക്ഷേമനിധിയിൽ അംഗത്വം എടുക്കുന്നതിന് പ്രായപരിധി നിശ്ചയിച്ചിട്ടുണ്ടോ ; എങ്കിൽ ഈ പ്രായപരിധി എടുത്തുകളയുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുമോ?

(സി) ഉണ്ട്. നിലവിൽ 18 നും 55 നും മദ്ധ്യേ പ്രായമുള്ള പ്രവാസി കേരളീയർക്കാണ് ക്ഷേമനിധിയിൽ അംഗത്വം നൽകുന്നത്. പ്രായപരിധി എടുത്തുകളയുന്ന കാര്യം ഇപ്പോൾ സർക്കാരിന്റെ പരിഗണനയിലില്ല.

സെക്ഷൻ ഓഫീസർ

## പന്ത്രണ്ടാം കേരള നിയമസഭ

## പതിനഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട

ചോദ്യം നമ്പർ: 6 29/06/2010 - ൽ മറുപടിക്ക്.

## ദേശീയ ജലപാതകളുടെ വികസനം

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീ.കെ.ബാബു<br>ശ്രീ.എം.എ.വാഹിദ്<br>ശ്രീ.അടൂർ പ്രകാശ് | | ശ്രീ.വി.എസ്.അച്യുതാനന്ദൻ<br>(മുഖ്യമന്ത്രി) |
| (എ) ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം സംസ്ഥാനത്തെ ഏതൊക്കെ ദേശീയ ജലപാതകളുടെ വികസനം നടപ്പിലാക്കാനാണ് നടപടി സ്വീകരിച്ചത് ; | : | (എ) ദേശീയ ജലപാത 3-ന്റേത്. |
| (ബി) ഇതുവരെ ഏതൊക്കെ ദേശീയ ജല പാതകൾ യാത്രായോഗ്യമാക്കി പ്രവർത്തനം ആരംഭിച്ചു എന്ന് വെളിപ്പെടുത്തുമോ ; | : | (ബി) ദേശീയ ജലപാത 3-ന്റെ കൊല്ലം മുതൽ കോട്ടപ്പുറം വരെയുള്ള ഭാഗം. |
| (സി) ഇത്തരം ദേശീയ ജലപാതകളിൽ എവിടെയൊക്കെ ബോട്ട് ടെർമിനലുകൾ നിർമ്മിക്കാൻ കഴിഞ്ഞു ; | : | (സി) കോട്ടപ്പുറം, മരട്, ആലുവ, തണ്ണീർമുക്കം, തൃക്കുന്നപ്പുഴ, കായംകുളം, കൊല്ലം എന്നി വിടങ്ങളിൽ ടെർമിനലുകൾ സ്ഥാപിച്ചിട്ടുണ്ട്. |
| (ഡി) ഇതിനായി ഏതൊക്കെ കേന്ദ്ര സഹായ ങ്ങളാണ് ലഭിച്ചത് ; | : | (ഡി) ദേശീയ ജലപാതയുടെ നിർമ്മാണ പ്രവർത്തനങ്ങൾ ദേശീയ ജലപാത അതോറിറ്റി നേരിട്ടാണ് നിർവ്വഹിക്കുന്നത്. |
| (ഇ) ദേശീയ ജലപാത 3 ഗതാഗതത്തിനായി എന്നു മുതൽ തുറന്നു കൊടുക്കുമെന്ന് വെളിപ്പെ ടുത്തുമോ ? | : | (ഇ) കൊല്ലം മുതൽ കോട്ടപ്പുറം വരെയുള്ള ദേശീയ ജലപാതയുടെ പ്രവർത്തനോൽ ഘാടനം 20/11/2007-ൽ നിർവ്വഹിച്ചു കഴിഞ്ഞു. |

LalithaBai.O

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ
പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ 7 — 29.6.2010 ൽ മറുപടിയ്ക്ക്

## ഐ.ടി. പാർക്കുകളുടെ പ്രവർത്തന പുരോഗതി

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. സി.പി. മുഹമ്മദ് ;<br>ശ്രീ. വി.ഡി. സതീശൻ ;<br>ശ്രീ. ജോർജ്ജ് മേഴ്സിയർ ; | | ശ്രീ. വി.എസ്. അച്യുതാനന്ദൻ<br>(മുഖ്യമന്ത്രി) | |
| എ) | 2009-10 സാമ്പത്തിക വർഷത്തിൽ ടെക്നോപാർക്ക്, ഇൻഫോപാർക്ക് എന്നീ ഐ.ടി. പാർക്കുകളുടെ പ്രവർത്തന പുരോഗതി വിലയിരുത്തിയിട്ടുണ്ടോ ; | എ) | ഉണ്ട്. |
| ബി) | സാമ്പത്തിക മാന്ദ്യം പരിഹരിക്കുന്നതിന്റെ ഭാഗമായി ഈ കാലയളവിൽ ഈ സ്ഥാപനങ്ങൾക്ക് എന്തൊക്കെ ഇളവുകളാണ് സംസ്ഥാന സർക്കാർ അനുവദിച്ചത് ; | ബി) | ആഗോള സാമ്പത്തിക മാന്ദ്യം മറികടക്കുന്നതിന് വേണ്ടി ഈ സർക്കാർ 2009-10 സാമ്പത്തിക വർഷത്തിൽ ടെക്നോപാർക്കിലേയും ഇൻഫോപാർക്കിലേയും ഐ.ടി. കമ്പനികൾക്ക് വാടകയിൽ 50% deferment option നൽകിയിട്ടുണ്ട്. ഇതുപ്രകാരം 2009-10 സാമ്പത്തിക വർഷത്തിൽ ടെക്നോപാർക്കിനും ഇൻഫോപാർക്കിനും നൽകേണ്ട വാടക തുകയുടെ 50% 2010-11 സാമ്പത്തിക വർഷം 1.4.2010 മുതൽ നൽകിയാൽ മതി. |
| സി) | ഇവിടെ പ്രവർത്തിക്കുന്ന ഐ.ടി. കമ്പനികൾക്ക് ഈ ഇളവുകൾ എന്തുമാത്രം സഹായകരമായിരുന്നു എന്നും അടുത്ത വർഷത്തെ പ്രവർത്തനക്ഷമതയിൽ എന്തുമാത്രം നേട്ടം കൈവരിക്കാൻ ആകുമെന്നുമാണ് കരുതുന്നത് ? | സി) | 50% rent defer ചെയ്ത് നൽകിയതുമൂലം ആ തുക ബന്ധപ്പെട്ട കമ്പനികൾ അവയുടെ മറ്റ് പ്രവർത്തന മേഖലകളിൽ വിനിയോഗിച്ച് ഉല്പാദന ക്ഷമത കൂട്ടുവാനും അവയുടെ പ്രവർത്തനങ്ങൾ കൂടുതൽ മെച്ചപ്പെടുത്തുവാനും കഴിഞ്ഞിട്ടുണ്ട് എന്ന് കരുതുന്നു. |

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ
പതിനഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട
ചോദ്യം നം. 08

29.06.2010 ൽ
മറുപടിയ്ക്ക്

## കേരള പബ്ളിക് സർവ്വീസ് കമ്മീഷന്റെ പ്രവർത്തനം

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| | ശ്രീ. രാജു എബ്രഹാം<br>ശ്രീ. പി. വിശ്വൻ<br>ശ്രീ. എം. ഹംസ<br>ശ്രീ. മുരളി പെരുനെല്ലി. | | ശ്രീ. വി. എസ്. അച്യുതാനന്ദൻ<br>(മുഖ്യ മന്ത്രി) |
| (എ) | കേരള പബ്ളിക് സർവ്വീസ് കമ്മീഷന്റെ പ്രവർത്തനം കാര്യക്ഷമമാക്കാൻ ഈ സർക്കാർ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ; | (എ) | കേരള പബ്ളിക് സർവ്വീസ് കമ്മീഷന്റെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതുമായി ബന്ധപ്പെട്ട് കമ്പ്യൂട്ടർവൽക്കരണത്തിന് ആവശ്യമായ നടപടികൾ സ്വികരിച്ചു. ഓൺ ലൈൻ പരീക്ഷാ സമ്പ്രദായം നടപ്പിലാക്കി. എൻക്വയറി വിഭാഗം നവീകരിച്ചു. കൂടാതെ കമ്മീഷന്റെ പ്രവർത്തനങ്ങൾ മെച്ചപ്പെടുത്തുന്നതിനാവശ്യമായ 101 തസ്തികകളും സൃഷ്ടിക്കുകയുണ്ടായി. |
| (ബി) | ഈ സർക്കാർ പുതുതായി ഏതെല്ലാം സ്ഥാപനങ്ങളിലെ നിയമനങ്ങൾ പി.എസ്.സി. യുടെ പരിധിയിൽ കൊണ്ടു വന്നിട്ടുണ്ട്; | (ബി) | കേരളാ പൗൾട്രി ഡെവലെപ്മെന്റ് കോർപ്പറേഷൻ ലിമിറ്റഡ്, തിരുവിതാംകൂർ, കൊച്ചിൻ ദേവസ്വം ബോർഡുകൾ, കേരളാ ഫീഡ്സ് ലിമിറ്റഡ് എന്നീ സ്ഥാപനങ്ങളിലെ നിയമനങ്ങൾ ഇതിനകം പി.എസ്.സി. യുടെ പരിധിയിൽ കൊണ്ടുവന്നിട്ടുണ്ട്. കൂടാതെ സ്പോർട്സ് കൗൺസിലിൻ കീഴിലുള്ള ഉദ്യോഗസ്ഥരുടേയും ജീവനക്കാരുടേയും നിയമനങ്ങളും പി.എസ്.സി. യുടെ പരിധിയിൽ കൊണ്ടുവരുന്നതിനായി ഓർഡിനനൻസ് പുറപ്പെടുവിച്ചിട്ടുണ്ട്. ഏതാനും തൊഴിലാളി ക്ഷേമനിധി ബോർഡുകളിലെ നിയമനങ്ങളും |

പി.എസ്.സി.യുടെ പരിധിയിൽകൊണ്ടു വരുന്നതിനുള്ള നടപടികളും സ്വീകരിച്ചു വരുന്നു.

(സി) കമ്പ്യൂട്ടർവൽക്കരണം നടപ്പിലാക്കിയതിനെത്തുടർന്ന് വിവിധ തസ്തികകൾക്കുള്ള റാങ്ക് ലിസ്റ്റുകൾ തയ്യാറാക്കുന്നതിലുള്ള കാലതാമസം ഗണ്യമായി കുറയ്ക്കാൻ കഴിഞ്ഞിട്ടുണ്ടോ; എങ്കിൽ വ്യക്തമാക്കുമോ ;

(സി) ഉണ്ട്.

'ON LINE' ആയി അപേക്ഷ സ്വീകരിക്കുന്നതും ഉദ്യോഗാർത്ഥികൾക്കു സ്വന്തമായി അഡ്മിഷൻ ടിക്കറ്റ് ഡൗൺലോഡ് ചെയ്തെടുക്കാൻ സൗകര്യം ഒരുക്കിയതും കാലതാമസം കുറയ്ക്കാൻ സഹായിച്ചിട്ടുണ്ട്. ഒ.എം.ആർ. മൂല്യനിർണ്ണയം സാധ്യമാകുന്ന ഒബ്ജക്ടീവ് ടൈപ്പ് പരീക്ഷകൾ നടത്തിയും തെരഞ്ഞെടുപ്പ് പ്രക്രിയ വളരെ വേഗത്തിലാക്കാൻ നടപടികൾ സ്വീകരിച്ചു വരുന്നു. കമ്പ്യൂട്ടർ വഴി അഡ്മിഷൻ ടിക്കറ്റ് ജനറേഷൻ, അപേക്ഷകളുടെ പരിശോധന, ബാർ കോഡ് റീഡിംഗ്, ഡേറ്റാ എൻട്രി, ഉത്തരക്കടലാസ് മൂല്യനിർണ്ണയം, സാധ്യതാ ലിസ്റ്റ്, ഷോർട്ട് ലിസ്റ്റ്, റാങ്ക് ലിസ്റ്റ് എന്നിവ തയ്യാറാക്കൽ, വിവിധ ജില്ലാ/മേഖലാ ഓഫീസുകളെ ബന്ധിപ്പിക്കുന്ന സോഫ്റ്റ്‌വെയറുകളുടെ അപ്ഗ്രഡേഷൻ തുടങ്ങിയവയും കാലതാമസം ഒഴിവാക്കാൻ സഹായിച്ചിട്ടുണ്ട്.

(ഡി) റാങ്ക് ലിസ്റ്റ് തയ്യാറാക്കലും നിയമന നടപടികളും സുതാര്യമാക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദീകരിക്കുമോ ?

(ഡി) അനുബന്ധമായി ചേർത്തിരിക്കുന്നു.

സെക്ഷൻ ഓഫീസർ

# അനുബന്ധം

വിജ്ഞാപനം മുതൽ നിയമനോപദേശം വരെയുള്ള തെരഞ്ഞെടുപ്പു പ്രക്രിയയുടെ വിവിധ ഘട്ടങ്ങൾ കമ്പ്യൂട്ടർവൽക്കരണം മൂലം സുതാര്യമാക്കാൻ സാധിച്ചിട്ടുണ്ട്. **അപേക്ഷ അയയ്ക്കുമ്പോൾ** തന്നെ അപേക്ഷയുടെ പകർപ്പ് (രസീതി) ഉദ്യോഗാർത്ഥിക്ക് ലഭ്യമാകുന്നു. പരീക്ഷ/ഇന്റർവ്യൂ/പ്രായോഗിക പരീക്ഷ/കായിക ക്ഷമതാ പരീക്ഷ തുടങ്ങിയവയുടെ തീയതി വെബ്സൈറ്റിൽ ലഭ്യമാണ്. പരീക്ഷാ / ഇന്റർവ്യൂ തുടങ്ങിയവയുടെ ഹാൾടിക്കറ്റുകൾ ഉദ്യോഗാർത്ഥികൾക്കു തന്നെ സ്വന്തമായി ഡൗൺലോഡ് ചെയ്തെടുക്കുന്നതിനുള്ള സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്. പരീക്ഷാ ടൈംടേബിൾ സിലബസ് തുടങ്ങിയവ 3 മാസം മുന്നേ പ്രസിദ്ധപ്പെടുത്തുന്നുണ്ട്. എഴുത്തു പരീക്ഷാ / ഇന്റർവ്യൂ തുടങ്ങിയവയ്ക്ക് ഓരോ ഉദ്യോഗാർത്ഥിക്കും ലഭിക്കുന്ന മാർക്ക് 'website' ലൂടെ പ്രസിദ്ധപ്പെടുത്തുന്നുണ്ട്. OMR പരീക്ഷയുടെ മാർക്ക് Re-count ചെയ്യുന്നതിനും ഉത്തരം എഴുതിയ OMR ഷീറ്റിന്റെ പകർപ്പ് ലഭിക്കുന്നതിനും സംവിധാനം ഉണ്ട്. നിയമന ശിപാർശയുടെ പൂർണ്ണ വിവരങ്ങൾ 'website' ലൂടെ ലഭ്യമാക്കുന്നുണ്ട്.

## പന്ത്രണ്ടാം കേരള നിയമസഭ
## പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ: 9 — 29.06.2010-ൽ മറുപടിയ്ക്ക്

### വനമേഖലയിലെ തൊഴിലാളികൾക്ക് മെച്ചപ്പെട്ട വേതനം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. എസ്. രാജേന്ദ്രൻ<br>ശ്രീ. കെ.സി. കുഞ്ഞിരാമൻ<br>ശ്രീ. പി. കൃഷ്ണപ്രസാദ്<br>ശ്രീ. ബി.ഡി. ദേവസ്സി | ശ്രീ. ബിനോയ് വിശ്വം<br>(വനവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി) |
| എ. വനമേഖലയിലെ തൊഴിലാളികൾക്ക് മെച്ചപ്പെട്ട വേതനം ലഭ്യമാക്കാൻ സർക്കാർ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ; | എ. വനമേഖലയിലെ തൊഴിലാളികൾക്ക് മെച്ചപ്പെട്ട വേതനം ലഭ്യമാക്കുന്നതിനുവേണ്ടി 24.02.2007 ൽ പുറപ്പെടുവിച്ച ജി.ഒ. (എം.എസ്.) 7/2007/ഫോറസ്റ്റ് ആന്റ് വൈൽഡ്‌ലൈഫ് ഡിപ്പാർട്ട്മെന്റ് നമ്പർ സർക്കാർ ഉത്തരവ് പ്രകാരം വേതനം മെച്ചപ്പെടുത്തി പുതുക്കി നിശ്ചയിച്ചു. സമൂഹത്തിൽ ഇപ്പോൾ നിലവിലുള്ള വേതന നിരക്കുകൾ, സർക്കാർ നിശ്ചയിച്ച നിരക്കുകളേക്കാൾ കൂടുതലാണെന്നു മനസ്സിലാക്കിയതിന്റെ അടിസ്ഥാനത്തിൽ വേതന നിരക്കുകൾ വീണ്ടും പുതുക്കി നിശ്ചയിക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്. |
| ബി. ഈ സർക്കാർ അധികാരത്തിൽ വന്നശേഷം എത്ര ശതമാനം കൂലി വർദ്ധിപ്പിച്ചു നൽകിയിട്ടുണ്ട്; | ബി മേൽ സൂചിപ്പിച്ച ഉത്തരവ് പ്രകാരം വിവിധ വിഭാഗങ്ങളിൽപ്പെട്ട തൊഴിലാളികൾക്ക് നൽകിയ ശരാശരി വേതന വർദ്ധന ഏകദേശം 34 ശതമാനം മുതൽ 57 ശതമാനം വരെ ആണ്. |
| സി. വനമേഖലയിലെ തൊഴിലാളികളുടെ തൊഴിൽക്ഷാമം പരിഹരിക്കുന്നതിന് വനം വകുപ്പ് പുതിയ പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ; | സി നിലവിലുള്ള വനസംരക്ഷണ പ്രവർത്തനങ്ങൾ, അഗ്നിസംരക്ഷണ പ്രവർത്തനങ്ങൾ, വന വൃക്ഷത്തോട്ടങ്ങളുടെ പരിചരണം, സംരക്ഷിത മേഖലകളിലെ വികസന പ്രവർത്തനങ്ങൾ എന്നിവ കൂടാതെ ദേശീയ തൊഴിലുറപ്പ് പദ്ധതി, ഇക്കോ ടൂറിസം പദ്ധതികൾ, ജൈവവൈവിധ്യ സംരക്ഷണ പരിപാടികൾ, ഔഷധ വൃക്ഷത്തോട്ട നിർമ്മാണം, പശ്ചിമഘട്ട വികസന പദ്ധതി, ദേശീയ വനവൽക്കരണ പദ്ധതി തുടങ്ങിയ പുതിയ പദ്ധതികൾ ഇതിനായി ആസൂത്രണം ചെയ്തു നടപ്പാക്കി വരുന്നു. |
| ഡി. വനസംരക്ഷണ പ്രവർത്തനങ്ങളിൽ വനാശ്രിത സമൂഹത്തെ പരമാവധി പ്രയോജനപ്പെടുത്താൻ നടപടി സ്വീകരിക്കുമോ? | ഡി. നടപടികൾ സ്വീകരിച്ചു വരുന്നുണ്ട്. |

(ഒപ്പ്)

**സെക്ഷൻ ഓഫീസർ**

പന്ത്രണ്ടാം കേരള നിയമസഭ - പതിനഞ്ചാം സമ്മേളനം

**നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ : 10** — **29.6.2010-ൽ മറുപടിയ്ക്ക്**

# വാർഷിക പദ്ധതി അടങ്കൽ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. കെ.ടി.ജലീൽ<br>ശ്രീ. എ.എം.ആരിഫ്<br>ശ്രീ. കെ.വി.അബ്ദുൾ ഖാദർ<br>ശ്രീ. എം.പ്രകാശൻ മാസ്റ്റർ | ശ്രീ.വി.എസ്.അച്യുതാനന്ദൻ (മുഖ്യമന്ത്രി) |
| (എ) കേരളത്തിന്റെ 2010-11 സാമ്പത്തിക വർഷത്തേക്കുള്ള വാർഷിക പദ്ധതി അടങ്കലിന് കേന്ദ്ര ആസൂത്രണ കമ്മീഷൻ അംഗീകാരം നൽകിയിട്ടുണ്ടോ ; എങ്കിൽ വാർഷിക പദ്ധതിയുടെ വിശദാംശം വ്യക്തമാക്കുമോ ; | (എ) കേരളത്തിന്റെ 2010-11 സാമ്പത്തിക വർഷത്തേക്ക് പദ്ധതി അടങ്കലായി 10,000 കോടി രൂപ സംസ്ഥാന സർക്കാർ അംഗീകരിച്ച് ആസൂത്രണ കമ്മീഷന്റെ അംഗീകാരത്തിനായി നൽകുകയുണ്ടായി. ആസൂത്രണ കമ്മീഷൻ പദ്ധതിയടങ്കലായി 10,025 കോടി രൂപ അംഗീകരിച്ചിട്ടുണ്ട്. സംസ്ഥാന സർക്കാർ ബഡ്ജറ്റിൽ വകയിരുത്തിയ 10,000 കോടി രൂപയുടെ വിശദാംശം അനുബന്ധം ഒന്നിൽ ചേർത്തിട്ടുണ്ട്. ആസൂത്രണ കമ്മീഷൻ അധികമായി നൽകിയ 25 കോടി രൂപ കൂടി ചേർത്ത് വാർഷിക അടങ്കൽ 10,025 കോടി രൂപയായി പുതുക്കേണ്ടതുണ്ട്. |
| (ബി) മുൻ വർഷത്തേക്കാൾ എത്ര ശതമാനം വർദ്ധന ഈ വർഷം ഉണ്ടായിട്ടുണ്ടെന്ന് വിശദമാക്കുമോ ; | (ബി) സാമ്പത്തിക വർഷത്തെ പദ്ധതി അടങ്കലിൽ മുൻ വർഷത്തേക്കാൾ 12.39% വർദ്ധനവുണ്ടായിട്ടുണ്ട്. |
| (സി) വാർഷിക പദ്ധതി അടങ്കലിൽ ഉണ്ടായിട്ടുള്ള വർദ്ധനയുടെ ഫലമായി വിവിധ മേഖലകൾക്കുണ്ടാകുന്ന നേട്ടം വിശദമാക്കുമോ ; | (സി) വാർഷിക പദ്ധതി അടങ്കലിൽ ഉണ്ടായിട്ടുള്ള വർദ്ധനവിന്റെ ഫലമായി വിവിധ മേഖലകൾക്കുണ്ടാകുന്ന നേട്ടം അനുബന്ധം രണ്ടിൽ ചേർത്തിട്ടുണ്ട്. |

(ഡി) പദ്ധതി നിർവ്വഹണം കാര്യക്ഷമമാക്കുന്നതിനായി സർക്കാർ പ്രത്യേക കർമ്മ പദ്ധതി ആവിഷ്ക്കരിക്കുമോ ?

(ഡി) പദ്ധതി നിർവ്വഹണം കാര്യക്ഷമമാക്കുന്നതിനായി നിലവിൽ മുഖ്യമന്ത്രി, സംസ്ഥാന ആസൂത്രണ ബോർഡ് വൈസ് ചെയർമാൻ, ചീഫ് സെക്രട്ടറി എന്നീ വിവിധ തലങ്ങളിൽ പദ്ധതി അവലോകനം നടന്നുവരുന്നുണ്ട്. പദ്ധതി നിർവ്വഹണം കൂടുതൽ കാര്യക്ഷമമാക്കാൻ ചീഫ് സെക്രട്ടറി മാസംതോറും വിളിച്ച് ചേർക്കുന്ന യോഗങ്ങളിൽ വകുപ്പു സെക്രട്ടറിമാർക്കും വകുപ്പു തലവന്മാർക്കും അവശ്യ വേണ്ട നിർദ്ദേശങ്ങൾ നൽകി വരുന്നുണ്ട്. വൻകിട പദ്ധതികളുടെ സമയബന്ധിത പൂർത്തീകരണത്തിന് ചീഫ് സെക്രട്ടറി അദ്ധ്യക്ഷനായുള്ള കോർ കമ്മിറ്റികളും രൂപീകരിച്ചിട്ടുണ്ട്.

സെക്ഷൻ ഓഫീസർ

## അനുബന്ധം I

### വാർഷിക പദ്ധതി 2010-11 - മേഖലാടിസ്ഥാനത്തിൽ അടങ്കൽ തുക

(രൂപ ലക്ഷത്തിൽ)

| ക്രമ നമ്പർ | മേഖല | വിഹിതം (2010-11) |
|---|---|---|
| 1 | കൃഷിയും ബന്ധപ്പെട്ട സർവ്വീസുകളും | 64291.00 |
| 2 | ഗ്രാമ വികസനം | 40739.00 |
| 3 | സഹകരണം | 4250.00 |
| 4 | ജലസേചനവും വെള്ളപ്പൊക്ക നിയന്ത്രണവും | 37661.00 |
| 5 | വൈദ്യുതി | 104700.00 |
| 6 | വ്യവസായവും, ധാതുക്കളും | 57178.00 |
| 7 | ഗതാഗതവും വാർത്താവിനിമയവും | 96447.00 |
| 8 | ശാസ്ത്ര സർവ്വീസുകളും ഗവേഷണവും | 7864.00 |
| 9 | സാമൂഹ്യവും, സാമൂഹ്യ സേവനപരവുമായ സർവ്വീസുകൾ | 355014.00 |
| 10 | സാമ്പത്തിക സർവ്വീസുകൾ | 8444.00 |
| 11 | ജനറൽ സർവ്വീസുകൾ | 3647.00 |
| 12 | തദ്ദേശ സ്വയംഭരണ സർക്കാരുകളുടെ പ്രാദേശിക ആസൂത്രണ പരിപാടികൾ | 219765.00 |
| | ആകെ | 1000000.00 |

സെക്ഷൻ ഓഫീസർ

**അനുബന്ധം II**

**വാർഷിക പദ്ധതി 2009-10, 2010-11 - മേഖലാടിസ്ഥാനത്തിൽ അടങ്കൽ തുക**

| ക്രമ നമ്പർ | മേഖല | വിഹിതം (ലക്ഷത്തിൽ) | | |
|---|---|---|---|---|
| | | 2009-10 | 2010-11 | വർദ്ധനവ് |
| 1 | കൃഷിയും ബന്ധപ്പെട്ട സർവ്വീസുകളും | 41432.00 | 62263.00 | 20831.00 |
| 2 | ഗ്രാമ വികസനം | 29122.00 | 31673.00 | 2551.00 |
| 3 | പ്രാദേശിക വികസനത്തിനുള്ള പ്രത്യേക പരിപാടി | 6930.00 | 9066.00 | 2136.00 |
| 4 | ജലസേചനവും വെള്ളപ്പൊക്ക നിയന്ത്രണവും | 35065.00 | 37661.00 | 2596.00 |
| 5 | വൈദ്യുതി | 97506.00 | 104700.00 | 7194.00 |
| 6 | വ്യവസായവും, ധാതുക്കളും | 27932.00 | 41898.00 | 13966.00 |
| 7 | ഗതാഗതവും വാർത്താവിനിമയവും | 75145.00 | 87447.00 | 12302.00 |
| 8 | ശാസ്ത്ര സർവ്വീസുകളും ഗവേഷണവും | 21289.00 | 29422.00 | 8133.00 |
| 9 | സാമൂഹ്യവും, സാമൂഹ്യ സേവനപരവുമായ സർവ്വീസുകൾ | 304092.00 | 355014.00 | 50922.00 |
| 10 | സാമ്പത്തിക സർവ്വീസുകൾ | 42444.00 | 17988.00 | -24456.00 |
| 11 | ജനറൽ സർവ്വീസുകൾ | 2530.00 | 3103.00 | 573.00 |
| 12 | തദ്ദേശ സ്വയംഭരണ സർക്കാരുകളുടെ പ്രാദേശിക ആസൂത്രണ പരിപാടികൾ | 208513.00 | 219765.00 | 11252.00 |
| | **ആകെ** | **892000.00** | **1000000.00** | **108000.00** |

സെക്ഷൻ ഓഫീസർ

## പന്ത്രണ്ടാം കേരള നിയമസഭ
## പതിനഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം.11 — 29.6.2010 ൽ മറുപടിയ്ക്ക്

### അനധികൃത പണമിടപാടു നടത്തുന്ന വ്യക്തികളെയും സ്ഥാപനങ്ങളെയും നിയന്ത്രിക്കുന്നതിന് നടപടി

ചോദ്യം

ശ്രീ.എ.എം.യൂസഫ്
ശ്രീമതി.കെ.എസ്.സലീഖ
ശ്രീ.ജോർജ് എം.തോമസ്
ശ്രീമതി.കെ.കെ.ലതിക

ഉത്തരം

ഡോ.റ്റി .എം.തോമസ് ഐസക്ക്
(ധനകാര്യ വകുപ്പു മന്ത്രി)

| | | | |
|---|---|---|---|
| (എ) | അനധികൃത പണമിടപാടു നടത്തുന്ന വ്യക്തികളെയും സ്ഥാപനങ്ങളെയും നിയന്ത്രിക്കുന്നതിന് സർക്കാർ സ്വീകരിച്ചിട്ടുള്ള നടപടികൾ വ്യക്തമാക്കുമോ; | (എ) | കേരള മണി ലെൻഡേഴ്സ് ആക്ട്, 1958, പ്രതിപാദിച്ച പ്രകാരം പണമിടപാട് നടത്തുന്ന വ്യക്തി അഥവാ സ്ഥാപനം പ്രസ്തുത നിയമത്തിൻ കീഴിൽ ലൈസൻസ് എടുക്കേണ്ടതാണ്. ടി നിയമത്തിലെ വ്യവസ്ഥകൾ ലംഘിക്കുന്നവർക്കെതിരെ വാണിജ്യ നികുതി വകുപ്പ് കർശന നടപടികൾ സ്വീകരിക്കാറുണ്ട്. കേരളത്തിനകത്തെ സാമ്പത്തിക സ്ഥാപനങ്ങളിലെ നിക്ഷേപകരുടെതാൽപ്പര്യങ്ങൾ സംരക്ഷിക്കുന്നതിലേയ്ക്കായി കേരള പ്രൊട്ടക്ഷൻ ഓഫ് ഡെപ്പോസിറ്റേഴ്സ് (ഇൻ ഫിനാൻഷ്യൽ എസ്റ്റാബ്ലിഷ്മെന്റ്സ്) ആന്റ് റെഗുലേഷൻ ഓഫ് മണിലെൻഡേഴ്സ് ബിൽ-2007 സർക്കാരിന്റെ പരിഗണനയിലാണ്. |
| (ബി) | കേരള മണി ലെൻഡേഴ്സ് ആക്ട് പ്രകാരം പ്രവർത്തിക്കുന്ന പണമിടപാടു സ്ഥാപനങ്ങൾ ലൈസൻസിലെ നിബന്ധനകൾ ലംഘിച്ച് അധിക പലിശ ഈടാക്കുന്നതു തടയുന്നതിന് നടപടി സ്വീകരിക്കുമോ; | (ബി) | കേരള മണി ലെൻഡേഴ്സ് ആക്ട്, 1958, വകുപ്പ് 7-ൽ സൂചിപ്പിച്ചിട്ടുള്ള പലിശ നിരക്കിനേക്കാൾ പലിശ ഈടാക്കുന്നതായി ശ്രദ്ധയിൽപ്പെട്ടാൽ ടി നിയമത്തിലെ വകുപ്പ് 18 ഡി പ്രകാരമുള്ള നടപടി സ്വീകരിക്കാറുണ്ട്. |

| | | | |
|---|---|---|---|
| (സി) | വായ്പ അനുവദിക്കുന്നതിന് ബ്ലാങ്ക് ചെക്ക് വാങ്ങുന്ന സമ്പ്രദായം തടയാൻ നടപടി സ്വീകരിക്കുമോ; | (സി) | ചെക്കുകൾ കേന്ദ്ര നിയമങ്ങളായ നെഗോഷ്യബിൾ ഇൻസ്ട്രുമെന്റ്സ് ആക്ട്, ബാങ്കിംഗ് റഗുലേഷൻ ആക്ട്, റിസർവ് ബാങ്ക് ആക്ട് എന്നിവയ്ക്ക് കീഴിൽ വരുന്നതാണ്. ചെക്ക് കൊടുക്കുന്നയാളുടേയും വാങ്ങുന്നയാളുടേയും ബാദ്ധ്യതകൾ, കർത്തവ്യം എന്നിവ പ്രതിപാദിക്കുന്നത് ആ നിയമത്തിൻ കീഴിലാണ്. അതിന് വിരുദ്ധമായ ഒരു നടപടിയും സ്വീകരിക്കുവാൻ സംസ്ഥാന സർക്കാരിന് സാധിക്കുകയില്ല. |
| (ഡി) | അനധികൃത പണമിടപാടു നടത്തുന്നവരെ കണ്ടെത്തുന്നതിനും നിയമ നടപടി സ്വീകരിക്കുന്നതിനും പ്രത്യേക വിഭാഗത്തെ ചുമതലപ്പെടുത്തുമോ? | (ഡി) | ഇക്കാര്യം പരിശോധിക്കുന്നതാണ് |

Chandrika

സെക്ഷൻ ഓഫീസർ

പതിമൂന്നാം കേരള നിയമസഭ
പതിനെട്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ 12 | 29.6.2010-ൽ മറുപടിയ്ക്ക്

സർക്കാർ സ്കൂളിലെ ഉച്ചക്കഞ്ഞി വിതരണ പദ്ധതിയ്ക്കായി കരുതിയിരുന്ന അരി

ചോദ്യം
ശ്രീ. ജോസഫ് എം. പുതുശ്ശേരി ;
ശ്രീ. തോമസ് ചാഴികാടൻ ;
ശ്രീ. റോഷി അഗസ്റ്റിൻ ;
ശ്രീ. തോമസ് ഉണ്ണിയാടൻ ;

ഉത്തരം
ശ്രീ. സി. ദിവാകരൻ
(ഭക്ഷ്യവും സിവിൽ സപ്ലൈസും മൃഗസംരക്ഷണവും വകുപ്പു മന്ത്രി)

എ) സംസ്ഥാനത്തെ മാവേലി സ്റ്റോറുകളിലും ഗോഡൗണുകളിലും സർക്കാർ സ്ക്കൂളുകളിലെ ഉച്ചക്കഞ്ഞി വിതരണ പദ്ധതിയ്ക്കായി കരുതിയിരുന്ന അരി കെട്ടിക്കിടന്നിരുന്നോ; എങ്കിൽ ഇപ്പോഴത്തെ അവസ്ഥ യെന്താണെന്ന് വ്യക്തമാക്കുമോ ;

ബി) എത്ര അളവ് അരിയാണ് ഗോഡൗണുകളിലും മറ്റും ഇപ്രകാരം ഉണ്ടായിരുന്നതെന്ന് അറിയിക്കുമോ ;

സി) മാവേലി സ്റ്റോറുകളിലും ഗോഡൗണുകളിലും പ്രസ്തുത അരി കെട്ടിക്കിടക്കാൻ ഇടയായ സാഹചര്യം വ്യക്തമാക്കുമോ ;

ഡി) പ്രസ്തുത അരിയുടെ ഗുണനിലവാരം പരിശോധിച്ചിട്ടുണ്ടോ ; ഇത് സ്ക്കൂളുകൾക്ക് വിതരണം ചെയ്യാൻ യോഗ്യമാണോ ; വിശദാംശങ്ങൾ നൽകുമോ ?

എ) ,ബി), സി),ഡി)

സർക്കാർ വിദ്യാലയങ്ങളിലേയ്ക്ക് ഉച്ചഭക്ഷണത്തിനാവശ്യമായ അരി എഫ്.സി.ഐയിൽ നിന്ന് സപ്ലൈകോ വിട്ടെടുത്ത് സൂക്ഷിക്കുന്നു. പ്രസ്തുത അരി ബന്ധപ്പെട്ട ജില്ലാ വിദ്യാഭ്യാസ ഓഫീസറൻമാരുടെ ഇൻഡന്റു പ്രകാരം സപ്ലൈകോ വിതരണം ചെയ്യുന്നു. ചില സന്ദർഭങ്ങളിൽ മിച്ചം വരുന്ന അരി കേടാകാതെ ഇരിക്കാൻ സപ്ലൈകോ എടുത്ത് പകരം കേടാകാത്ത അരി വിതരണത്തിനായി സജ്ജമാക്കുന്നു. പ്രസ്തുത അരിയുടെ ഗുണനിലവാരം എപ്പോഴും ഉറപ്പാക്കുന്നു. തുടർച്ചയായ പ്രക്രിയ എന്നതിനാൽ സ്റ്റോക്ക് തിട്ടപ്പെടുത്താൻ സാധ്യമല്ല.

(ഒപ്പ്)
സെക്ഷൻ ഓഫീസർ

## പന്ത്രണ്ടാം കേരള നിയമസഭ
## പതിനഞ്ചാം സമ്മേളനം

### <u>ശ്രീ. വി. രാമചന്ദ്രൻ അദ്ധ്യക്ഷനായ കമ്മിറ്റിയുടെ റിപ്പോർട്ട്</u>

**നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം. 13. 29..06..2010 -ലെ മറുപടിയ്ക്ക്**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.എം.എം. മോനായി.<br>ശ്രീ. വി. ശശികുമാർ<br>ശ്രീ. സി.കെ. സദാശിവൻ.<br>ശ്രീ. എ.സി. മൊയ്തീൻ. | ശ്രീ.വി.എസ്. അച്യുതാനന്ദൻ<br>മുഖ്യമന്ത്രി |

| | ചോദ്യം | ഉത്തരം |
|---|---|---|
| (എ) | സർക്കാരിന്റെ പദ്ധതി പ്രവർത്തനം സമയബന്ധിതമായി പൂർത്തിയാക്കുന്നതു സംബന്ധിച്ച് മുൻ ചീഫ് സെക്രട്ടറിശ്രീ. വി. രാമചന്ദ്രൻ അദ്ധ്യക്ഷനായകമ്മിറ്റിയുടെ റിപ്പോർട്ട് സർക്കാരിന് ലഭിച്ചിട്ടുണ്ടോ ? | ഉണ്ട്. |
| (ബി) | റിപ്പോർട്ടിലെ പ്രധാന ശുപാർശകൾ എന്തെല്ലാമാണ് ? | റിപ്പോർട്ടിലെ പ്രധാനപ്പെട്ട ശുപാർശകൾ താഴെ കൊടുത്തിരിക്കുന്നു. ഒരുപദ്ധതിയ്ക്ക് അനുമതി നൽകുന്നതിനു മുൻപ് അതിന്റെ നാനാവശങ്ങൾ- പണത്തിന്റെ സ്രോതസ്സ്, ഭൂമി ലഭ്യത, ജീവനക്കാരുടെ വിന്യാസരീതി, പദ്ധതി കൊണ്ടുണ്ടാകാവുന്ന പാരിസ്ഥിതികാഘാതം, വിപണനസാധ്യത, പ്രോജക്ടിന് ഭാവിയിലുണ്ടാകാവുന്ന സാധ്യത എന്നിവ ബന്ധപ്പെട്ടവരുമായി ചർച്ച ചെയ്ത് ധാരണയുണ്ടാക്കണം. നടപ്പിലാക്കാൻ പോകുന്ന പ്രോജക്ടിനെപ്പറ്റി വിപുലമായ ചർച്ചക്കും ധാരണയ്ക്കും സാദ്ധ്യമാക്കുന്നതിന് സർക്കാർ വെബ്സൈറ്റിൽ വിജ്ഞാപനം. |

| | | |
|---|---|---|
| | | ചെയ്യണം. പ്രൊഫഷണൽ യോഗ്യതയുള്ളവരെക്കൊണ്ട് തയ്യാറാക്കുന്ന വിശദമായ പ്രോജക്ട് റിപ്പോർട്ട് (DPR) സമഗ്രമായിരിക്കണം. അതിൽ ഗുണനിലവാരം ഉറപ്പാക്കുന്നതിനുവേണ്ട സംവിധാനത്തെപ്പറ്റിയും ഭൂമി ഏറ്റെടുക്കേണ്ടി വരുമ്പോഴുണ്ടാകുന്ന പുനരധിവാസ പാക്കേജിനെപ്പറ്റിയും വ്യക്തമാക്കിയിരിക്കണം. പദ്ധതി തുടങ്ങുന്നതിനു മുൻപ് പദ്ധതി പ്രദേശ ത്തിന്റെ വിശദമായ സാമൂഹിക- സാമ്പത്തിക പഠനം നടത്തി, അവിടെ നടത്തേണ്ട പുനരധിവാസ പദ്ധതികളുടെ സ്വഭാവം കണ്ടെത്തണം. ഭൂമിയുടെ വിലയും പുനരധിവാസ പദ്ധതി ചെലവും മൊത്തം പ്രോജക്ട് ചെലവിൽ ഉൾപ്പെടുത്തണം. നൂതന സങ്കേതങ്ങൾ ഉപയുക്ത മാക്കികൊണ്ട് സർവ്വെ വകുപ്പിനെ കാര്യക്ഷമമാക്കണം. വ്യവഹാരങ്ങൾ കുറയ്ക്കുന്നതിനായി എല്ലാ ഭൂമി ഏറ്റെടുക്കൽ നടപടി കളുടേയും ഭാഗമായി പരാതി പരിഹാര സംവിധാന ങ്ങൾ ഉണ്ടാകണം. പ്രോജക്ടു കൾ തുടങ്ങുന്നതിനു വേണ്ട വിവിധ അനുമതികൾ നേടുന്നതിനുള്ള നടപടി ക്രമങ്ങൾ ലഘൂകരിക്കുക, ഭൂമി ഏറ്റെടുക്കൽ ചട്ടങ്ങളിൽ യുക്തമായ ഭേദഗതികൾ വരുത്തുക. പൊതു ആവശ്യ ത്തിനുള്ള നിർമ്മാണ പ്രവർത്തികൾ നടത്തുന്നതിന് ഇളവ് അനുവദിയ്ക്കു ന്നത് പരിശോധിയ്ക്കുന്നതിന് ഒരു സ്റ്റാറ്റ്യൂട്ടറി ബോഡി / ട്രിബ്യൂണൽ നിയമിക്കുന്നതിന് വേണ്ടി കേരള നെൽവയൽ സംരക്ഷണ ആക്ട് 2008 (Kerala Conservation of Paddy Land and Wetland Act 2008) ഭേദഗതി ചെയ്യുക. ബാധ്യത രഹിത ഭൂമിയുടെ ലഭ്യത ഉറപ്പു വരുത്തിയ ശേഷം മാത്രം പദ്ധതിയുമായി ബന്ധപ്പെട്ട കരാറുകളിൽ ഏർപ്പെടുക. പ്രോജക്ട് നിർവ്വഹണത്തിനു നയപരമായ കാര്യങ്ങളൊഴിച്ച്, മറ്റെല്ലാ കാര്യത്തിലും തീരുമാനമെടുക്കാൻ അധികാരമുള്ള സ്പെഷ്യൽ പർപ്പസ് വെഹിക്കിൾ (SPV) സൃഷ്ടിക്കുക. പ്രോജക്ട് നിർവ്വഹണത്തിലെ |

| | | |
|---|---|---|
| | | പ്രതിബന്ധങ്ങൾ തീർക്കുന്നതിന് സർക്കാർ അഡീഷണൽ ചീഫ് സെക്രട്ടറി തലത്തിൽ ഒരു സംവിധാനം ഉണ്ടാക്കുക. പ്രോജക്ട് നിർവ്വഹണ ത്തിനുള്ള കമ്മറ്റികളുടെ ബാഹുല്യം ഒഴിവാക്കി എല്ലാ പ്രോജക്ടിനും ഒരു സ്റ്റീയറിംഗ് കമ്മറ്റി മാത്രമായി ചുരുക്കുക. കൺസൾട്ടൻറ് നിയമനത്തിന് ക്വാളിറ്റി ആൻറ് കോസ്റ്റ് ബെയ്സ്ഡ് സിസ്റ്റം അനുവർത്തി യ്ക്കുക. പ്രോജക്ട് ടീമിനെ പൊതു പരസ്യത്തിലൂടെ തിരഞ്ഞെടുക്കുക. പി.ഡബ്ല്യൂ.ഡി. മാനുവൽ / കോഡ് എന്നിവ കാലാനു സൃതമായി പരിഷ്കരിയ്ക്കുക. സാക്ഷ്യപ്പെടുത്തിയ കമ്പോള നിരക്കിൻെറ അടിസ്ഥാനത്തിൽ 5-10% വരെ ടെൻഡർ പ്രീമിയം അനുവദിയ്ക്കുക, പോസ്റ്റ് ക്വാളിഫിക്കേഷൻ ടെൻറർ അനുവദിയ്ക്കുക, ഇ-ടെൻഡറിംഗ്, ഇ-പ്രൊക്യുയർമെൻറ്, ഇ-പേമെൻറ് നടപ്പിലാക്കുക എന്നിവയിലൂടെ ടെൻറർ നടപടി ക്രമങ്ങൾ പരിഷ്ക്കരി യ്ക്കുക. പ്രോജക്ടിൻെറ വിവിധ പ്രവർത്തനങ്ങൾ വിലയിരുത്തുന്നതിന് ഒരു സ്വതന്ത്ര ഏജൻസിയെ നിയമിയ്ക്കുക. ധനകാര്യ വകുപ്പിൽ പ്രോജക്റ്റ് ഫിനാൻസ് സെൽ സൃഷ്ടിയ്ക്കുക, കണ്ടിൻജൻസി ഫണ്ട് വർദ്ധിപ്പി യ്ക്കുക, പ്രോജക്റ്റു കൾക്കുള്ള ആശയം നൽകുക, പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കുക, പ്രോജക്ട്കൾക്ക് പണം നൽകുക എന്നീ പ്രവർത്തനങ്ങൾക്കായുള്ള ഒരു അസറ്റ് മാനേജ്മെൻറ് കമ്പനിയായി കേരള ലോക്കൽ ഗവൺമെൻറ് ഡെവലപ്മെൻറ് ഫണ്ടിനെ പരിഗണിയ്ക്കാനുള്ള സാദ്ധ്യത പരിശോധിക്കുക |

| | | |
|---|---|---|
| (സി) | റിപ്പോർട്ടിലെ ശുപാർശകൾ നടപ്പാക്കുന്നതിന് സർക്കാർ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ ? | റിപ്പോർട്ടിലെ ശുപാർശകൾ പരിശോധിക്കുന്നതിനായി അഡീഷണൽ ചീഫ് സെക്രട്ടറി (ധനകാര്യം) അദ്ധ്യക്ഷനായിട്ടുള്ള ഒരു കമ്മിറ്റി രൂപീകരിച്ചു. പ്രസ്തുത കമ്മിറ്റി മേൽപടി റിപ്പോർട്ടിലെ ശുപാർശകൾ പരിശോധിച്ചു വരുന്നു. |
| (ഡി) | സ്വകാര്യ- പൊതു പങ്കാളിത്തോടെയുള്ള പദ്ധതികൾ സംസ്ഥാനത്ത് എങ്ങനെ നടപ്പാക്കണമെന്നതു സംബന്ധിച്ച് പഠിക്കുന്നതിനും ഈ കമ്മിറ്റിയെ ചുമതലപ്പെടുത്തിയിട്ടുണ്ടോ; എങ്കിൽ ഇതു സംബന്ധിച്ച് റിപ്പോർട്ട് ലഭിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ ? | ചുമതലപ്പെടുത്തിയിട്ടില്ല. |

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ

പതിനഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം. *14. | 29-06-2010 ൽ മറുപടിയ്ക്ക്

<u>കണ്ണൂർ വിമാനത്താവള നിർമ്മാണം</u>

| <u>ചോദ്യം</u> | <u>ഉത്തരം</u> |
|---|---|
| ശ്രീ. എം. പ്രകാശൻ മാസ്റ്റർ, ശ്രീ. പി. ജയരാജൻ, ശ്രീമതി. കെ.കെ.ശൈലജ ടീച്ചർ, ശ്രീ. സി.കെ.പി. പത്മനാഭൻ. | ശ്രീ. വി. എസ്. അച്യുതാനന്ദൻ, (മുഖ്യമന്ത്രി) |
| (എ) കണ്ണൂർ വിമാനത്താവള നിർമ്മാണവുമായി ബന്ധപ്പെട്ട നടപടികളുടെ പുരോഗതി വ്യക്തമാക്കുമോ ; | (എ) കണ്ണൂർ അന്താരാഷ്ട്ര വിമാനത്താവള പദ്ധതിയ്ക്കായി ഇതിനകം 916 ഏക്കർ ഭൂമി ഏറ്റെടുത്ത് കഴിഞ്ഞിട്ടുണ്ട്. കൺസൾട്ടന്റിനെ തിരഞ്ഞെടുക്കുന്നതിനുള്ള നടപടിക്രമങ്ങൾ ആരംഭിച്ചിട്ടുണ്ട്. ആഗസ്റ്റ് മാസം ആദ്യത്തോടെ കൺസൾട്ടന്റിനെ തിരഞ്ഞെടുത്ത് നിയമിക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു. പദ്ധതിയുടെ നിർമ്മാണത്തിന്റേയും നടത്തിപ്പിന്റേയും ചുമതല മുഖ്യമന്ത്രി ചെയർമാനായും, ആഭ്യന്തര - ധന- റെവന്യൂ- വ്യവസായ വകുപ്പ് മന്ത്രിമാരും. |

ഉദ്യോഗസ്ഥരും അംഗങ്ങളായുള്ള സംസ്ഥാന സർക്കാരിന്റെ നേതൃത്വത്തിലുള്ള കണ്ണൂർ അന്താരാഷ്ട്ര വിമാനത്താവളം എന്ന ലിമിറ്റഡ് കമ്പനിക്കായിരിക്കും. വ്യോമയാന പ്രവർത്തനങ്ങൾക്ക് പുറമേ ഉദ്ദേശിക്കുന്ന വ്യോമയാനേതര പ്രവർത്തനങ്ങൾ (ഐ.റ്റി.പാർക്ക്, കയറ്റുമതികേന്ദ്രം മുതലായവ) മുഖേന തികച്ചും ലാഭകരമായ ഒരു പദ്ധതിയായിരിക്കും കണ്ണൂരിലെ നിർദ്ദിഷ്ട അന്താരാഷ്ട്ര വിമാനത്താവളം. എയർപോർട്ടിനെ പ്രധാന ടൗണുകളും വിനോദസഞ്ചാര കേന്ദ്രങ്ങളുമായി ബന്ധിപ്പിക്കുന്ന റോഡുകളുടെ നിർമ്മാണപദ്ധതികളും തടസ്സമില്ലാതെ പരമാവധി വേഗത്തിൽ പുരോഗമിക്കുന്നു. 2010 നവംബർ ഒന്നിന് പദ്ധതിയുടെ നിർമ്മാണ പ്രവർത്തനങ്ങളുടെ ആരംഭം കുറിക്കുവാനാണ് ഉദ്ദേശിക്കുന്നത്.

(ബി) പദ്ധതിയുടെ പ്ലാനും എസ്റ്റിമേറ്റും തയ്യാറാക്കുന്നതിന് ഏതു കൺസൽട്ടൻസിയെ യാണ് ചുമതലപ്പെടുത്തി യിട്ടുള്ളത് ;

(ബി) കൺസൽട്ടന്റിനെ തിരഞ്ഞെടുക്കുന്നതിനുള്ള നടപടി ക്രമങ്ങൾ ആരംഭിച്ചിട്ടുണ്ട്. 2010 ആഗസ്റ്റ് മാസം ആദ്യത്തോടെ കൺസൽട്ടന്റിനെ തിരഞ്ഞെടുത്ത് നിയമിക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

(സി) പദ്ധതിക്കായി ഇതിനകം എത്ര ഏക്കർ ഭൂമി ഏറ്റെടുത്തു; ഇനി എത്ര ഏക്കർ ഭൂമി ഏറ്റെടുക്കാനുണ്ട്.

(സി) പദ്ധതിക്കായി മൊത്തം ആവശ്യമുള്ള 2000 ഏക്കർ ഭൂമിയിൽ 916 ഏക്കർ ഭൂമി ഏറ്റെടുത്തു കഴിഞ്ഞു. ബാക്കി ഭൂമി ഘട്ടംഘട്ടമായി ഏറ്റെടുക്കുന്ന ജോലികൾ ദ്രുതഗതിയിൽ നടന്നുവരുന്നു.

(ഡി) വിമാനത്താവള കമ്പനിയുടെ മൂലധനം എത്രകോടി രൂപയായിരിക്കും ; ഇത് എങ്ങനെ സ്വരൂപിക്കാനാണ് ഉദ്ദേശിക്കുന്നത്.

(ഡി) കമ്പനിയുടെ അംഗീകൃത മൂലധനം 1000 കോടി രൂപയാണ്. മൂലധനത്തിന്റെ 26% ഭൂമിയായി സംസ്ഥാന സർക്കാരിന്റെ ഓഹരിയായിരിക്കും. 23% ഓഹരി പൊതുമേഖലാ സ്ഥാപനങ്ങളിൽ നിന്നും 2% സർക്കാരിന് ഓഹരിയുള്ള മറ്റ് സ്ഥാപനങ്ങളിൽ നിന്നും 49% ഓഹരി സഹകരണ സ്ഥാപനങ്ങൾ ഉൾപ്പെടെയുള്ള സർക്കാരിതര സ്ഥാപനങ്ങളിൽ നിന്നും വ്യക്തികളിൽ നിന്നും സ്വരൂപിക്കാനാണ് തീരുമാനിച്ചിട്ടുള്ളത്.

(ഇ) വിമാനത്താവള നിർമ്മാണം എന്നത്തേയ്ക്ക് ആരംഭിക്കാനാണ് ലക്ഷ്യമിട്ടിട്ടുള്ളതെന്ന് വെളിപ്പെടുത്തുമോ ?

(ഇ) രണ്ടായിരത്തി പത്ത് നവംബർ ഒന്നിന് പദ്ധതിയുടെ നിർമ്മാണ പ്രവർത്തനങ്ങളുടെ ആരംഭം കുറിക്കുവാനാണ് സർക്കാർ തീരുമാനം.

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ

പതിനഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം.15 29.6.2010 ൽ മറുപടിയ്ക്ക്

## കേരള സ്റ്റേറ്റ് ഫിനാൻഷ്യൽ എന്റർപ്രൈസസിന്റെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനും വിപുലീകരിക്കുന്നതിനും നടപടി

ചോദ്യം

ശ്രീ.മഞ്ഞളാംകുഴി അലി

ശ്രീ.വി.ചെന്താമരാക്ഷൻ

ശ്രീ.കെ.കെ.ദിവാകരൻ

ശ്രീ.സി.എച്ച്.കുഞ്ഞമ്പു

ഉത്തരം

ഡോ.റ്റി .എം.തോമസ് ഐസക്ക്

(ധനകാര്യ വകുപ്പു മന്ത്രി)

| | | | |
|---|---|---|---|
| (എ) | കേരള സ്റ്റേറ്റ് ഫിനാൻഷ്യൽ എന്റർപ്രൈസസിന്റെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനും വിപുലീകരിക്കുന്നതിനുമായി സർക്കാർ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ; | (എ) | 2006ൽ ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷമാണ് കെ.എസ്.എഫ്.ഇ.യുടെ പ്രധാന ബിസിനസ് ഉൽപ്പന്നമായ ചിട്ടി സലാ 159 കോടി രൂപയിൽ നിന്ന് 515 കോടി രൂപയായതും, വിറ്റുവരവ് ഏകദേശം 4000 കോടിയിൽ നിന്ന് 10,700/-കോടി രൂപയായതും, ശാഖകളുടെ എണ്ണം 266ൽ നിന്നും 340 ആയും വികസിപ്പിക്കാൻ കഴിഞ്ഞത്. 2010ൽ ആർജ്ജിക്കേണ്ട ബിസിനസ് ലക്ഷ്യങ്ങളും, സ്ഥാപനമെന്ന നിലയിൽ നേടിയെടുക്കേണ്ട ലക്ഷ്യങ്ങളും കോർത്തിണക്കി കൊണ്ടാണ് വിഷൻ-2010 എന്ന മാർഗ ദർശന രേഖ ആവിഷ്ക്കരിച്ചത്.<br>2010 ൽ പ്രതിമാസ ചിട്ടി ബിസിനസ് 500കോടി രൂപ സലയും, വാർഷിക വിറ്റുവരവ് 10,000/-കോടി രൂപയുമാക്കുകയെന്നതായിരുന്ന വിഷൻ-2010 ന്റെ മുഖ്യ ബിസിനസ് ലക്ഷ്യം. 08-05-2008 ൽ സർക്കാർ കെ.എസ്.എഫ്.ഇ.യ്ക്ക് സ്വയംഭരണാവകാശവും പുനഃസംഘാടനത്തിനുള്ള അംഗീകാരവും നൽകുകയുണ്ടായി. ഇതനുസരിച്ച് ഒരിക്കൽ ബഡ്ജറ്റ് അംഗീകരിച്ചാൽ അതിനുള്ളിൽ നിന്ന് പ്രവർത്തിക്കാനുള്ള സാമ്പത്തിക അധികാരവും കെ.എസ്.എഫ്.ഇ.യ്ക്ക് ലഭിക്കുകയുണ്ടായി. ഇതനുസരിച്ച് ബിസിനസിലും ശാഖകളുടെ എണ്ണത്തിലും വർദ്ധനവുണ്ടാവുകയുംബ്രാൻഡഡ് ചിട്ടികൾ ഉൾപ്പെടെ പുതിയ പദ്ധതികൾ ആവിഷ്ക്കരിച്ച് നടപ്പിലാക്കാനും, അതിലൂടെ ചിട്ടി വരിക്കാരുടെ എണ്ണം 7 ലക്ഷത്തിൽ നിന്ന് 14 ലക്ഷമായി ഉയർത്താനും കഴിഞ്ഞു. ഇതിനു പുറമെ കണ്ണൂർ, കോട്ടയം എന്നീ രണ്ട് മേഖലാ ഓഫീസുകൾ പുതിയതായി പ്രവർത്തിപ്പിക്കുവാനും കഴിഞ്ഞു. പുനഃസംഘടന |

| | | | |
|---|---|---|---|
| | | | വഴി സ്ഥാപനത്തെ ബിസിനസ്, ഫിനാൻസ്, പേഴ്സണൽ & ഹ്യൂമൺ റിസോഴ്സസ്, ഇന്റേണൽ ഓഡിറ്റ് & വിജിലൻസ് എന്നീ നാല് ഡിപ്പാർട്ടുമെന്റുകളിലായി കേന്ദ്രീകരിച്ച് പ്രവർത്തനമാരംഭിക്കുവാൻ കഴിഞ്ഞു. 05-03-10 മുതൽ 20-04-10 വരെ 43 ശാഖകൾ കമ്പ്യൂട്ടർവൽക്കരിക്കുവാൻ കഴിഞ്ഞു. ഉപഭോക്തൃ സേവന രംഗം മെച്ചപ്പെടുത്തുന്നതിൽ വലിയ മാറ്റങ്ങൾ കൊണ്ടുവരാൻ ഈ സർക്കാരിന് കഴിഞ്ഞു.<br>സർക്കാർ ജീവനക്കാർക്ക് അനുയോജ്യമായ ജാമ്യ വ്യവസ്ഥകളാണ് കെ.എസ്.എഫ്.ഇ. നൽകിയിട്ടുള്ളത്. ഇടപാടുകാരന്റെ സാമ്പത്തിക സ്ഥിതി വ്യക്തമാക്കുന്ന രേഖകളുടെ അടിസ്ഥാനത്തിൽ ചിട്ടിപ്പണം കൊടുക്കാമെന്ന പുതിയ രീതി ആവിഷ്ക്കരിക്കപ്പെട്ടു. ഇതോടൊപ്പം വസ്തു ജാമ്യ വ്യവസ്ഥയിലും ജാമ്യവസ്തുവിന്റെ വില നിർണ്ണയം മാർക്കറ്റ് വിലയെ അടിസ്ഥാനപ്പെടുത്തികൊണ്ടുള്ളതുമാക്കി. കൂടാതെ സ്ഥിര വരുമാനമുള്ള എന്നതിന്റെ തെളിവിലേക്കായി രേഖകൾ ഹാജരാക്കാൻ സാധിക്കാത്ത നിലയിലുള്ള ഇടപാടുകാരെ കൂടി 24,000/- രൂപ വരെയുള്ള ബാദ്ധ്യതയ്ക്കായി പരിഗണിക്കുവാനും കഴിഞ്ഞു. മാസവരുമാനക്കാരല്ലാത്ത കേരളീയരെ ഉദ്ദേശിച്ച് ആഴ്ച ചിട്ടികളും ആവിഷ്ക്കരിക്കുകയുണ്ടായി. ഇതിന്റെ തുടർച്ചയായി ദിവസച്ചിട്ടികൾ ആരംഭിക്കുവാനും ആലോചിച്ച് വരുന്നു. ജീവനക്കാരുടെ സേവന വേതന വ്യവസ്ഥയിൽ പരിഷ്ക്കരണം കൊണ്ടുവരുവാനും ഈ സർക്കാരിന് സാധിച്ചു. |
| (ബി) | ഈ സർക്കാർ വന്നശേഷം കെ.എസ്.എഫ്.ഇ. പുതുതായി എത്ര ബ്രാഞ്ചുകൾ ആരംഭിച്ചു; ഈ വർഷം പുതുതായി ബ്രാഞ്ചുകൾ ആരംഭിക്കുന്നതിന് സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ; | (ബി) | ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം കെ.എസ്.എഫ്.ഇ. പുതിയതായി 70 ശാഖകൾ ആരംഭിച്ചു. ബഡ്ജറ്റ് പ്രസംഗത്തിൽ പ്രഖ്യാപിച്ചിട്ടുള്ള 50 പുതിയ ശാഖകൾ ഉടൻ ആരംഭിക്കുന്നതാണ്. |
| (സി) | വിദേശ രാജ്യങ്ങളിൽ ചിട്ടി നടത്തുന്നതിന് സബ്സിഡിയർ കമ്പനി ആരംഭിക്കുന്നതിനുള്ള നടപടികൾ ഇപ്പോൾ ഏതു ഘട്ടത്തിലാണ്; | (സി) | സബ്സിഡിയർ കമ്പനി ആരംഭിക്കുന്നതിനുള്ള നിർദ്ദേശം സർക്കാരിന്റെ പരിഗണനയിലാണ്. |

| | | | |
|---|---|---|---|
| (ഡി) | കെ.എസ്.എഫ്. ഇ. ഇപ്പോൾ നടത്തുന്ന വായ്പാ പദ്ധതികൾ ഏതെല്ലാമാണ്; | (ഡി) | കെ.എസ്.എഫ്.ഇ. ഇപ്പോൾ നടത്തുന്ന വായ്പാ പദ്ധതികൾ ചുവടെ ചേർക്കുന്നു.<br>1) ന്യൂ ചിട്ടി ലോൺ - ചിട്ടി വിളിച്ചെടുക്കാത്ത വരിക്കാരുടെ പെട്ടെന്നുണ്ടാകുന്ന സാമ്പത്തിക ആവശ്യങ്ങൾ നിവർത്തിക്കാനുള്ള വായ്പാ പദ്ധതി.<br>2) പാസ് ബുക്ക് ലോൺ - ചിട്ടി പാസ് ബുക്ക് ജാമ്യമായി സ്വീകരിച്ച് ചിട്ടി പിടിക്കാത്ത വരിക്കാർക്ക് വായ്പ നൽകുന്ന പദ്ധതി.<br>3) റിലയബിൾ കസ്റ്റമർ ലോൺ - വിശ്വസ്തരായ ഇടപാടുകാർക്ക് നൽകുന്ന വ്യക്തിഗത വായ്പാ പദ്ധതി.<br>4) കൺസ്യൂമർ വെഹിക്കിൾ ലോൺ - ഗൃഹോപകരണങ്ങളും വാഹനങ്ങളും വാങ്ങുന്നതിന് നൽകുന്ന വായ്പാ പദ്ധതി.<br>5) ഗോൾഡ് ലോൺ- സ്വർണ്ണാഭരണങ്ങൾ ജാമ്യമായി സ്വീകരിച്ചു കൊണ്ട് നൽകുന്ന വായ്പ.<br>6) സ്പെഷ്യൽ കാർ ലോൺ - കാർ വാങ്ങുന്നതിന് നൽകുന്ന വായ്പ.<br>7) ന്യൂ ഹൗസിംഗ് ഫിനാൻസ് സ്കീം - വീട് വാങ്ങുന്നതിനും വയ്ക്കുന്നതിനും നൽകുന്ന വായ്പ.<br>8) ഫ്ലെക്സി ട്രേഡ് ലോൺ - കച്ചവട ആവശ്യങ്ങൾക്ക് നൽകുന്ന വായ്പ.<br>9) ഫിക്സഡ് ഡിപ്പോസിറ്റ് ലോൺ - സ്ഥിര നിക്ഷേപത്തിന്റെ 90% വരെ വായ്പയായി നൽകുന്ന പദ്ധതി.<br>10) സുഗമ അക്ഷയ ഓവർഡ്രാഫ്റ്റ് - ഓവർഡ്രാഫ്റ്റ് വായ്പ.<br>ഇതു കൂടാതെ ബ്രാൻഡഡ് ചിട്ടികളോടനുബന്ധിച്ച് ഏർപ്പെടുത്തിയിട്ടുള്ള പദ്ധതികളായ ക്രെഡിറ്റ് ലൈൻ ഓവർഡ്രാഫ്റ്റ്, വിവാഹ ആവശ്യത്തിനുള്ള വായ്പ, എന്നിവയും വായ്പ പദ്ധതികളിൽ പെടും. |
| (ഇ) | സ്വർണ്ണ വായ്പ പദ്ധതി എല്ലാ ബ്രാഞ്ചുകളിലും ആരംഭിക്കുമോ? | (ഇ) | കെ.എസ്.എഫ്.ഇ.യുടെ 340 ശാഖകളിൽ 290 ശാഖകളിലും ഈ പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. മുഴുവൻ ശാഖകളിലും ഈ പദ്ധതി നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |

Chandrika

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ

പതിനഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട
ചോദ്യം നമ്പർ 16

29/06/2010 - ൽ
മറുപടിക്ക്

## രണ്ടു രൂപയ്ക്ക് അരി നൽകുന്ന പദ്ധതി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. എ.കെ. ചന്ദ്രൻ :<br>ശ്രീ. എൻ. രാജൻ :<br>ശ്രീ. വി.എസ്. സുനിൽ കുമാർ :<br>ശ്രീ. പള്ളിപ്രം ബാലൻ : | ശ്രീ. സി. ദിവാകരൻ<br>(ഭക്ഷ്യവും, സിവിൽ സപ്ളൈസും മൃഗസംരക്ഷണവും വകുപ്പുമന്ത്രി) |
| എ) സംസ്ഥാനത്ത് രണ്ടു രൂപയ്ക്ക് അരി ഇപ്പോൾ എത്ര കുടുംബങ്ങൾക്ക് നൽകി വരുന്നുണ്ടെന്ന് വ്യക്തമാക്കുമോ ; | (എ) സംസ്ഥാനത്ത് ബി.പി.എൽ വിഭാഗത്തിൽപ്പെട്ട 14,63,970 കുടുംബങ്ങൾക്കും എ.എ.വൈ വിഭാഗത്തിൽപ്പെട്ട 5,82,015 കുടുംബങ്ങൾക്കും എ.പി.എൽ വിഭാഗത്തിൽപ്പെട്ട 5,51,332 കുടുംബങ്ങൾക്കും രണ്ടു രൂപ നിരക്കിൽ അരി നൽകി വരുന്നു. |
| ബി) ബി.പി.എൽ. കുടുംബങ്ങൾക്കും മറ്റു വിഭാഗങ്ങൾക്കും എത്ര കിലോ അരി വീതം നൽകുന്നുണ്ട് എന്ന് അറിയിക്കുമോ ; | (ബി) ബി.പി.എൽ വിഭാഗങ്ങൾക്ക് പ്രതിമാസം പരമാവധി 19 കിലോ അരിയും 6 കിലോ ഗോതമ്പും എ.എ.വൈ വിഭാഗങ്ങൾക്ക് പ്രതിമാസം 35 കിലോ അരിയും എ.പി.എൽ. വിഭാഗത്തിന് പരമാവധി 10 കിലോ ഭക്ഷ്യധാന്യങ്ങളും 2/- രൂപ നിരക്കിൽ വിതരണം ചെയ്തു വരുന്നു. |
| സി) പ്രസ്തുതപദ്ധതിയിൻകീഴിൽ ഏതെല്ലാം വിഭാഗങ്ങളെ ഉൾപ്പെടുത്തിയിട്ടുണ്ട് ; ഇനി ഏതെങ്കിലും വിഭാഗങ്ങളെ കൂടി പ്രസ്തുത പദ്ധതിയിൻകീഴിൽ കൊണ്ടു വരാനു ദ്ദേശിക്കുന്നുണ്ടോ ; എങ്കിൽ അവ ഏതെല്ലാം ജനവിഭാഗങ്ങളാണെന്ന് വെളിപ്പെടുത്തുമോ ; | (സി) ബി.പി.എൽ/എ.എ.വൈ. വിഭാഗത്തിൽപ്പെട്ട മുഴുവൻ കാർഡുടമകൾക്കും എ.പി.എൽ. വിഭാഗത്തിൽപ്പെട്ട പട്ടികജാതി/പട്ടിക വർഗ്ഗ, മത്സ്യത്തൊഴിലാളി, ആശ്രയ കുടുംബങ്ങൾക്കും അസംഘടിത മേഖലയിലെ തൊഴിലാളി കുടുംബങ്ങളിൽപ്പെട്ട കർഷകത്തൊഴിലാളി, കയർ, കശുവണ്ടി, ബീഡി, പനമ്പ്, ഈറ്റ, തോട്ടം, ഖാദി, കൈത്തറി, തഴപ്പായ നിർമ്മാണം, മൺപാത്ര നിർമ്മാണം എന്നീ വിഭാഗങ്ങളിൽപ്പെട്ട തൊഴിലാളികൾക്കും ദേശീയ തൊഴിലുറപ്പു |

പദ്ധതിയിൽ കുറഞ്ഞത് അമ്പതു ദിവസമെങ്കിലും പണിചെയ്തിട്ടുള്ളവർക്കും ഈ പദ്ധതി പ്രകാരം കിലോഗ്രാമിന് 2/- രൂപ നിരക്കിൽ ഭക്ഷ്യധാന്യങ്ങൾ നൽകി വരുന്നു. കൂടുതൽ വിഭാഗങ്ങളെ ഈ പദ്ധതിയിൽ ഉൾപ്പെടുത്തുന്നതു സംബന്ധിച്ച നിർദ്ദേശം ഇപ്പോൾ പരിഗണനയിലില്ല.

| | | | |
|---|---|---|---|
| ഡി) | ഒരു കുടുംബത്തിന് ആവശ്യമായ അരി മിതമായ നിരക്കിൽ നൽകുന്നതിന് ലക്ഷ്യമിട്ടിട്ടുണ്ടോ ; എങ്കിൽ അത് എന്നു മുതൽ നടപ്പാക്കുമെന്ന് വ്യക്തമാക്കുമോ ? | (ഡി) | നിലവിൽ ഒരു കുടുംബത്തിനാവശ്യമായ ഭക്ഷ്യ ധാന്യങ്ങൾകേന്ദ്ര സർക്കാർ തരുന്ന തോതിൽ മിതമായ നിരക്കിൽ നൽകി വരുന്നുണ്ട്. ഇത് കൂടാതെ കിലോയ്ക്ക് 13/- രൂപ നിരക്കിൽ അരി സപ്ലൈക്കോ വഴി യഥേഷ്ടം നൽകി വരുന്നുണ്ട്. |

സെക്ഷൻ ഓഫീസർ

## പന്ത്രണ്ടാം കേരള നിയമസഭ

## പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ: 17 29.06.2010-ൽ മറുപടിയ്ക്ക്

## ചന്ദന ഉത്പന്നങ്ങളുടെ വിപണനം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. ബാബു പോൾ<br>ശ്രീമതി. ഇ.എസ്. ബിജി മോൾ<br>ശ്രീ. കെ. രാജു<br>ശ്രീ. എൻ. അനിരുദ്ധൻ | ശ്രീ. ബിനോയ് വിശ്വം<br>(വനവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി) |

| | | |
|---|---|---|
| എ. | ചന്ദനമരങ്ങൾ സംരക്ഷിക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ; | എ. ചന്ദനമരങ്ങളുടെ പരിപൂർണ്ണ സംരക്ഷണം ലക്ഷ്യമാക്കി സ്വകാര്യഭൂമിയിലുള്ള ചന്ദനമരങ്ങൾ മുറിക്കുന്നതിനും വിൽക്കുന്നതിനും മാർഗ്ഗ നിർദ്ദേശങ്ങൾ പ്രതിപാദിച്ചുകൊണ്ടു വനനിയമത്തിൽ പുതിയ ഭേദഗതി വരുത്തിയിട്ടുണ്ട്. ചന്ദനമരങ്ങൾ കൂടുതൽ കാണപ്പെടുന്ന സ്ഥലങ്ങളിൽ കൂടുതൽ ജീവനക്കാരെ വിന്യസിച്ചും നിരന്തരം പട്രോളിംഗ് നടത്തിയും ചന്ദനസംരക്ഷണം കാര്യക്ഷമമാക്കുന്നു. മൂന്നാർ ഡിവിഷന്റെ കീഴിലുള്ള മുൻ മറയൂർ റെയിഞ്ചിൽപ്പെട്ട കേരളത്തിലെ ഏക ചന്ദനറിസർവ്വ് സംരക്ഷിക്കുന്നതിനായി ഒരു പ്രത്യേക ചന്ദന ഡിവിഷൻ രൂപീകരിച്ചു. 1400 ഹെക്ടറോളം വരുന്ന ഈ ചന്ദനറിസർവ്വ് ചെറിയ ബ്ലോക്കുകളാക്കി തിരിച്ച് ചന്ദന മോഷണം രൂക്ഷമായിരുന്ന ബ്ലോക്കുകൾക്കുചുറ്റും കമ്പിവേലി നിർമ്മിച്ച് ചന്ദനമര സംരക്ഷണം ഊർജ്ജിതപ്പെടുത്തി. ജീവനക്കാർ ഉൾക്കാടുകളിൽ ക്യാമ്പ് ചെയ്ത് നിരന്തരം പട്രോളിംഗ് നടത്തി രാത്രിയും പകലും സംരക്ഷണം ഉറപ്പുവരുത്തുന്നു. ചെക്ക് പോസ്റ്റുകളിൽ വാഹന പരിശോധന കർശനമായി നടത്തി കുറ്റകൃത്യങ്ങളിൽപ്പെട്ട വാഹനങ്ങളെ അപ്പപ്പോൾ പിടികൂടുന്നുണ്ട്. ജീവനക്കാർക്ക് വാർത്താവിനിമയ ഉപകരണങ്ങൾ, ആയുധങ്ങൾ, വാഹനങ്ങൾ എന്നിവ നൽകി സജ്ജരാക്കിയിട്ടുണ്ട്. 24 വനസംരക്ഷണ സമിതികൾ രൂപീകരിച്ച് ചന്ദന സംരക്ഷണത്തിന് ജനങ്ങളുടെ പങ്കാളിത്തം ഉറപ്പുവരുത്തുന്നുണ്ട്. സംസ്ഥാനത്ത് അനധികൃതമായി പ്രവർത്തിച്ചിരുന്ന 23 ചന്ദനതൈല |

| | | | |
|---|---|---|---|
| | | | ഫാക്ടറികളുടെ പ്രവർത്തനം നിർത്തിവയ്പ്പിച്ചു. 2006 മുതൽ വർഷം തോറും ദക്ഷിണേന്ത്യൻ സംസ്ഥാനങ്ങളിലെ മന്ത്രിമാരുടേയും ഉന്നതഉദ്യോഗസ്ഥരുടേയും യോഗം സംഘടിപ്പിച്ച് അന്തർ സംസ്ഥാനതലത്തിൽ ചന്ദനമോഷണം തടയുന്നതിനുള്ള നടപടികൾ സ്വീകരിച്ചു. കുറ്റകൃത്യങ്ങളെ ക്കുറിച്ച് ഡിപ്പാർട്ടുമെന്റിനെ അറിയിക്കുവാൻ ടോൾഫ്രീ ടെലിഫോൺ കണക്ഷൻ ആരംഭിച്ചു (1800 - 4254733). മറയൂർ ഭാഗത്തെ ചന്ദനമോഷണം സംബന്ധിച്ച് ബഹു. വനം വകുപ്പുമന്ത്രിയുടെ ഓഫീസിൽ ദൈനംദിന റിപ്പോർട്ട് നൽകുകവഴി ഉന്നതതലത്തിൽ ചന്ദനസംരക്ഷണത്തെപ്പറ്റി അവലോകനം നടത്തുവാനും അതുവഴി ചന്ദന സംരക്ഷണം കൂടുതൽ ഫലപ്രദമാക്കാനും സാധിച്ചിട്ടുണ്ട്. ചന്ദന മരങ്ങളുടെ സംരക്ഷണം കൂടുതൽ ഊർജ്ജിതമാക്കു ന്നതിനുവേണ്ടി ഡോഗ് സ്ക്വാഡ് രൂപീകരിക്കുന്നതിനുള്ള നടപടികൾ പുരോ ഗമിക്കുന്നു. |
| ബി. | പൊതുമേഖലയിൽ ചന്ദന ഫാക്ടറി തുടങ്ങുന്ന കാര്യം പരിഗണനയിലുണ്ടോ; ഉണ്ടെങ്കിൽ അതിന്റെ നടപടിക്രമങ്ങൾ ഏതുവരെ യായിട്ടുണ്ടെന്ന് വെളിപ്പെ ടുത്തുമോ: | ബി | പൊതുമേഖലയിൽ ചന്ദന ഫാക്ടറി തുടങ്ങുവാൻ സർക്കാർ തീരുമാനിച്ചിട്ടുണ്ട്. കേരളാ വനവികസന കോർപ്പറേഷന്റെ കീഴിൽ ഒരു ചന്ദനഫാക്ടറി സ്ഥാപിക്കുന്നതിനുള്ള ഭരണാനുമതി 31.5.2010 ലെ ജി.ഒ. (എം.എസ്.) നം. 27/2010/F&WLD പ്രകാരം സർക്കാർ നൽകിയിട്ടുണ്ട്. സർക്കാർ ഉത്തരവിലെ വ്യവസ്ഥകൾ പാലിച്ചുകൊണ്ട് ചന്ദനഫാക്ടറി സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |
| സി. | സ്വകാര്യ ഭൂമിയിലെ ചന്ദന മരങ്ങളുടെ വിപണനത്തിന്മേ ലുള്ള സർക്കാർ നിയന്ത്രണങ്ങൾ എന്തെ ല്ലാമാണെന്ന് വിശദമാക്കു മോ; | സി | നിലവിലുള്ള ചട്ടങ്ങൾ പ്രകാരം സർക്കാരിൽ നിന്നോ അല്ലെങ്കിൽ നിയമപ്രകാരം പ്രാധികാരം ചെയ്യപ്പെട്ട ഉദ്യോഗസ്ഥനിൽ നിന്നോ അല്ലാതെ ചന്ദനതൈലമോ, ചന്ദനതടിയോ, വാങ്ങുവാനോ സ്വീകരിക്കുവാനോ, ആർജ്ജിക്കുവാനോ പാടുള്ളതല്ല. നിയമത്തിൽ പ്രാധികാരം ചെയ്യപ്പെട്ട ഉദ്യോഗസ്ഥന്റെ രേഖാമൂലമുള്ള അനുമതി ഇല്ലാതെ കൈവശത്തിലോ ഉടമസ്ഥതയിലോ ഉള്ള ഭൂമിയിൽ നിന്നും യാതൊരു ചന്ദനമരവും മുറിക്കാനോ, നീക്കം ചെയ്യാനോ, വിൽക്കാനോ പാടില്ല. |
| ഡി. | പൊതുമേഖലാ സ്ഥാപന ങ്ങൾക്ക് ചന്ദനം നൽകു | ഡി. | മറയൂർ ചന്ദനഡിവിഷനിൽ കാലാകാലം നടത്തുന്ന ചന്ദനലേലത്തിൽ പൊതുമേഖലാ സ്ഥാപനങ്ങൾക്കും |

| | | | |
|---|---|---|---|
| | നതിന് സ്വീകരിച്ചിട്ടുള്ള മാനദണ്ഡങ്ങൾ എന്തെല്ലാം? | | പങ്കെടുക്കാവുന്നതാണ്. 13.6.2007 ലെ 39/2007/വനം നമ്പരായ സർക്കാർ ഉത്തരവിലെ നിബന്ധനകൾക്ക് വിധേയമായി പൊതുമേഖലാ സ്ഥാപനങ്ങൾ, സർക്കാർ സഹോദര വകുപ്പുകൾ, ആരാധനാലയങ്ങൾ, വിദ്യാഭ്യാസ സ്ഥാപനങ്ങൾ എന്നിവയ്ക്കും ലേലത്തിൽ പങ്കെടുക്കാതെ ചന്ദനം ലഭ്യമാക്കുന്നുണ്ട്. തൊട്ടുമുമ്പ് നടന്ന ചന്ദന ലേലത്തിൽ ലഭിച്ച ശരാശരി വിലയുടെ 25% കൂടി കൂട്ടി വില കണക്കാക്കി അതിന്മേൽ 21% സെന്റേജും മറ്റു നികുതികളും ഈടാക്കിയാണ് ഇപ്രകാരം ചന്ദനം നൽകുന്നത്. |
| ഇ. | ചന്ദന ഉപഭോക്താക്കൾക്ക് വീട്ടെയിൽ വില്പന സമ്പ്രദായാടിസ്ഥാനത്തിൽ ചന്ദനം ലഭ്യമാക്കുന്നതിനുദ്ദേശിക്കുന്നുണ്ടോ; | ഇ. | പരിഗണനയിലില്ല. |
| എഫ്. | പൊതുമേഖലാ സ്ഥാപനങ്ങളിലെ ചന്ദനത്തിന്റെ വിലയും സ്വകാര്യ ഭൂമിയിൽനിന്ന് വാങ്ങുന്ന ചന്ദനത്തിന്റെ വിലയും തമ്മിൽ വ്യത്യാസമുണ്ടോ; ഉണ്ടെങ്കിൽ ആയത് ഏകീകരിക്കുന്ന കാര്യം പരിഗണിക്കുമോ? | എഫ് | പൊതുമേഖലാ സ്ഥാപനങ്ങൾ ചന്ദനത്തിന്റെ വില്പനവില നിശ്ചയിക്കുന്നത് ചന്ദനം വാങ്ങിയവില, നികുതികൾ, സംസ്കരണ ചിലവ്, വില്പന സംബന്ധിച്ച ചിലവുകൾ, മുതൽമുടക്കിന്റെ പലിശ, ലാഭം എന്നിവ കണക്കിലെടുത്തുകൊണ്ടാണ്. ആയതിനാൽ പൊതുമേഖലാ സ്ഥാപനങ്ങളിലെ ചന്ദനത്തിന്റെ വിലയും സ്വകാര്യ ഭൂമിയിൽ നിന്നും വാങ്ങുന്ന ചന്ദനത്തിന്റെ വിലയും തമ്മിൽ സ്വാഭാവികമായും വ്യത്യാസം ഉണ്ടായിരിക്കും. അതുകൊണ്ടുതന്നെ ഈ വിലകൾ ഏകീകരിക്കുന്ന കാര്യം പ്രായോഗികമല്ല. |

സെക്ഷൻ ഓഫീസർ

# പന്ത്രണ്ടാം കേരള നിയമസഭ

## പതിനഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം. 18 — 29.06.2010-ൽ മറുപടിക്ക്

## ദേശീയപാത വികസന നയം

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി :<br>ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി :<br>ശ്രീ. പി.കെ. അബ്ദുറബ്ബ് : | ശ്രീ. ടി.എം. തോമസ് ഐസക്ക്<br>(ധനകാര്യ വകുപ്പു മന്ത്രി) |
| (എ) ദേശീയപാത വികസനം സംബന്ധിച്ച നയം വ്യക്തമാക്കുമോ ; | (എ) ബി.ഒ.റ്റി. ഒഴിവാക്കി ടോൾഫ്രീയായി കേരളത്തിലെ ദേശീയപാതകൾ വികസിപ്പിക്കുക എന്നതാണ് സർക്കാരിന്റെ പ്രധാന നയം. ജനങ്ങളുടെ ബുദ്ധിമുട്ട് പരമാവധി കുറച്ചുകൊണ്ട് ദേശീയപാത 47, 17 എന്നിവ നാല്/ആറ് വരിപ്പാതയാക്കി ഉയർത്തുക, ഭൂമി ഏറ്റെടുക്കുന്നതു മൂലം ദുരിതമനുഭവിക്കേണ്ടി വരുന്നവർക്ക് പുനരധിവാസ പദ്ധതി നടപ്പിലാക്കുക, ബി.ഒ.റ്റി. സമ്പ്രദായം ഒഴിവാക്കുക എന്നിവയാണ് സർക്കാരിന്റെ പ്രധാന സമീപനങ്ങൾ. |
| (ബി) ഇക്കാര്യത്തിൽ ജനങ്ങളുടെ ആശങ്കയും ബുദ്ധിമുട്ടും പരിഹരിക്കുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കുമോ ;<br><br>(സി) ദേശീയപാതകളുടെ വികസനം വഴി പാതകൾക്ക് ചുങ്കം ചുമത്തേണ്ടി (ബി.ഒ.റ്റി. പാത) വരുന്നത് ഒഴിവാക്കാൻ സംസ്ഥാന സർക്കാർ എന്തെല്ലാം മാർഗ്ഗങ്ങൾ സ്വീകരി-ക്കുമെന്ന് വ്യക്തമാക്കുമോ ? | **(ബി) യും (സി) യും**<br><br>ദേശീയപാതയുടെ വീതി 30 മീറ്ററാക്കി ചുരുക്കണമെന്നും ബി.ഒ.ടി. വ്യവസ്ഥ ഒഴിവാക്കണമെന്നും പുനരധിവാസ പദ്ധതി നടപ്പിലാക്കണമെന്നും ആവശ്യപ്പെട്ടുകൊണ്ട് ബഹു. മുഖ്യമന്ത്രിയുടെ നേതൃത്വത്തിൽ സർവ്വകക്ഷി സംഘം ബഹു. പ്രധാനമന്ത്രിയെ കണ്ട് മെമ്മോറാണ്ടം നൽകിയിരിക്കുകയാണ്. സമഗ്രമായ ഒരു പുനരധിവാസ പാക്കേജ് കേന്ദ്ര സർക്കാരിന്റെ പരിഗണനയ്ക്കായി സമർപ്പിച്ചിട്ടുണ്ട്. ഇവയോടുള്ള കേന്ദ്ര സർക്കാരിന്റെ രേഖാമൂലമുള്ള പ്രതികരണം ഇതുവരെ ലഭിച്ചിട്ടില്ല. ആയത് ലഭിച്ചതിനു ശേഷം തുടർ നടപടികൾ സ്വീകരിക്കുന്നതാണ്. ജനങ്ങളുടെ ആശങ്കയും ബുദ്ധിമുട്ടും ഇല്ലാതാക്കിക്കൊണ്ട് ദേശീയപാതാ വികസന പദ്ധതി നടപ്പിലാക്കാനാണ് സർക്കാർ ശ്രമിക്കുന്നത്. |

സെക്ഷൻ ഓഫീസർ

## പന്ത്രണ്ടാം കേരള നിയമസഭ

പതിനഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം. 19 — 29.06.2010-ൽ മറുപടിക്ക്

## ദേശീയപാതയുടെ വീതി

| ചോദ്യം | ഉത്തരം |
|---|---|
| **ശ്രീ. എ.എം. ആരിഫ് :**<br>**ശ്രീ. സി.കെ. സദാശിവൻ:**<br>**ശ്രീ.ആനത്തലവട്ടം ആനന്ദൻ :**<br>**ശ്രീ.എ. പ്രദീപ് കുമാർ :** | **ശ്രീ.വി.എസ്. അച്യുതാനന്ദൻ**<br>**(മുഖ്യമന്ത്രി)** |
| (എ) കേരളത്തിലെ ദേശീയ പാതയുടെ വീതി 30 മീറ്ററായി ചുരുക്കുന്നതിന് മുഖ്യമന്ത്രിയുടെ നേതൃത്വത്തിൽ പ്രധാനമന്ത്രിയ്ക്ക് നിവേദനം നൽകിയ സർവ്വകക്ഷി സംഘത്തിന് എന്തെങ്കിലും ഉറപ്പ് ലഭിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം വ്യക്തമാക്കുമോ ; | (എ) രേഖാമൂലം യാതൊരു ഉറപ്പും ലഭിച്ചിട്ടില്ല. |
| (ബി) ദേശീയപാതയുടെ വികസനവുമായി ബന്ധപ്പെട്ട് എന്തെല്ലാം പ്രശ്നങ്ങളാണ് നിവേദക സംഘം പ്രധാനമന്ത്രി മുൻപാകെ അവതരിപ്പിച്ചത് എന്ന് വിശദമാക്കുമോ ; | (ബി) ദേശീയപാതയുടെ വീതി 45 മീറ്ററിൽ നിന്നും 30 മീറ്ററായി കുറയ്ക്കുക. ബി.ഒ.ടി. വ്യവസ്ഥ ഒഴിവാക്കി കേന്ദ്ര സർക്കാർ നേരിട്ട് ടോൾഫ്രീയായി പദ്ധതി നടപ്പാക്കുക, സ്ഥലമെടുപ്പിനെ തുടർന്ന് വീടും ഉപജീവന മാർഗ്ഗങ്ങളും നഷ്ടപ്പെടുന്നവരുടെ ബുദ്ധിമുട്ടുകൾ പരിഹരിച്ച് പുനരധിവാസ പാക്കേജ് നടപ്പാക്കുക തുടങ്ങിയവയാണ് നിവേദക സംഘം പ്രധാനമന്ത്രിയുടെ മുൻപാകെ അവതരിപ്പിച്ച പ്രശ്നങ്ങൾ. |
| (സി) ദേശീയപാതയുടെ വീതി കുറയ്ക്കുന്ന കാര്യം കേന്ദ്ര സർക്കാർ അംഗീകരിക്കാത്ത സാഹചര്യത്തിൽ ഇക്കാര്യത്തിൽ സ്വീകരിക്കാനുദ്ദേശിക്കുന്ന നടപടികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ ? | (സി) ദേശീയപാതയുടെ വീതി കുറയ്ക്കണമെന്ന ആവശ്യം സംബന്ധിച്ച് കേന്ദ്രസർക്കാരിന്റെ പ്രതികരണം ലഭ്യമായിട്ടില്ല. ആയത് ലഭിച്ചശേഷം മാത്രമായിരിക്കും തുടർ നടപടികൾ സംബന്ധിച്ച് അന്തിമ തീരുമാനം കൈക്കൊള്ളുന്നത്. |

**സെക്ഷൻ ഓഫീസർ**

പന്ത്രണ്ടാം കേരള നിയമസഭ

പതിനഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട
ചോദ്യം നമ്പർ. 20

29.06.2010-ൽ മറുപടി പറയേണ്ടത്

## വിവിധ ക്ഷേമപദ്ധതികൾ പ്രകാരം ലഭിക്കേണ്ട പെൻഷനുകളുടെ കുടിശ്ശിക

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. കെ.കെ. ജയചന്ദ്രൻ<br>ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ<br>ശ്രീ. ടി.പി. കുഞ്ഞുണ്ണി<br>ശ്രീ. കെ.സി. രാജഗോപാലൻ | ബഹു. ധനകാര്യ വകുപ്പ് മന്ത്രി |

| ചോദ്യം | മറുപടി |
| --- | --- |
| (എ) വിവിധ ക്ഷേമ പദ്ധതികൾ പ്രകാരം ലഭിക്കേണ്ട പെൻഷനുകളുടെ കുടിശ്ശിക കൊടുത്തു തീർക്കുന്നതിന് ധനകാര്യ വകുപ്പ് സ്വീകരിച്ച നടപടികൾ വിശദമാക്കുമോ; | ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതു മുതൽ വിവിധ ക്ഷേമ പെൻഷനുകൾ കുടിശ്ശിക കൂടാതെ വിതരണം ചെയ്യുന്നതിനുള്ള നടപടി കൈക്കൊണ്ടിട്ടുണ്ട്. അതാതുവർഷത്തെ ബഡ്ജറ്റുകളിൽ നിലവിലുള്ള നിരക്കിൽ എല്ലാ ക്ഷേമ പെൻഷൻ ഗുണഭോക്താക്കൾക്കും കുടിശ്ശിക കൂടാതെ പെൻഷൻ വിതരണം ചെയ്യുന്നതിനാവശ്യമായ തുക വകയിരുത്തി വരുന്നു. കൂടാതെ വിവിധ ക്ഷേമ പെൻഷനുകളുടെ നിരക്കുകൾ വർദ്ധിക്കുമ്പോഴും ഗുണഭോക്താക്കളുടെ എണ്ണത്തിലുള്ള വർദ്ധന നിമിത്തവും ഉണ്ടാകുന്ന അധിക ചെലവ് വഹിക്കുന്നതിനായി അധിക ധനാനുമതി വഴിയും ഉപധനാഭ്യർത്ഥനയിൽ ഉൾപ്പെടുത്തിയും തുക അനുവദിച്ച് നൽകുന്നുണ്ട്. വിവിധ |

| | |
|---|---|
| | പദ്ധതികൾക്കാവശ്യമായിവരുന്ന അധിക വിഹിതവും ലഭ്യമാക്കിയിട്ടുണ്ട്. |
| (ബി) ഈ സർക്കാർ അധികാരത്തിൽ വരുമ്പോൾ ഏതെല്ലാം ക്ഷേമ പദ്ധതികളിൽ എത്ര മാസത്തെ പെൻഷൻ കുടിശ്ശിക ഉണ്ടായിരുന്നുവെന്ന് വ്യക്തമാക്കുമോ ; | കർഷക തൊഴിലാളി പെൻഷൻ, കയർ തൊഴിലാളി പെൻഷൻ തുടങ്ങിയ പെൻഷനുകൾ ശരാശരി 23 മാസത്തെ കുടിശ്ശികയുണ്ടായിരുന്നു. |
| (സി) തൊഴിലില്ലായ്മ വേതനം നൽകുന്നതിൽ കുടിശ്ശികയുണ്ടായിരുന്നോ എന്ന് വെളിപ്പെടുത്തുമോ; | ഈ സർക്കാർ അധികാരത്തിൽ വരുമ്പോൾ (7/2005 മുതൽ 4/2006 വരെ) 10 മാസത്തെ തൊഴിൽരഹിത വേതനം കുടിശ്ശികയുണ്ടായിരുന്നു. |
| (ഡി) ഓണം പ്രമാണിച്ച് 2010 സെപ്റ്റംബർ വരെയുള്ള തൊഴിൽ രഹിതവേതനവും ക്ഷേമ പെൻഷനുകളും ജൂലൈയിൽ കൊടുത്തു തീർക്കുന്നതിന് ധനകാര്യ വകുപ്പ് തീരുമാനിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ; | 31.03.2010 വരെയുള്ള പെൻഷനുകൾ കുടിശ്ശിക തീർത്തു നൽകുവാനും വർദ്ധിപ്പിച്ച തുകയായ 300/- രൂപ നിരക്കിൽ 4/10 മുതൽ 09/10 വരെയുള്ള ക്ഷേമപെൻഷനുകൾ ജൂലൈ 2010 ൽ തന്നെ വിതരണം ചെയ്യുവാനും തീരുമാനിച്ചിട്ടുണ്ട്. തൊഴിൽ രഹിത വേതനയിനത്തിലെ കുടിശ്ശികയും ജൂലൈ മാസത്തിൽ കൊടുത്തു തീർക്കുവാൻ തീരുമാനിച്ചിട്ടുണ്ട്. |
| (ഇ) ഇതു മൂലം എത്ര പേർക്ക് പ്രയോജനം ലഭിക്കുമെന്ന് വെളിപ്പെടുത്തുമോ; | ഇതു മൂലം 19,97,565 പേർക്ക് പ്രയോജനം ലഭിക്കും. |

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ

പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ 21 29.06.2010-ൽ മറുപടിക്ക്

## <u>പ്രവാസികൾ നേരിടുന്ന പ്രായോഗിക ബുദ്ധിമുട്ടുകൾ</u>

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. പി.സി. വിഷ്ണുനാഥ്:<br>ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി:<br>ശ്രീ. എൻ. ശക്തൻ | ശ്രീ. വി.എസ്. അച്യുതാനന്ദൻ<br>( മുഖ്യമന്ത്രി) |
| (എ) വിദേശത്തുനിന്നും നാട്ടിൽ തിരിച്ചെത്തിയ പ്രവാസികൾക്കായി നടപ്പാക്കി വരുന്ന ചെറുകിട തൊഴിൽ സംരംഭ പദ്ധതികൾക്ക് ബാങ്ക് വായ്പ ലഭിക്കുന്നതിന് വളരെയധികം പ്രായോഗിക ബുദ്ധിമുട്ടുകൾ നേരിടുന്നതായ വസ്തുത സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) ഇല്ല.<br>വിദേശത്തുനിന്നും നാട്ടിൽ തിരിച്ചെത്തിയ പ്രവാസികൾക്കായി ചെറുകിട തൊഴിൽ സംരംഭങ്ങൾക്കായി ബാങ്ക് വായ്പ ലഭ്യമാക്കുന്ന പദ്ധതികൾ നോർക്ക വകുപ്പിൻ കീഴിൽ ഇപ്പോൾ നിലവിലില്ല. അതിനാൽ ഇതുസംബന്ധിച്ച പ്രായോഗിക ബുദ്ധിമുട്ടുകൾ ഒന്നും ഈ വകുപ്പിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടില്ല. എന്നാൽ സാമ്പത്തിക മാന്ദ്യം മൂലം തിരികെ വരാൻ നിർബന്ധിതരായ പ്രവാസി മലയാളികൾക്ക് ചെറുകിട വ്യവസായ സംരംഭങ്ങൾ തുടങ്ങുന്നതിന് സാമ്പത്തിക സഹായം നൽകുന്ന ഒരു പദ്ധതി കേരള ഫിനാൻഷ്യൽ കോർപ്പറേഷൻ ആവിഷ്ക്കരിച്ച് നടപ്പിലാക്കിയിട്ടുണ്ട്. |
| (ബി) ഇത്തരം പദ്ധതികൾക്കായി സർക്കാർ ധനസഹായം നൽകുന്നതിന് ഇപ്പോൾ എന്തൊക്കെ മാനദണ്ഡങ്ങളാണ് സ്വീകരിച്ചിട്ടുള്ളത്; | (ബി) ഗൾഫിൽ തൊഴിൽ എടുക്കാൻ കഴിയാതെ തിരിച്ചു വരുന്ന ഗൾഫ് മലയാളികൾക്ക് വ്യവസായ വാണിജ്യ സംരംഭങ്ങൾ ആരംഭിക്കുന്നതിന് കേരള ഫിനാൻഷ്യൽ കോർപ്പറേഷൻ രൂപം നൽകിയ പ്രത്യേക പാക്കേജ് പ്രകാരം താഴെ പറയുന്ന നിബന്ധനകൾക്ക് വിധേയമായി വായ്പ നൽകി വരുന്നു.<br>1. വായ്പാ അപേക്ഷകൻ മാന്ദ്യം കാരണം 01.07.2007-ന് ശേഷം ജോലി നഷ്ടപ്പെട്ട് തിരിച്ചു വരുന്ന പ്രവാസികളായ മലയാളികളായിരിക്കണം.<br>2. ജോലി നഷ്ടപ്പെട്ടതിന് തെളിവായി പാസ്പോർട്ടിലെ രേഖപ്പെടുത്തലോ, എം.പി, |

എം.എൽ.എ, പഞ്ചായത്ത് പ്രസിഡന്റ്, പ്രദേശത്തെ മഹല്ലു കമ്മിറ്റി, മൗലവി തുടങ്ങിയവരിൽ നിന്നുള്ള സാക്ഷ്യപത്രം മതിയാകുന്നതാണ്.

3. വായ്പാ കാലയളവ് ഉടനീളം 7 ശതമാനം പലിശനിരക്കായിരിക്കും.
4. പരമാവധി വായ്പ തുക 50 ലക്ഷം രൂപയായി നിജപ്പെടുത്തിയിരിക്കുന്നു. എന്നാൽ അർഹതപ്പെട്ട പ്രത്യേക കേസുകളിൽ ഈ പരിധിയിൽ ഇളവ് നൽകാവുന്നതാണ്.
5. നിലവിലുള്ള പ്രോസസിംഗ് ഫീയുടെ പകുതി മാത്രമേ ഈടാക്കുകയുള്ളൂ.

| | |
|---|---|
| (സി) സർക്കാർ സഹായവും ബാങ്ക് വായ്പയും കൂടുതൽ ഉദാരമായ വ്യവസ്ഥകളോടെ ലഭ്യമാക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കുമോ? | (സി) മടങ്ങിയെത്തിയ പ്രവാസി മലയാളികൾക്ക് കുറഞ്ഞ പലിശ നിരക്കിൽ ചെറുകിട വ്യവസായ സംരംഭങ്ങൾ ആരംഭിക്കുന്നതിന് വായ്പ ലഭ്യമാക്കുക എന്ന ആവശ്യം 2010 മാർച്ച് മാസത്തിൽ കൂടിയ സംസ്ഥാനതല ബാങ്കേഴ്സ് കമ്മിറ്റി യോഗത്തിൽ ഉന്നയിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ
പതിനെട്ടാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ 22 — 29.6.2010 ൽ മറുപടിയ്ക്ക്

## ഐ.റ്റി. കയറ്റുമതി രംഗത്ത് കൈവരിച്ച നേട്ടങ്ങൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. ഡൊമിനിക് പ്രസന്റേഷൻ ;<br>ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ ;<br>ശ്രീ. ജോർജ്ജ് മേഴ്സിയർ ;<br>ശ്രീ. കെ.സി. ജോസഫ് ; | ശ്രീ. വി.എസ്. അച്യുതാനന്ദൻ<br>(മുഖ്യമന്ത്രി) |
| എ) ഐ.റ്റി. കയറ്റുമതി രംഗത്ത് കഴിഞ്ഞ നാലു വർഷങ്ങളിൽ സംസ്ഥാന സർക്കാരിന് എന്തുമാത്രം നേട്ടങ്ങൾ കൈവരിക്കാനായി എന്നു വെളിപ്പെടുത്തുമോ ;<br><br>ബി) ഈ കാലയളവിൽ നമ്മുടെ അയൽ സംസ്ഥാനങ്ങളായ കർണ്ണാടക, തമിഴ്നാട്, ആന്ധ്രാപ്രദേശ് എന്നി സംസ്ഥാനങ്ങളുമായി ഈ രംഗത്തെ നേട്ടങ്ങൾ സംബന്ധിച്ചുള്ള താരതമ്യ പഠനം നടത്തിയിട്ടുണ്ടോ ; | (എ) യും (ബി) യും<br><br>STPI യിൽ നിന്നും ലഭ്യമായ കണക്കനുസരിച്ച് 2005-06 മുതൽ 2008-09 വരെ കേരളത്തിൽ നിന്നുള്ള സോഫ്റ്റ്‌വെയർ കയറ്റുമതിയിൽ ഏകദേശം 300% വർദ്ധനവ് ഉണ്ടായിട്ടുണ്ട്. ഈ കാലയളവിൽ ആന്ധ്രാപ്രദേശിൽ നിന്നും ഏകദേശം 150% ത്തിന്റെയും കർണ്ണാടകത്തിൽ നിന്നും ഏകദേശം 90% ത്തിന്റെയും തമിഴ്നാട്ടിൽ നിന്നും ഏകദേശം 83% ത്തിന്റെയും വർദ്ധനവ് ഉണ്ടായിട്ടുണ്ട്. 2009-10 ന്റെ കണക്ക് ലഭ്യമായിട്ടില്ല. |
| സി) ഐ.റ്റി. കയറ്റുമതി രംഗത്ത് കഴിഞ്ഞ നാലുവർഷങ്ങളിൽ സംസ്ഥാനത്തുണ്ടായ വളർച്ച തൃപ്തികരമാണെന്ന് കരുതുന്നുണ്ടോ ; | സി) ഉണ്ട്. |
| ഡി) ഈ രംഗത്ത് കൂടുതൽ അഭിവൃദ്ധി നേടുന്നതിന് ഈ വർഷം നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന കർമ്മ പരിപാടികൾ എന്തൊക്കെയാണെന്ന് വിശദമാക്കുമോ ? | ഡി) നിലവിലുള്ള ഐ.ടി. പാർക്കുകളുടെ അടിസ്ഥാനസൗകര്യം വികസിപ്പിക്കുന്നതിന് പുറമെ ടെക്നോപാർക്കിന്റെ മൂന്നാംഘട്ട വികസനം, ടെക്നോസിറ്റി, ഇൻഫോപാർക്ക് രണ്ടാംഘട്ട വികസനം, ജില്ലാതല ഐ.ടി. പാർക്കുകൾ, ഗ്രാമീണ ഐ.ടി. പാർക്കുകൾ/ ടെക്നോലോഡ്ജുകൾ എന്നി പദ്ധതികൾ വഴി സംസ്ഥാനത്തെ ഐ.ടി. മേഖല വരുംവർഷങ്ങളിൽ കൂടുതൽ അഭിവൃദ്ധി നേടുമെന്നാണ് പ്രതീക്ഷിക്കുന്നത്. |

സെക്ഷൻ ഓഫീസർ

\- - - - - - - - - - - - -

പന്ത്രണ്ടാം കേരള നിയമസഭ

പതിനഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം: *23 .

29-06-2010 ൽ മറുപടിയ്ക്ക് .

## തിരുവനന്തപുരം അന്താരാഷ്ട്ര വിമാനത്താവളത്തിലെ യൂസർ ഫീ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. വി. ശിവൻകുട്ടി,<br>ശ്രീ. ആനത്തലവട്ടം ആനന്ദൻ,<br>ശ്രീമതി. ജെ. അരുന്ധതി,<br>ശ്രീ. വി. ജെ. തങ്കപ്പൻ. | ശ്രീ. വി. എസ്. അച്യുതാനന്ദൻ,<br>(മുഖ്യമന്ത്രി) |
| (എ) തിരുവനന്തപുരം അന്താരാഷ്ട്ര വിമാനത്താവളത്തിൽ നിന്ന് വിദേശത്തേയ്ക്ക് പോകുന്ന യാത്രക്കാരിൽ നിന്നും യൂസർ ഫീ ഈടാക്കാനുള്ള എയർപോർട്ട് അതോറിറ്റിയുടെ തീരുമാനം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (എ) ഉണ്ട്. തിരുവനന്തപുരം അന്താരാഷ്ട്ര വിമാനത്താവളത്തിൽ നിന്നും വിദേശത്തേയ്ക്ക് പോകുന്ന യാത്രക്കാരിൽ നിന്നും പുതിയ ടെർമിനൽ ബിൽഡിംഗ് പ്രവർത്തനം ആരംഭിക്കുന്ന മുറയ്ക്ക് 755 രൂപ നിരക്കിൽ യൂസർ ഡെവലപ്മെന്റ് ഫീസ് ഈടാക്കാൻ എയർപോർട്ട് എക്കണോമിക്ക് റെഗുലേറ്ററി അതോറിറ്റി ഓഫ് ഇന്ത്യ എയർപോർട്ട് അതോറിറ്റിയ്ക്ക് അനുവാദം നൽകിയ വിവരം സംസ്ഥാന സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) യൂസർ ഫീ ഈടാക്കുന്നതിന് എയർപോർട്ട് അതോറിറ്റി നൽകുന്ന ന്യായീകരണം എന്താണ് എന്ന് സർക്കാരിനോട് വിശദമാക്കിയിട്ടുണ്ടോ ; | (ബി) ഉണ്ട്. 2008 ഡിസംബറിൽ നിലവിൽ വന്ന എയർപോർട്ട് എക്കണോമിക്ക് റെഗുലേറ്ററി അതോറിറ്റി ഓഫ് ഇന്ത്യ ആക്ട് അനുസരിച്ച് രാജ്യത്തെ മേജർ എയർപോർട്ടുകളിലെ യൂസർ ഫീ |

തുടങ്ങിയ കാര്യങ്ങളിൽ തീരുമാനം എടുക്കാനുള്ള അധികാരം എയർപോർട്ട് എക്കണോമിക് റെഗുലേറ്ററി അതോറിറ്റി ഓഫ് ഇന്ത്യയ്ക്കാണ്. പ്രസ്തുത നിയമം അനുസരിച്ച് എയർപോർട്ട് അതോറിറ്റി ഓഫ് ഇന്ത്യ തിരുവനന്തപുരം വിമാനത്താവളത്തിൽ യൂസർ ഫീ ഈടാക്കണമെന്ന് ആവശ്യപ്പെട്ടു കൊണ്ട് എയർപോർട്ട് എക്കണോമിക് റെഗുലേറ്ററി അതോറിറ്റിയ്ക്ക് 24-12-2009 -ൽ അപേക്ഷ നൽകുകയും, 755 രൂപ നിരക്കിൽ യൂസർ ഫീ ഈടാക്കാനുള്ള ഉത്തരവ് 05-05-2010- ൽ റെഗുലേറ്ററി അതോറിറ്റി നൽകുകയുമാണ് ഉണ്ടായത്.

| | |
|---|---|
| (സി) തിരുവനന്തപുരം വിമാനത്താവളത്തിന്റെ പുതിയ ടെർമിനൽ നിർമ്മാണത്തിന് സംസ്ഥാന സർക്കാർ എന്തെല്ലാം സഹായങ്ങളാണ് നൽകിയിട്ടുള്ളത് ; | (സി) തിരുവനന്തപുരം അന്താരാഷ്ട്ര വിമാനത്താവളത്തിന്റെ പുതിയ ടെർമിനൽ നിർമ്മാണത്തിന് ആവശ്യമായ 27.5 ഏക്കർ ഭൂമി സംസ്ഥാന സർക്കാർ ഏറ്റെടുത്ത് സൗജന്യമായി നൽകി. കൂടാതെ നാഷണൽ ഹൈവേ ബൈപ്പാസ് റോഡിൽ നിന്നും പുതിയ ടെർമിനലിനോടുള്ള അനുബന്ധ റോഡും ചാക്ക തോടിന് മുകളിലൂടെയുള്ള പാലവും സംസ്ഥാന സർക്കാരാണ് നിർമ്മിച്ചത്. ഈ കാര്യങ്ങൾക്കായി സംസ്ഥാന സർക്കാർ ഏകദേശം 81 കോടി രൂപ ഇതിനോടകം ചെലവഴിച്ചിട്ടുണ്ട്. |

(ഡി) തിരുവനന്തപുരം അന്താരാഷ്ട്ര വിമാനത്താവളത്തിന്റെ വികസനത്തിന് തടസ്സമുണ്ടാകുന്നതും യാത്രക്കാർക്ക് ബുദ്ധിമുട്ടുണ്ടാക്കുന്നതുമായ യൂസർ ഫീ നിർദ്ദേശം പിൻ വലിക്കുന്നതിന് സർക്കാർ ശക്തമായ സമ്മർദ്ദം ചെലുത്തുമോ ?

യൂസർ ഫീ നിർദ്ദേശം പിൻവലിക്കാൻ സംസ്ഥാന സർക്കാർ വിവിധ തലത്തിൽ ശക്തമായ സമ്മർദ്ദം ചെലുത്തി വരികയാണ്. യൂസർ ഫീ പിൻവലിക്കണമെന്ന് സംസ്ഥാന സർക്കാർ കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെട്ടിട്ടുണ്ട്. സംസ്ഥാന നിയമ പാർലമെന്ററി കാര്യ വകുപ്പ് മന്ത്രി, പ്രധാന മന്ത്രിയ്ക്കും വ്യോമയാന മന്ത്രിയ്ക്കും ഈ കാര്യം ചൂണ്ടികാണിച്ച് കത്ത് അയച്ചിട്ടും ഉണ്ട്. കൂടാതെ നിയമ പരമായ നടപടികളും ഈ കാര്യത്തിൽ സംസ്ഥാന സർക്കാർ സ്വീകരിച്ചു വരുന്നുണ്ട്. ഇതിന്റെ ഭാഗമായി എയർപോർട്ട് എക്കണോമിക്ക് റെഗുലേറ്ററി ഓഫ് ഇന്ത്യ ആക്ട് അനുസരിച്ച് യൂസർ ഫീ പിൻവലിക്കാൻ വേണ്ടി എയർ പോർട്ട് എക്കണോമിക്ക് റെഗുലേറ്ററി അതോറിറ്റി അപ്പലേറ്റ് ട്രിബ്യൂണലിന് നിശ്ചിത സമയ പരിധിക്കുള്ളിൽ തന്നെ സംസ്ഥാന സർക്കാർ അപ്പീൽ നൽകിയിട്ടുണ്ട്. ഈ അപ്പീൽ ട്രിബ്യൂണൽ തീർപ്പാക്കുന്നതു വരെ യൂസർ ഫീ ഈടാക്കാതിരിക്കാൻ നടപടി സ്വീകരിക്കണമെന്ന് ചീഫ് സെക്രട്ടറി 05-06-2010 ലെ 6084/ഡി2/ 2010/ട്രാൻ.നം. ഡി.ഒ കത്ത് മുഖേന കേന്ദ്ര വ്യോമയാന വകുപ്പ് സെക്രട്ടറിയോടാവശ്യപ്പെട്ടിട്ടുണ്ട്. ടി കത്തിന്റെ പകർപ്പ് എയർപോർട്ട് അതോറിറ്റി ഓഫ് ഇന്ത്യയുടെ ചെയർമാനും നൽകിയിട്ടുണ്ട്.

സെക്ഷൻ ഓഫീസർ.

പന്ത്രണ്ടാം കേരള നിയമസഭ

പതിനഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ 24

29/06/2010 - ൽ മറുപടിക്ക്

## വിലനിലവാരം പ്രദർശിപ്പിക്കാത്ത ഹോട്ടലുകൾക്കെതിരെ നടപടി

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. കെ.കെ. ദിവാകരൻ :<br>ശ്രീ. സി.എം. ദിനേശ് മണി :<br>ശ്രീ. എ. പ്രദീപ് കുമാർ : | ശ്രീ. സി. ദിവാകരൻ<br>(ഭക്ഷ്യവും, സിവിൽ സപ്ലൈസും മൃഗസംരക്ഷണവും വകുപ്പുമന്ത്രി) |
| എ) വിലനിലവാരം പ്രദർശിപ്പിക്കാതെ ഹോട്ടലുകളിൽ ഭക്ഷണ സാധനങ്ങൾക്ക് അമിത വില ഈടാക്കുന്നതായി സർക്കാരിന്റെ ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ ; | (എ) ഹോട്ടലുകളിൽ വിലവിവരം പ്രദർശിപ്പിക്കാതെ അധിക വില ഈടാക്കുന്നതായുള്ള ചില ഒറ്റപ്പെട്ട സംഭവങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| ബി) എങ്കിൽ ഇക്കാര്യത്തിൽ സർക്കാർ സ്വീകരിച്ചിട്ടുള്ള നടപടികൾ വ്യക്തമാക്കുമോ ;<br><br>സി) വിലനിലവാരം പ്രദർശിപ്പിക്കാത്ത ഹോട്ടലുകൾക്കെതിരെ കർശന ശിക്ഷാ നടപടി സ്വീകരിക്കുമോ ; | <u>(ബി) യും (സി) യും</u><br>ഹോട്ടലുകളിൽ ഭക്ഷണ സാധനങ്ങളുടെ വില പ്രദർശിപ്പിക്കണമെന്ന് കർശന നിർദ്ദേശം നൽകി-യിട്ടുണ്ട്. താലൂക്ക് തലത്തിൽ രൂപീകരിച്ചിട്ടുള്ള വിവിധ വകുപ്പുകളെ ഉൾപ്പെടുത്തി കൊണ്ടുള്ള സ്പെഷ്യൽ സ്ക്വാഡുകളും റേഷനിംഗ് ഇൻസ്പെക്ടർമാർ മുതൽ മുകളിലോട്ടുള്ള ഫീൽഡ് ഓഫീസർമാരും ഹോട്ടലുകളിൽ പരിശോധന നടത്തി വിലവിവരപ്പട്ടിക പ്രദർശിപ്പിക്കാത്ത ഹോട്ടലുടമകൾക്കെതിരെ 1977-ലെ ഫുഡ് സ്റ്റഫ്സ് (ഡിസ്പ്ലേ ഓഫ് പ്രൈസസ് ബൈ കാറ്ററിംഗ് എസ്റ്റാബ്ലിഷ്മെന്റ്സ്) ഓർഡർ പ്രകാരം നിയമ നടപടികൾ സ്വീകരിക്കാറുണ്ട്. |
| ഡി) ഹോട്ടലുകളെ സൗകര്യങ്ങളുടെ അടിസ്ഥാനത്തിൽ ഗ്രേഡ് തിരിച്ച് ഭക്ഷണ സാധനങ്ങളുടെ വില നിശ്ചയിക്കുന്നതിന് സംവിധാന-മുണ്ടോ ; ഇല്ലെങ്കിൽ ഇതിനായി നടപടി സ്വീകരിക്കുമോ ? | (ഡി) ഇപ്പോൾ നിലവിലില്ല. ഹോട്ടലുകളിലെ സൗകര്യങ്ങളുടെ അടിസ്ഥാനത്തിൽ തരം തിരിച്ച് ഗ്രേഡിംഗ് നടത്തുന്നതിന് നിയമം, ആരോഗ്യം, നികുതി, ഭക്ഷ്യ സിവിൽ സപ്ലൈസ്, ഉപഭോക്തൃകാര്യവകുപ്പുകളുടെ സെക്രട്ടറിതല കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

## പന്ത്രണ്ടാം കേരള നിയമസഭ

## പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം
നമ്പർ :**25**.

29..6..2010-ൽ മറുപടിക്ക്

### "ഹേലി കമ്മിറ്റി റിപ്പോർട്ടിലെ ശുപാർശകൾ"

| ചോദ്യം | ഉത്തരം |
| --- | --- |
| **ശ്രീ. മാങ്കോട് രാധാകൃഷ്ണൻ എം.എൽ.എ.:**<br>**ശ്രീ. രാജാജി മാത്യു തോമസ് എം.എൽ.എ.:**<br>**ശ്രീ. പി. തിലോത്തമൻ എം.എൽ.എ.:**<br>**ശ്രീ. ബാബു പോൾ എം.എൽ.എ.:** | **ശ്രീ. സി. ദിവാകരൻ**<br>**(ഭക്ഷ്യ-സിവിൽ സപ്ലൈസ്-മൃഗസംരക്ഷണ വകുപ്പ് മന്ത്രി)** |
| (എ) ക്ഷീരമേഖലയുടെ സർവ്വതോന്മുഖ മായ വളർച്ചയ്ക്കാവശ്യമായ പഠന റിപ്പോർട്ട് തയ്യാറാക്കാൻ നിയോഗിച്ചി രുന്ന ഹേലി കമ്മിറ്റിയുടെ റിപ്പോർട്ട് സർക്കാരിന് ലഭിച്ചിട്ടുണ്ടോ; | (എ) ഹേലി കമ്മിറ്റിയുടെ റിപ്പോർട്ട് 2009 സെപ്റ്റംബർ 29-ന് സർക്കാരിന് ലഭിച്ചി ട്ടുണ്ട്. |
| (ബി) എങ്കിൽ ഈ റിപ്പോർട്ടിലെ പ്രധാന ശുപാർശകൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ; | (ബി) അനുബന്ധമായി ചേർത്തിട്ടുണ്ട്. |
| (സി) പ്രസ്തുത ശുപാർശകൾ നടപ്പിലാ ക്കുന്നതിനുദ്ദേശിക്കുന്നുണ്ടോ; എങ്കിൽ എന്തെല്ലാം നടപടികളെ ടുത്തു വരുന്നുണ്ടെന്ന് വെളിപ്പെടു ത്തുമോ; | (സി) ശുപാർശകൾ ഘട്ടംഘട്ടമായി നടപ്പിലാ ക്കുന്നതിനെക്കുറിച്ച് വിശദമായി പരിശോ ധിച്ചു വരുന്നു. |
| (ഡി) പ്രസ്തുത റിപ്പോർട്ടിന്റെ അടിസ്ഥാന ത്തിൽ കേന്ദ്ര സർക്കാരിന്റെ സഹാ യത്തിനായി അഭ്യർത്ഥിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ? | (ഡി) ഈ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ കേന്ദ്രസഹായത്തിനായി അഭ്യർത്ഥിച്ചിട്ടില്ല. |

സെക്ഷൻ ഓഫീസർ.

## അനുബന്ധം

## ഹൈലി കമ്മിറ്റി റിപ്പോർട്ടിലെ പ്രധാന ശുപാർശകൾ

1. ഒരു ലക്ഷം സങ്കര കന്നുകുട്ടികളെ വീതം പ്രതിവർഷം വളർത്തി മികച്ച പശുക്കളാക്കുന്ന വികസന പരിപാടിക്ക് മൂന്നു കൊല്ലത്തേയ്ക്ക് 300 കോടി രൂപയുടെ സഹായം

2. പാവപ്പെട്ട ക്ഷീരകർഷകന് പകുതി വിലയ്ക്ക് പശുവിനെ നൽകാൻ ഗോദാന പദ്ധതി

3. ഗോകാരുണ്യ - കേരളത്തിലെ 50000 ഉരുക്കൾക്ക് ഗർഭകാല സംരക്ഷണ സഹായം.

4. ~~കാലിത്തീറ്റ സബ്സിഡി വർദ്ധിപ്പിക്കാൻ 68 കോടി രൂപ ലഭ്യമാക്കണം.~~

5. ഇന്ത്യയിലെ ഏറ്റവും മികച്ച മാംസം ഉല്പാദിപ്പിക്കുന്ന കേന്ദ്രമായി കേരളത്തെ ഉയർത്തും. ഇതിനായി 3 ലക്ഷം പോത്തുകളെ നവീന പരിചരണത്തിൽ വളർത്തുന്നതിന് പരിപാടി

6. 42000 കിടാരികളെ പ്രതിവർഷം തയ്യാറാക്കാൻ അതിവിപുലമായ ഹീഫർ പാർക്ക് പദ്ധതിയ്ക്ക് 150 കോടി രൂപയുടെ സഹായം

7. അടിയന്തിര മൃഗചികിത്സ 24 മണിക്കൂറും ലഭ്യമാക്കാൻ ബൃഹത് സംവിധാനം.

8. 'ആധുനിക സുനന്ദിനി' സുനന്ദിനി കേരളത്തിന്റെ ഗോശ്രീ

9. ഗ്രാമീണ ക്ഷീരസംഘങ്ങളെ ആധുനികവൽക്കരിക്കാനും കർഷക സഹായിയാക്കി വളർത്താനും 40 കോടി രൂപയുടെ പദ്ധതി.

10. പശുക്കളിലെ വന്ധ്യതാ പരിശോധന ഗ്രാമതലങ്ങളിൽ വച്ച് നടത്തുവാൻ മികച്ച 3000 ക്യാമ്പുകളും സൗജന്യ ചികിത്സയും മരുന്നും.

11. നാല് ലക്ഷം ആടുകളെ ഉല്പാദിപ്പിച്ച് വിതരണം ചെയ്യാൻ അതിവിപുല പരിപാടി.

12. വീട്ടുവളപ്പിൽ 3 ലക്ഷം കോഴിവളർത്തൽ യൂണിറ്റുകൾ തുടങ്ങാൻ പരിപാടി.

13. വെറ്റിനറി ബയോളജിക്കൽസ് ഇൻസ്റ്റിറ്റ്യൂട്ടിനെ അന്താരാഷ്ട്ര നിലവാരത്തിലേയ്ക്ക് ഉയർത്തും.

14. കേരളത്തിലെ 44 നദി തടങ്ങളിലും, കോൾപ്പാടം മത്സ്യകൃഷിയുള്ള തീറ്റപ്പുൽകൃഷി വ്യാപിപ്പിക്കണം. 50 കോടിയിലധികം തീറ്റപ്പുൽകടകൾ കർഷകർക്ക് ലഭ്യമാക്കുന്നു.

15. മൃഗസംരക്ഷണ ഫാമുകൾ കർഷക സഹായ കേന്ദ്രങ്ങളാകും

16. ക്ഷീരകർഷകർക്കും മൃഗസംരക്ഷണ പരിശീലന കേന്ദ്രങ്ങളെ സെന്റർ ഓഫ് എക്സലൻസായും വ്യവസായസംരംഭകർക്ക് പരിശീലന പാർക്കുമായി ഉയർത്തുക.

17. കന്നുകാലികളിലെ ശാസ്ത്രീയ ബീജസങ്കലനത്തിന്റെ വിവിധ വശങ്ങളെക്കുറിച്ചുള്ള ബോധവത്കരണം.

18. കേരളത്തെ കാലിരോഗ വിമുക്ത മേഖലയാക്കി ദേശീയ അന്തർദേശീയ തലങ്ങളിൽ ശ്രദ്ധ പിടിച്ചുപറ്റുവാൻ തക്കവിധം ഉയർത്തിയെടുക്കുവാനുള്ള ഒരു സംവിധാനം സൃഷ്ടിക്കുവാനുള്ള ശുപാർശ.

19. കാലിത്തീറ്റയ്ക്ക് പറ്റിയ പിണ്ണാക്കിന്റെയും, തവിടിന്റെയും കയറ്റുമതി ഉടൻ നിർത്തണം.

20. മൃഗസംരക്ഷണ ക്ഷീരമേഖലയിലെ കർഷകരോടുള്ള അവഗണന മാറ്റണം.

21. ക്ഷീരകർഷക ക്ഷേമനിധിയുടെ പ്രവർത്തനം വിപുലീകരിക്കണം.

22. കേരള സ്റ്റേറ്റ് ലൈവ് സ്റ്റോക്ക് ഡെവലപ്പ്മെന്റ് ഫൈനാൻസ് കോർപ്പറേഷൻ അടിയന്തിരമായി രൂപപ്പെടുത്തണം.

23. കേരള സ്റ്റേറ്റ് ലൈവ് സ്റ്റോക്ക് ഡെവലപ്പ്മെന്റ് കൗൺസിൽ രൂപീകരിക്കണം.

24. മിൽമ സംഘങ്ങൾ കോഴിവളർത്തൽ, മാംസോത്പാദന രംഗത്തേയ്ക്ക് വരുന്നത് പ്രോത്സാഹിപ്പിക്കുകയും, ത്വരിതപ്പെടുത്തുകയും ചെയ്യണം.

25. ബ്രഹ്മഗിരി പദ്ധതി കൂടുതൽ സ്ഥലത്തേയ്ക്ക് വ്യാപിപ്പിക്കണം.

26. മിൽമയുടെ ധർമ്മ പ്രധാന ലക്ഷ്യം കർഷകരുടെ വരുമാനം വർദ്ധിപ്പിക്കലാകണം.

27. മിൽമ ഒരു മഹാ കാർഷിക പ്രസ്ഥാനമായി ഉയരണം. ക്ഷീരകർഷകന് പരമാവധി വില നൽകണം.

28. ഒരു ലക്ഷം വീട്ടു വളപ്പുകളിൽ താറാവ് വളർത്തൽ

29. കേരളത്തിലെ എരുമ വളർത്തൽ മേഖലയ്ക്ക് സംഭവിച്ചിരിക്കുന്ന ക്ഷീണം മാറ്റിയെടുത്ത് അതിവിപുലമാക്കാൻ 41 കോടി രൂപയുടെ പദ്ധതി ശുപാർശ.

30. കർഷകരെയും, ഉദ്യോഗസ്ഥരെയും പഠന പര്യടനത്തിനും, ഉപരി പഠനത്തിനും അയയ്ക്കണം.

31. ക്ഷീര-മൃഗസംരക്ഷണ മേഖലയിൽ ബി.പി.എൽ/എ.പി.എൽ. വ്യത്യാസം പാടില്ല.

32. വ്യാവസായികാടിസ്ഥാനത്തിൽ കോഴിവളർത്താൻ കേരളത്തിലും സാദ്ധ്യതകൾ.

33. പാൽ അധിഷ്ഠിത ഉൽപന്നങ്ങളുടെ നിർമ്മാണം പഠിപ്പിക്കാൻ ഒരു ജനകീയ പ്രസ്ഥാനവും പരിശീലനവും.

34. 30000 കാലിത്തൊഴുത്തുകൾ ആധുനികവൽക്കരിക്കാൻ കർഷകർക്ക് സഹായം.

35. കൊളസ്ട്രോൾ രഹിത മുയൽ മാംസോൽപാദനം വർദ്ധിപ്പിക്കാൻ 5000 യൂണിറ്റുകൾ ആരംഭിക്കും. 8 കോടി രൂപയുടെ സഹായം കർഷകർക്ക് ലഭ്യമാക്കും. 3 വർഷങ്ങളിലായി 21 കോടി രൂപയുടെ പദ്ധതി.

36. മിനി ഡയറി യൂണിറ്റുകൾ നവീകരിക്കുന്നതിന് 21.26 കോടി രൂപയുടെ പദ്ധതിയ്ക്ക് ശുപാർശ.

37. കൃത്രിമ ബീജദാനത്തിന്റെ കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിന് 1 കോടി രൂപയുടെ പദ്ധതി

38. കന്നുകാലികളെ കർഷകന്റെ വീട്ടുപടിക്കൽ ചെന്ന് കുത്തിവയ്ക്കുന്ന പദ്ധതി നടപ്പിലാക്കുന്നതിന് 1 കോടി രൂപ.

39. ജനിതക ലാബ് സ്ഥാപിക്കാൻ 2.5 കോടി രൂപ.

40. മൃഗസംരക്ഷണ വകുപ്പിൽ ഒരു പ്രത്യേക ജന്തുജന്യരോഗ പൊതുജനാരോഗ്യ വിഭാഗം ആരംഭിക്കുന്നതിന് ശുപാർശ

41. കറവയന്ത്രങ്ങൾ വാങ്ങുന്നതിന് 300 കർഷകർക്ക് ധനസഹായം.

42. കന്നുകാലികളുടെ ജനനമരണം രജിസ്റ്റർ ചെയ്യുന്നതിനുള്ള ശുപാർശ.

43. മിൽമ ഹെഡ്ഓഫീസ് ശക്തിപ്പെടുത്തുന്നതിന് പ്രത്യേക ശുപാർശ.

44. പാലുൽപന്ന നിർമ്മാണ യൂണിറ്റുകൾ സ്ഥാപിക്കുന്നതിന് 21 കോടി രൂപയുടെ പദ്ധതി

45. ശുദ്ധമായ പാലുൽപന്ന കിറ്റുകൾ വിതരണം ചെയ്യുന്നതിന് ശുപാർശ

46. പാൽ പരിശോധനാ ലാബുകൾ ശക്തിപ്പെടുത്തുന്നതിന് 18 കോടിയുടെ ശുപാർശ

47. അസോളകൃഷി വികസനത്തിന് 4.25 കോടി രൂപയുടെ പദ്ധതി

48. ഹ്രസ്വകാല തീറ്റപ്പുൽവിള കൃഷി പ്രോത്സാഹിപ്പിക്കുന്നതിന് ശുപാർശ.

49. കോയിപ്രത്ത് തീറ്റപ്പുൽകൃഷി വികസന പരിശീലന കേന്ദ്രം സ്ഥാപിക്കുന്നതിനുള്ള ശുപാർശ.

50. പ്രാദേശികമായി ലഭ്യമായ അസംസ്കൃത സാധനങ്ങൾ ഉപയോഗിച്ച് കാലിത്തീറ്റ നിർമ്മിക്കുന്നതിന് ശുപാർശ.

51. 1999-ലെ കേരള മുനിസിപ്പൽ കെട്ടിട നിർമ്മാണ നിയമം ഭേദഗതിയ്ക്ക് ശുപാർശ

52. വെറ്ററിനറി യൂണിവേഴ്സിറ്റി ആരംഭിക്കുന്നതിന് ശുപാർശ.

53. പാൽവില്പന നടത്തുന്ന ഏജൻസികൾ ബ്രാൻഡ് നെയിം രജിസ്റ്റർ ചെയ്യുന്നതിന് ശുപാർശ.

54. ക്ഷീരസംഘങ്ങളിലും തൊഴിലാളി യൂണിയൻ, ഫെഡറേഷൻ എന്നിവിടങ്ങളിലും സ്ത്രീ പ്രാതിനിധ്യം വർദ്ധിപ്പിക്കാൻ ശുപാർശ

55. മിൽമ കർഷകർക്ക് പാൽവില നൽകുന്നതിന് സുതാര്യത ഉറപ്പു വരുത്തണം

56. മിൽമയിൽ കൺകറന്റ് ആഡിറ്റ് കർശനമായി സമയക്രമം പാലിച്ച് നടപ്പിലാക്കണം.

57. മിൽമയും വിവിധ ഏജൻസികളുമായി ഏകോപനം അത്യാവശ്യമാണ്.

58. അത്യാധുനിക സൗകര്യങ്ങളോടുകൂടിയ ഹൈടെക് ഡയറിഫാമുകൾ സ്ഥാപിക്കാൻ ശുപാർശ.

**പന്ത്രണ്ടാം കേരള നിയമസഭ**

**പതിനഞ്ചാം സമ്മേളനം**

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം. 26 | 29.06.2010 ൽ മറുപടിയ്ക്ക്

**അഷ്ടമുടിക്കായലിലെ വൻതോതിലുള്ള മണലൂറ്റൽ മൂലമുള്ള പാരിസ്ഥിതിക പ്രശ്നങ്ങൾ**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.റോഷി അഗസ്റ്റിൻ<br>ശ്രീ.തോമസ് ഉണ്ണിയാടൻ<br>ശ്രീ.തോമസ് ചാഴികാടൻ | ശ്രീ.വി.എസ്.അച്യുതാനന്ദൻ<br>(മുഖ്യമന്ത്രി) |
| (എ) അഷ്ടമുടിക്കായലിൽ വൻതോതിൽ മണലൂറ്റൽ നടക്കുന്നതായ സംഗതി സർക്കാർ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദാംശങ്ങൾ നൽകുമോ; | (എ) മുളവന വില്ലേജ് പരിധിയിൽപ്പെട്ട പടപ്പക്കര ഭാഗത്തെ വാളാത്തി പൊയ്ക, വാദ്ധ്യാർകടവ്, കുതിരമുനമ്പ്, കുമ്പളം ഭാഗത്തെ പായോട് മൂല, കാഞ്ഞിരകോട്, ഐ.റ്റി.പാർക്കിന്റെ പരിസരം, കൈതാകോടി എന്നീ ഭാഗങ്ങളിൽ നിന്നുമാണ് മണലൂറ്റൽ നടത്തി വരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുള്ളത്. |
| (ബി) ഇത് സംബന്ധിച്ച് സർക്കാരിന് പരാതി ലഭിച്ചിട്ടുണ്ടോ; എങ്കിൽ അയതിന്മേൽ കൈക്കൊണ്ട നടപടി എന്താണ്; | (ബി) ഉണ്ട്. അനധികൃത മണൽ ഖനനം നടത്തുന്നവർക്കെതിരെ ചട്ടപ്പടി നടപടി സ്വീകരിക്കുന്നതിന് കുണ്ടറ സബ് ഇൻസ്പെക്ടർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. റവന്യൂ, പോലീസ് ഉദ്യോഗസ്ഥരുടെ മേൽനോട്ടത്തിൽ ഈ പ്രദേശത്ത് റെയ്ഡുകൾ നടത്തിയിട്ടുണ്ട്. മുളവന വില്ലേജിലെ പടപ്പക്കര-മുളവന പി.ഡബ്ല്യു.ഡി റോഡിൽ കരിക്കുഴി ഭാഗത്ത് പോലീസ് എയ്ഡ് പോസ്റ്റ് സ്ഥാപിച്ച് അനധികൃത |

| | | | |
|---|---|---|---|
| | | | മണൽ ഖനനം നിരീക്ഷിച്ച് വരുന്നു. ഇതേ മാതൃകയിൽ കിഴക്കേ കല്ലട, മുളവന, മൺറോത്തുരുത്ത് തുടങ്ങിയ വില്ലേജുകളിലെ പ്രധാന ഭാഗങ്ങളിൽ പോലീസ് എയ്ഡ് പോസ്റ്റുകൾ സ്ഥാപിക്കണമെന്നും രാത്രികാലങ്ങളിലും വെളുപ്പിനും പോലീസ് പട്രോളിംഗ് ഏർപ്പെടുത്തണമെന്നും ആവശ്യപ്പെട്ടുകൊണ്ട് കുണ്ടറ പോലീസ് സർക്കിൾ ഇൻസ്പെക്ടർക്കും കുണ്ടറ കിഴക്കേ കല്ലട പോലീസ് സബ് ഇൻസ്പെക്ടർമാർക്കും തഹസിൽദാർ വഴി നിർദ്ദേശം നൽകിയിട്ടുണ്ട്. |
| (സി) | അഷ്ടമുടിക്കായലിൽ മണലൂറ്റൽ വ്യാപകമായതിനെ തുടർന്ന് സമീപപ്രദേശങ്ങളിലെ കിണറുകളിൽ ജലനിരപ്പ് ഗണ്യമായി താഴുന്ന സംഗതി സർക്കാർ ഗൗരവമായി എടുക്കുമോ; | (സി) | അഷ്ടമുടിക്കായലിൽ നിന്ന് മണലൂറ്റുന്നതു മൂലം ഗുരുതരമായ പാരിസ്ഥിതിക പ്രശ്നങ്ങൾ സംജാതമാകുന്നുണ്ട്. ഭൂജല നിരപ്പിലും ലഭ്യതയിലും ഉണ്ടാകുന്ന കുറവു മൂലം സമീപ കിണറുകളിൽ ജലനിരപ്പ് താഴുന്നത് മണലൂറ്റിന്റെ പരിണതഫലമാണ്. |
| (ഡി) | പാരിസ്ഥിതിക പ്രത്യാഘാതങ്ങൾക്കു വഴിവയ്ക്കുന്ന തരത്തിൽ പ്രകൃതിയെ ഇപ്രകാരം ചൂഷണം ചെയ്യുന്ന മാഫിയകൾക്കെതിരെ ഗുണ്ടാ നിയമ പ്രകാരം കേസ്സെടുക്കാൻ നടപടി സ്വീകരിക്കുമോ ? | (ഡി) | പരിശോധിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ
പതിനഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം. 27 29-06-2010 -ൽ മറുപടിയ്ക്ക്

## ന്യായവിലയ്ക്ക് അവശ്യ സാധനങ്ങൾ ലഭ്യമാക്കാനുള്ള പദ്ധതി

**ചോദ്യം**

ശ്രീ. എം. മുരളി
ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ
ശ്രീ. കെ.സി. ജോസഫ്
ശ്രീ. ടി.എൻ. പ്രതാപൻ

(എ) പൊതുജനങ്ങൾക്ക് ന്യായവിലയ്ക്ക് അവശ്യ സാധനങ്ങൾ ലഭ്യമാക്കുന്നതിനായി ഈ വർഷം ഏതൊക്കെ വിധത്തിൽ കമ്പോള ഇടപെടൽ നടത്താനാണ് സിവിൽ സപ്ലൈസ് വകുപ്പ് പദ്ധതി തയ്യാറാക്കിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

**ഉത്തരം**

ശ്രീ. സി. ദിവാകരൻ
(ഭക്ഷ്യവും സിവിൽ സപ്ലൈസും മൃഗസംരക്ഷണവും വകുപ്പു മന്ത്രി)

(എ) പൊതു വിപണിയിലെ വില നിലവാരം നിയന്ത്രണാധീനമാക്കുവാൻ നിലവിലുള്ള പദ്ധതി പ്രകാരം താഴെപ്പറയുന്ന നടപടികൾ എടുക്കുന്നതാണ്.

1) വിലക്കയറ്റം നിയന്ത്രിക്കുന്നതിനായി സിവിൽ സപ്ലൈസ് കോർപ്പറേഷൻ മുഖേനയുള്ള മാർക്കറ്റ് ഇടപെടൽ പദ്ധതി കൂടുതൽ ശക്തിപ്പെടുത്തി പൊതുവിപണിയേക്കാൾ ഗണ്യമായ തോതിൽ വില കുറച്ച് സാധനങ്ങൾ ജനങ്ങൾക്ക് വിതരണം ചെയ്യുന്നതിനാവശ്യമായ പദ്ധതികൾക്ക് രൂപം നൽകുന്നതാണ്. സംസ്ഥാനത്ത് കൂടുതൽ മാവേലി സ്റ്റോറുകൾ ആരംഭിക്കുന്നതാണ്.

2) 2007 ഡിസംബർ മുതൽ പൊതുവിപണിയിൽ അരി വില വർദ്ധിച്ചതിനെ തുടർന്ന് എല്ലാ വിൽപ്പനശാലകൾ വഴിയും 14 രൂപയ്ക്ക് പുഴുക്കലരിയും 13.50 രൂപയ്ക്ക് പച്ചരിയും വിതരണം ചെയ്തിരുന്നു. 2009 ഡിസംബർ

മാസം മുതൽ ഈ പദ്ധതിയിൽ കൂടെ വിറ്റഴിക്കുന്ന അരിയുടെ വില കി.ഗ്രാമിന് 13 രൂപയായി കുറച്ചിട്ടുണ്ട്. കഴിഞ്ഞ സാമ്പത്തിക വർഷത്തിൽ 81, 591 ടൺ അരിയാണ് ഇത്തരത്തിൽ വിതരണം ചെയ്തത്. ഇതു വഴി അരിവില ക്രമാതീതമായി ഉയരുന്നത് ഫലപ്രദമായി തടയാൻ കഴിഞ്ഞിട്ടുണ്ട്.

3) മൂന്നു വർഷം മുൻപ് സിവിൽ സപ്ലൈസ് കോർപ്പറേഷന്റെ വിൽപ്പനശാലകളെ ആശ്രയിച്ചിരുന്നത് 32 ലക്ഷം ജനങ്ങളായിരുന്നു. ഇത് ഇപ്പോൾ ഒരു കോടിയിലധികമായി ഉയർന്നിട്ടുണ്ട്. ഇത് സിവിൽ സപ്ലൈസ് കോർപ്പറേഷൻ മുഖേനയുള്ള മാർക്കറ്റ് ഇടപെടൽ കൂടുതൽ ഫലപ്രദമാകുന്നുവെന്നതിന്റേയും ജനങ്ങൾ സപ്ലൈകോയിൽ കൂടുതൽ വിശ്വാസമർപ്പിച്ചുവെന്നതിന്റെയും പ്രത്യക്ഷ തെളിവാണ്. 2009-10 വർഷം ഏകദേശം 375 കോടി രൂപയുടെ ആനുകൂല്യമാണ് ജനങ്ങളിലെത്തിച്ചത്. കഴിഞ്ഞ സാമ്പത്തിക വർഷം (2008-09) ഇത് ഏകദേശം 250 കോടി രൂപയായിരുന്നു.

4) ശാസ്ത്രീയമായി സ്റ്റോക്ക് മാനേജ്മെന്റ് നടപ്പിലാക്കുക വഴി എല്ലാ വിൽപ്പന ശാലകളിലും എല്ലാ സമയത്തും അവശ്യ സാധനങ്ങൾ ലഭ്യമാണെന്ന് ഉറപ്പുവരുത്തി ഗുണ നിലവാരം ഉറപ്പാക്കുകയും ഉപഭോക്താവിന് ഏതെങ്കിലും ഉൽപ്പന്നത്തിന്റെ ഗുണനിലവാരത്തിൽ തൃപ്തിയില്ലെങ്കിൽ അത് തിരിച്ചെടുക്കുന്നതിനുള്ള സംവിധാനം ഏർപ്പെടുത്തുകയും ചെയ്തു.

5) ശാസ്ത്രീയമായ വിലനിർണ്ണയ സംവിധാനം ഏർപ്പെടുത്തുക വഴി വിപണിയിലെ വിലകൾ നിയന്ത്രിക്കാൻ കഴിഞ്ഞു.

6) യഥാർത്ഥ ഉപഭോക്താവിന് അവശ്യ സാധനങ്ങൾ ലഭ്യമാക്കാൻ റേഷൻ കാർഡുകൾ വഴി വിതരണം നിയന്ത്രിക്കുകയും അതു വഴി സാധനങ്ങളുടെ ദുരുപയോഗ സാധ്യത തീർത്തും ഇല്ലാതാക്കുകയും ചെയ്തു.

7) ഗോതമ്പ് പൊടിയുടെ വിലവർദ്ധന തടയുവാനായി റേഷൻ കടകൾ വഴി ഫോർട്ടിഫൈഡ് ആട്ട കിലോയ്ക്ക് 12 രൂപയ്ക്ക് വിതരണം നടത്തി വരുന്നു.

8) എ.ആർ.ഡി ശബരിസ്റ്റോറുകൾ, തീരമൈത്രി സൂപ്പർ മാർക്കറ്റുകൾ വഴിയും നിത്യോപയോഗ സാധനങ്ങൾ സബ്സിഡി നിരക്കിൽ വിതരണം ചെയ്തു വരുന്നു. **മേൽപ്പറഞ്ഞ** നടപടികൾ വഴി കോർപ്പറേഷന്റെ വിപണിവിഹിതം വർദ്ധിക്കുകയും അതു വഴി പൊതു വിപണി വിലകളെ നിയന്ത്രിക്കുവാൻ സാധിക്കുകയും ചെയ്തു. ഇത് തുടരുന്നതാണ്.

9) ഓണക്കാലത്ത് 17.71 ലക്ഷം ബി.പി.എൽ കുടുംബങ്ങൾക്ക് അവശ്യ സാധനങ്ങൾ അടങ്ങിയ കിറ്റും ഗോത്ര വർഗ്ഗ കുടുംബങ്ങൾക്ക് 12 കി.ഗ്രാം അരി വീതവും സൗജന്യമായി നൽകുന്നതാണ്.

10) അരിയും പല വ്യഞ്ജനങ്ങളും കൂടാതെ മറ്റ് നിത്യോപയോഗ സാധനങ്ങളുടെ വിതരണത്തിലും സപ്ലൈകോ ഇടപെടുന്നു. FMCG സാധനങ്ങൾ MRP

യേക്കാളും ശരാശരി 10 ശതമാനം വില കുറച്ച് ഉപഭോക്താക്കൾക്ക് വിതരണം നടത്തുന്നു. ഇത് വൻകിട കുത്തക കച്ചവടക്കാരെ MRP യിൽ നിന്നും കുറഞ്ഞ നിരക്കിൽ സാധനങ്ങൾ വിൽക്കാൻ പ്രേരിപ്പിക്കുകയും അങ്ങനെ ഉപഭോക്താവിന് പരമാവധി ആനുകൂല്യം ലഭിക്കാൻ ഇടയാകുകയും ചെയ്യുന്നു.

11) സിവിൽ സപ്ലൈസ് കോർപ്പറേഷന്റെ കീഴിൽ 5 മരുന്നു മൊത്ത വിതരണ കേന്ദ്രങ്ങൾ ആരംഭിച്ചതു വഴി സാധാരണ ജനങ്ങൾക്ക് ആശ്വാസമായി ശരാശരി 15 ശതമാനം വരെ വിലക്കുറവിൽ മരുന്നുകൾ 92 സപ്ലൈകോ മെഡിക്കൽ സ്റ്റോറുകൾ വഴി വിതരണം ചെയ്യുന്നുണ്ട്.

12) പൊതുവിപണിയിലേതിനേക്കാൾ 20 ശതമാനം വരെ വിലക്കുറവിൽ തേയില, കാപ്പി, കറിപൗഡറുകൾ, വെളിച്ചെണ്ണ, കായം, വാളൻപുളി എന്നിവ "ശബരി" എന്ന പേരിൽ വിപണിയിൽ വിൽപ്പന നടത്തി വരുന്നു.

13) ജില്ലാ കളക്ടർമാർ തെരഞ്ഞെടുക്കുന്ന ഹോട്ടലുകൾക്ക് സപ്ലൈകോ അവശ്യസാധനങ്ങൾ നൽകുകയും അതു വഴി ഹോട്ടലുകളിലൂടെ വിൽക്കുന്ന ഭക്ഷണസാധനങ്ങളുടെ വില നിയന്ത്രിക്കാനും നടപടിയെടുത്തുവരുന്നു. ഒരു ജില്ലയിൽ 5 മുതൽ 10 വരെ ഹോട്ടലുകൾ എന്ന കണക്കിൽ 116 ഹോട്ടലുകൾ ഇത്തരത്തിൽ തെരഞ്ഞെടുത്തിട്ടുണ്ട്.

14) ഉത്സവ കാലങ്ങളിലെ വില വർദ്ധന നിയന്ത്രിക്കാൻ പ്രത്യേക ഉത്സവകാല ചന്തകൾ നടത്തി വരുന്നു. വരുന്ന ഓണക്കാലത്ത് എല്ലാ നിയോജക മണ്ഡലങ്ങളിലും പ്രത്യേക ഓണചന്തകൾ/ഫെയറുകൾ ഉണ്ടായിരിക്കും.

15) ലേബർ ബ്യൂറോ ഓഫ് ഇന്ത്യ പ്രസിദ്ധീകരിക്കുന്ന വില സൂചിക പ്രകാരം വിലവാരം ഏറ്റവും കുറവുള്ള രാജ്യത്തെ 5 സംസ്ഥാനങ്ങളിൽ ഒന്നാണ് കേരളം. ഇതു കൂടാതെ ബി.പി. എൽ/എ.എ.വൈ വിഭാഗത്തിൽപ്പെട്ട പട്ടികജാതി/പട്ടികവർഗ്ഗ മൽസ്യത്തൊഴിലാളി ആശ്രയ കുടുംബങ്ങൾക്കും അസംഘടിത മേഖലയിലെ തൊഴിലാളി കുടുംബങ്ങളിൽപ്പെട്ട കർഷക തൊഴിലാളി, കയർ, കശുവണ്ടി, ബീഡി, പനമ്പ്, ഈറ്റ, തോട്ടം, ഖാദി, കൈത്തറി, തഴപ്പായ നിർമ്മാണം, മൺപാത്ര നിർമ്മാണം എന്നീ വിഭാഗത്തിൽപ്പെട്ടവർക്കും ദേശീയ തൊഴിലുറപ്പ് പദ്ധതിയിൽ കുറഞ്ഞത് 50 ദിവസം പണിയെടുത്തിട്ടുള്ളവർക്കും രണ്ടു രൂപാ നിരക്കിൽ അരിയും ഗോതമ്പും നൽകി വരുന്നു. സംസ്ഥാനത്ത് ആകെയുള്ള 70 ലക്ഷം കുടുംബങ്ങളിൽ 36 ലക്ഷം കുടുംബങ്ങൾക്ക് രണ്ടു രൂപയ്ക്ക് ഒരു കിലോ ഭക്ഷ്യധാന്യം ലഭിക്കുന്ന പദ്ധതിയുടെ ഗുണം ലഭിക്കുന്നതാണ്.

(ബി) സർക്കാരിന്റെ കഴിഞ്ഞ വർഷത്തെ കമ്പോള ഇടപെടലിൽ ഉണ്ടായ വീഴ്ചകൾ വിശകലനം ചെയ്യാനും ഇത് പരിഹരിക്കാനും നിർദ്ദേശങ്ങൾ സമർപ്പിക്കുവാനുമായി എന്തെങ്കിലും പഠനം നടത്തിയിട്ടുണ്ടോ;

(ബി) കമ്പോള ഇടപെടലിൽ യാതൊരു വീഴ്ചയും സംഭവിച്ചിട്ടില്ല എന്നു മാത്രമല്ല മുൻ വർഷങ്ങളിലേക്കാൾ ശക്തമായ മാർക്കറ്റിടപെടലാണ് നടത്തിയത്. 2,284 കോടി രൂപയുടെ സർവ്വകാല വിറ്റുവരവാണ് സപ്ലൈകോ 2009-10 വർഷം നേടിയത്. പ്രതിമാസം ഒരു കോടിയിലധികം ഉപഭോക്താക്കളും ചരിത്ര വിറ്റുവരവും സപ്ലൈകോയുടെ എക്കാലത്തേയും ശക്തമായ മാർക്കറ്റ് ഇടപെടൽ വ്യക്തമാക്കുന്നു. 13 ഇനം നിത്യോപയോഗ സാധനങ്ങൾ കഴിഞ്ഞ നാലു കൊല്ലമായി ഒരേ വിലയ്ക്ക് വിൽപ്പന തുടരുമ്പോഴാണ് വിറ്റുവരവിൽ റിക്കോർഡ് വർദ്ധന ഉണ്ടായിട്ടുള്ളത്.

(സി) ഈ രംഗത്ത് കൂടുതൽ കാര്യക്ഷമമായ പ്രവർത്തനം നടത്തുന്നതിന് എന്തൊക്കെ നിർദ്ദേശങ്ങളാണ് പരിഗണനയിൽ ഉള്ളത്;

(സി) കൂടുതൽ മാവേലി/സൂപ്പർ/ശബരി സ്റ്റോറുകൾ തുടങ്ങാനും വിജിലൻസ് സംവിധാനം ശക്തിപ്പെടുത്താനും നിർദ്ദേശങ്ങൾ പരിഗണനയിലുണ്ട്.

(ഡി) കാര്യക്ഷമമായി കമ്പോള ഇടപെടൽ നടത്തേണ്ടതിലേയ്ക്ക് ഈ വർഷം എത്ര കോടി രൂപാ ചെലവിടേണ്ടി വരുമെന്നാണ് കണക്കാക്കിയിട്ടുള്ളതെന്ന് വെളിപ്പെടുത്തുമോ;

(ഡി) കഴിഞ്ഞ സാമ്പത്തിക വർഷത്തെ കണക്ക് അടിസ്ഥാനമാക്കിയതിൽ അവശ്യഭക്ഷ്യ വസ്തുക്കളുടെ മാർക്കറ്റ് ഇടപെടലിനായി മാത്രം 190 കോടി രൂപയോളം വേണ്ടി വരും.

(ഇ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം നാളിതുവരെ ഇതിനായി എന്ത് തുക ചെലവഴിച്ചുവെന്ന് വ്യക്തമാക്കുമോ ?

(ഇ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 258 കോടി രൂപ മാർക്കറ്റിടപെടൽ പദ്ധതിക്കായിചെലവഴിച്ചിട്ടുട്ടു ണ്ട്.

സെക്ഷൻ ഓഫീസർ

# പന്ത്രണ്ടാം കേരള നിയമസഭ

പതിനഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം. 28 — 29.06.2010-ൽ മറുപടിക്ക്

## ദേശീയപാതകളുടെ വീതി മുപ്പത് മീറ്റർ ആക്കുവാനുള്ള നടപടി

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| | ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി : | | ശ്രീ. ടി.എം. തോമസ് ഐസക്ക് (ധനകാര്യ വകുപ്പു മന്ത്രി) |
| (എ) | സംസ്ഥാനത്തെ ദേശീയ പാതകളുടെ വീതി മുപ്പത് മീറ്റർ മതിയെന്നും ബി.ഒ.ടി. വ്യവസ്ഥ ഒഴിവാക്കണമെന്നും ആവശ്യപ്പെട്ട് സർവ്വകക്ഷി സംഘം മുഖ്യമന്ത്രിയുടെ നേതൃത്വത്തിൽ പ്രധാനമന്ത്രിയെ കാണുകയുണ്ടായോ ; എങ്കിൽ എന്തായിരുന്നു ചർച്ചയെത്തുടർന്നുണ്ടായ തീരുമാനം ; വിശദാംശങ്ങൾ വ്യക്തമാക്കുമോ ; | (എ) | മുഖ്യമന്ത്രിയുടെ നേതൃത്വത്തിൽ സർവ്വ കക്ഷി സംഘം പ്രധാനമന്ത്രിയെ കാണുകയും ദേശീയ പാതാ വികസനം സംബന്ധിച്ച് സംസ്ഥാന സർക്കാരിന്റെ ആവശ്യങ്ങൾ അടങ്ങിയ ഒരു മെമ്മോറാണ്ടം പ്രധാനമന്ത്രിക്ക് സമർപ്പിക്കുകയുമുണ്ടായി. ആയതിന് രേഖാമൂലമുള്ള മറുപടി ലഭിച്ചിട്ടില്ല. സർവ്വകക്ഷി സംഘം പ്രധാനമന്ത്രിക്ക് സമർപ്പിച്ച മെമ്മോറാണ്ടത്തിന്മേലുള്ള പ്രതികരണം ലഭ്യമായതിനു ശേഷം മാത്രമേ തുടർ നടപടികൾ സംബന്ധിച്ച തീരുമാനം കൈക്കൊള്ളുകയുള്ളു. |
| (ബി) | ദേശീയപാതകളുടെ വീതി സംബന്ധിച്ച കാര്യത്തിൽ സംസ്ഥാനത്തിന്റെ നിലപാടിൽ പിന്നീട് മാറ്റം വരുകയുണ്ടായോ; വിശദാംശങ്ങൾ നൽകുമോ ; | (ബി) | ദേശീയപാതകളുടെ വീതി 30 മീറ്ററായി പരിമിതപ്പെടുത്തണം എന്ന നിലപാടിൽ മാറ്റമുണ്ടായിട്ടില്ല. സർവ്വകക്ഷി സംഘം പ്രധാനമന്ത്രിക്ക് സമർപ്പിച്ച മെമ്മോറാണ്ടത്തിന്മേലുള്ള പ്രതികരണം ലഭ്യമായതിനു ശേഷം മാത്രമേ തുടർ നടപടികൾ സംബന്ധിച്ച തീരുമാനം കൈക്കൊള്ളുകയുള്ളു. |
| (സി) | പാതയുടെ വീതി അടക്കമുള്ള വികസനം, നഷ്ടപരിഹാരം നൽകൽ, കുടിയൊഴിപ്പിക്കൽ, അവരുടെ പുനരധിവാസം എന്നീ കാര്യങ്ങളിൽ സർക്കാർ നിലപാട് വ്യക്തമാക്കുമോ ? | (സി) | ദേശീയപാതയുടെ വീതി 30 മീറ്ററായി ചുരുക്കണമെന്നും ബി.ഒ.റ്റി. വ്യവസ്ഥ ഒഴിവാക്കി ടോൾഫ്രീയായി പദ്ധതി നടപ്പിലാക്കണമെന്നും കുടിയൊഴിപ്പിക്കപ്പെടുന്നവർക്കും ഭൂമി നഷ്ടപ്പെടുന്നവർക്കും ഉപജീവനമില്ലാതാവുന്നവർക്കും നിർലോഭമായ നഷ്ടപരിഹാരം നൽകണമെന്നും അവരെ പുനരധിവസിപ്പിക്കണമെന്നുമുള്ള വിശാലമായ കാഴ്ചപ്പാടാണ് സർക്കാരിനുള്ളത്. ഇതിനായി വിശദമായ ഒരു പുനരധിവാസ പാക്കേജ് കേന്ദ്ര സർക്കാരിന്റെ പരിഗണനയ്ക്കായി സമർപ്പിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

## പതിമൂന്നാം കേരള നിയമസഭ

### പത്തൊമ്പതാം സമ്മേളനം

**നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ 29 - 29.06.2010 ൽ മറുപടിക്ക്**

### <u>കേരള ഫിനാൻഷ്യൽ കോർപ്പറേഷന്റെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ</u>

| ചോദ്യം | | മറുപടി |
|---|---|---|
| ശ്രീ.അൽഫോൻസ് കണ്ണന്താനം<br>ശ്രീ.എം.ഹംസ<br>ശ്രീ.കെ.ടി.ജലീൽ<br>ശ്രീ.കെ.വി.കുഞ്ഞിരാമൻ | | ശ്രീ.റ്റി.എം.തോമസ് ഐസക്<br>ബഹു: ധനകാര്യ വകുപ്പു മന്ത്രി |
| എ) | കേരള ഫിനാൻഷ്യൽ കോർപ്പറേഷന്റെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കുമോ; | കേരള ഫിനാൻഷ്യൽ കോർപ്പറേഷന്റെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ ഇപ്രകാരമാണ്.<br>1) മറ്റു ധനകാര്യ സ്ഥാപനങ്ങളെ അപേക്ഷിച്ച് പലിശ നിരക്കിൽ കുറവു വരുത്തി, 10 ശതമാനം പലിശ നിരക്കിൽ മിക്ക വായ്പകളും ലഭ്യമാക്കുന്നതിനുള്ള അവസരമൊരുക്കി.<br>2) വനിതാ വ്യവസായ സംരംഭകർക്കായി 9% പലിശനിരക്കിൽ പ്രത്യേക വായ്പാ പദ്ധതി നടപ്പിലാക്കുന്നു.<br>3) ഊർജ്ജ സംരക്ഷണമേഖലയെ പ്രോത്സാഹിപ്പിക്കുന്നതിനായി 9% നിരക്കിൽ വായ്പ നൽകുന്നു.<br>4)വസ്തു ജാമ്യമില്ലാതെ 50 ലക്ഷം രൂപ വരെ വായ്പ നൽകുന്നതിനായി, കെ.എഫ്.സി ക്രെഡിറ്റ് ഗ്യാരന്റി ട്രസ്റ്റ് ഫണ്ടിൽ അംഗമായി<br>5)മൈക്രോ ഫിനാൻസ് മേഖലയിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾക്ക് വായ്പ അനുവദിക്കുന്നതിനുള്ള പദ്ധതികൾ ആരംഭിച്ചു.<br>6)മ്യൂച്ചൽ ഫണ്ടുകളുടെ വിതരണം, ഇൻഷ്വറൻസ് കമ്പനികളുടെ കോർപ്പറേറ്റ് ഏജന്റായി പ്രവർത്തിക്കൽ എന്നീ മേഖലകളിലേയ്ക്കും പ്രവർത്തനം വ്യാപിപ്പിച്ചു.<br>7)പുതു വ്യവസായ സംരംഭകർക്ക് പരിശീലനവും കൺസൾട്ടൻസി സേവനവും ലഭ്യമാക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചു.<br>8)നിഷ്ക്രിയ ആസ്തികളിൽ നിന്നും കഴിയുന്നത്ര തിരിച്ചടവ് ലഭിക്കുന്നതിനായി |

| | | |
|---|---|---|
| | | ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി ഉദാരമാക്കി.<br>9)വായ്പ അപേക്ഷകളിന്മേൽ സത്വര നടപടികൾ സ്വീകരിക്കേണ്ടതിലേയ്ക്കായി ജില്ലാ തലത്തിലും മേഖലാ തലത്തിലും കൂടുതൽ അധികാരങ്ങൾ നൽകി.<br>10)കോർപ്പറേഷന്റെ പ്രവർത്തനങ്ങൾ പൊതു ജനങ്ങളിലേയ്ക്ക് എത്തിക്കുന്നതിലേയ്ക്കായി സംരംഭക സമ്പർക്ക പരിപാടികൾ നടത്തി.<br>11)കോർപ്പറേഷന്റെ പ്രവർത്തനങ്ങൾ സമ്പൂർണ്ണ കമ്പ്യൂട്ടർവൽക്കരണത്തിലേയ്ക്കായി പ്രമുഖ കമ്പനികളുമായി കരാറിലേർപ്പെട്ടു.<br>12)ജോലിഭാരമനുസരിച്ച് ജീവനക്കാരെ പുന:സംഘടിപ്പിച്ച് വിവിധ ജില്ലാ, മേഖലാ ഓഫീസുകളിൽ നിയമിച്ച്, കോർപ്പറേഷന്റെ കാര്യക്ഷമത വർദ്ധിപ്പിച്ചു. |
| ബി. | കഴിഞ്ഞ വർഷം കോർപ്പറേഷൻ എത്ര കോടി രൂപ വായ്പ നൽകി എന്ന് വെളിപ്പെടുത്തുമോ; ഈ വർഷം എത്ര കോടി രൂപ വായ്പ നൽകാനാണ് ലക്ഷ്യമിട്ടിട്ടുള്ളത്; | കഴിഞ്ഞ വർഷം 419.53 കോടി രൂപ വായ്പ അനുവദിച്ചിട്ടുണ്ട്. ഈ വർഷം 1000 കോടി രൂപ വായ്പ നൽകാനാണ് ലക്ഷ്യമിട്ടിട്ടുള്ളത്. |
| സി. | പുതുതായി എന്തെല്ലാം വായ്പാ പദ്ധതികളാണ് കോർപ്പറേഷൻ നടപ്പാക്കുന്നത്; | പുതുതായി കോർപ്പറേഷൻ നടപ്പാക്കുന്ന വായ്പാ പദ്ധതികൾ ഇവയൊക്കെയാണ്.<br><br>1) വനിതാ വ്യവസായ സംരംഭകർക്കായി 9% പലിശനിരക്കിൽ പ്രത്യേക വായ്പാ പദ്ധതി നടപ്പിലാക്കുന്നു.<br>2) ഊർജ്ജ സംരക്ഷണമേഖലയെ പ്രോത്സാഹിപ്പിക്കുന്നതിനായി 9% നിരക്കിൽ വായ്പ നൽകുന്നു.<br>3)വസ്തു ജാമ്യമില്ലാതെ 50 ലക്ഷം രൂപ വരെ വായ്പ നൽകുന്നതിനായി, കെ.എഫ്.സി ക്രെഡിറ്റ് ഗ്യാരന്റി ട്രസ്റ്റ് ഫണ്ടിൽ അംഗമായി.<br>4)മൈക്രോ ഫിനാൻസ് മേഖലയിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾക്ക് വായ്പ അനുവദിക്കുന്നതിനുള്ള പദ്ധതികൾ ആരംഭിച്ചു. |

| | | |
|---|---|---|
| ഡി. | വ്യാവസായിക വായ്പ നൽകുന്നതിനുള്ള നടപടി ക്രമങ്ങൾ ലഘൂകരിക്കുന്നതിനും വായ്പ ലഭിക്കുന്നതിലെ കാല താമസം ഒഴിവാക്കുന്നതിനും നടപടി സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ വ്യക്തമാക്കുമോ; | വ്യാവസായിക വായ്പ നൽകുന്നതിനുള്ള നടപടി ക്രമങ്ങൾ ലഘൂകരിക്കുന്നതിനും വായ്പ ലഭിക്കുന്നതിലെ കാല താമസം ഒഴിവാക്കുന്നതിനും നടപടികൾ സ്വീകരിച്ചിട്ടുണ്ട്. അവ താഴെ പറയും പ്രകാരമാണ്.<br>1) മറ്റു ധനകാര്യ സ്ഥാപനങ്ങളെ അപേക്ഷിച്ച് പലിശ നിരക്കിൽ കുറവു വരുത്തി, 10 ശതമാനം പലിശ നിരക്കിൽ മിക്ക വായ്പകളും ലഭ്യമാക്കുന്നതിനുള്ള അവസരമൊരുക്കി.<br>2) വായ്പ അടച്ചു തീർത്ത് ബാധ്യതകൾ അവസാനിപ്പിക്കുന്നതിലേയ്ക്കായി ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി ഉദാരമാക്കി.<br>3) മുതൽ തിരിച്ചടയ്ക്കുവാൻ മറ്റു ധനകാര്യ സ്ഥാപനങ്ങളെ അപേക്ഷിച്ച് കൂടുതൽ അവധി നൽകുന്നു.<br>4) വായ്പാ തിരിച്ചടവിന് കെ.എഫ്.സി ദീർഘമായ തിരിച്ചടവ് കാലയളവ് അനുവദിക്കുന്നു.<br>5) വ്യവസായ സംരംഭകരുടേതല്ലാത്ത കാരണങ്ങൾ കൊണ്ട് വായ്പാ കുടിശ്ശിക വന്ന സാഹചര്യങ്ങളിൽ പരമാവധി ഇളവുകൾ നൽകി വായ്പ പുന:ക്രമീകരിക്കുന്നു.<br>6) ജില്ലാ, മേഖലാ ഓഫീസുകൾക്ക് കൂടുതൽ അധികാരങ്ങൾ നൽകി ഇടപാടുകാർക്കുള്ള സേവനം സത്വരമാക്കി |
| ഇ. | കോർപ്പറേഷന്റെ പ്രവർത്തനം വിപുലീകരിക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദീകരിക്കുമോ? | കോർപ്പറേഷന്റെ പ്രവർത്തനം വിപുലീകരിക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ താഴെ പറയും പ്രകാരമാണ്.<br>1) മറ്റു ധനകാര്യ സ്ഥാപനങ്ങളെ അപേക്ഷിച്ച് പലിശ നിരക്കിൽ കുറവു വരുത്തി, 10 ശതമാനം പലിശ നിരക്കിൽ മിക്ക വായ്പകളും ലഭ്യമാക്കുന്നതിനുള്ള അവസരമൊരുക്കി.<br>2) വനിതാ വ്യവസായ സംരംഭകർക്കായി 9% പലിശനിരക്കിൽ പ്രത്യേക വായ്പാ പദ്ധതി നടപ്പിലാക്കുന്നു.<br>3) ഊർജ്ജ സംരക്ഷണമേഖലയെ പ്രോത്സാഹിപ്പിക്കുന്നതിനായി 9% നിരക്കിൽ വായ്പ നൽകുന്നു.<br>4) വസ്തു ജാമ്യമില്ലാതെ 50 ലക്ഷം രൂപ |

| | | |
|---|---|---|
| | | വരെ വായ്പ നൽകുന്നതിനായി, കെ.എഫ്.സി ക്രെഡിറ്റ് ഗ്യാരന്റി ട്രസ്റ്റ് ഫണ്ടിൽ അംഗമായി.<br>5) മൈക്രോ ഫിനാൻസ് മേഖലയിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾക്ക് വായ്പ അനുവദിക്കുന്നതിനുള്ള പദ്ധതികൾ ആരംഭിച്ചു.<br>6) മ്യൂച്ചൽ ഫണ്ടുകളുടെ വിതരണം, ഇൻഷ്വറൻസ് കമ്പനികളുടെ കോർപ്പറേറ്റ് ഏജന്റായി പ്രവർത്തിക്കൽ എന്നീ മേഖലകളിലേയ്ക്കും പ്രവർത്തനം വ്യാപിപ്പിച്ചു.<br>7) പുതു വ്യവസായ സംരംഭകർക്ക് പരിശീലനവും കൺസൾട്ടൻസി സേവനവും ലഭ്യമാക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചു.<br>8) നിഷ്ക്രിയ ആസ്തികളിൽ നിന്നും കഴിയുന്നത്ര തിരിച്ചടവ് ലഭിക്കുന്നതിനായി ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി ഉദാരമാക്കി.<br>9) വായ്പ അപേക്ഷകളിന്മേൽ സത്വര നടപടികൾ സ്വീകരിക്കേണ്ടതിലേയ്ക്കായി ജില്ലാ തലത്തിലും മേഖലാ തലത്തിലും കൂടുതൽ അധികാരങ്ങൾ നൽകി.<br>10) കോർപ്പറേഷന്റെ പ്രവർത്തനങ്ങൾ പൊതു ജനങ്ങളിലേയ്ക്ക് എത്തിക്കുന്നതിലേയ്ക്കായി സംരംഭക സമ്പർക്ക പരിപാടികൾ നടത്തി.<br>11) കോർപ്പറേഷന്റെ പ്രവർത്തനങ്ങൾ സമ്പൂർണ്ണ കമ്പ്യൂട്ടർവൽക്കരണത്തി ലേയ്ക്കായി പ്രമുഖ കമ്പനികളുമായി കരാറിലേർപ്പെട്ടു.<br>12) ജോലിഭാരമനുസരിച്ച് ജീവനക്കാരെ പുന:സംഘടിപ്പിച്ച് വിവിധ ജില്ലാ, മേഖലാ ഓഫീസുകളിൽ നിയമിച്ച്, കോർപ്പറേഷന്റെ കാര്യക്ഷമത വർദ്ധിപ്പിച്ചു.<br>13) വായ്പ അടച്ചു തീർത്ത് ബാധ്യതകൾ അവസാനിപ്പിക്കുന്നതിലേയ്ക്കായി ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി ഉദാരമാക്കി.<br>14) മുതൽ തിരിച്ചടയ്ക്കുവാൻ മറ്റു ധനകാര്യ സ്ഥാപനങ്ങളെ അപേക്ഷിച്ച് കൂടുതൽ അവധി നൽകുന്നു.<br>15) വായ്പാ തിരിച്ചടവിന് കെ.എഫ്.സി ദീർഘമായ തിരിച്ചടവ് കാലയളവ് അനുവദിക്കുന്നു.<br>16) വ്യവസായ സംരംഭകരുടേതല്ലാത്ത കാരണങ്ങൾ കൊണ്ട് വായ്പാ കുടിശ്ശിക |

| | | |
|---|---|---|
| | | വന്ന സാഹചര്യങ്ങളിൽ പരമാവധി ഇളവുകൾ നൽകി വായ്പ പുന:ക്രമീകരിക്കുന്നു.<br>17) ജില്ലാ, മേഖലാ ഓഫീസുകൾക്ക് കൂടുതൽ അധികാരങ്ങൾ നൽകി ഇടപാടുകാർക്കുള്ള സേവനം സത്വരമാക്കി. |

അക്കൗണ്ട്സ് ഓഫീസർ

പന്ത്രണ്ടാം - കേരള നിയമസഭ

പതിനഞ്ചാം സമ്മേളനം

**നക്ഷത്ര ചിഹ്നമിട്ട ചോദ്യ നമ്പർ 30 - 29.06.2010 - ലെ മറുപടിക്ക്**

<u>12-ാം ധനകാര്യ കമ്മീഷന്റെ ശുപാർശകൾ</u>

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. കെ.സി. ജോസഫ്, ശ്രീ. എൻ.ശക്തൻ, ശ്രീ. കെ.ശിവദാസൻ നായർ | ശ്രീ.വി.എസ്. അച്യുതാനന്ദൻ<br>മുഖ്യമന്ത്രി |
| (എ) 12-ാം ധനകാര്യ കമ്മീഷൻ വിവിധ ഇനങ്ങളിലായി സംസ്ഥാനത്തിന് എത്ര തുക വീതം ശുപാർശ ചെയ്തിരുന്നു എന്ന് വിശദീകരിക്കുമോ? | 12-ാം ധനകാര്യ കമ്മീഷൻ സംസ്ഥാനങ്ങൾക്ക് 8 ഇനങ്ങളിലായിട്ടാണ് ധനസഹായം ശുപാർശ ചെയ്തിരിക്കുന്നത്. കേരളത്തിന് ശുപാർശ ചെയ്ത തുകയുടെ വിവരങ്ങൾ താഴെ നൽകുന്നു<br><br>(തുക കോടികളിൽ)<br>(1) നോൺ പ്ലാൻ റവന്യു ഡെഫിസിറ്റ് ഗ്രാന്റ് - 470.37<br>(2) റോഡുകളുടെയും പാലങ്ങളുടെയും മെയിന്റനൻസ് ഗ്രാന്റ് - 642.32<br>(3) കെട്ടിടങ്ങളുടെ സംരക്ഷണ ഗ്രാന്റ് - 103.50<br>(4) വനങ്ങളുടെ സംരക്ഷണ ഗ്രാന്റ് - 25.00<br>(5) പാരമ്പര്യ സംരക്ഷണം - 25.00<br>(6) സംസ്ഥാനത്തിന്റെ പ്രത്യേക ആവശ്യങ്ങൾ<br>(എ) ഉൾനാടൻ ജലഗതാഗതവും കനാലുകളും - 225.00<br>(ബി) തീരദേശ സംരക്ഷണം - 175,00<br>(സി) സ്കൂൾ വിദ്യാഭ്യാസത്തിന്റെ ഗുണമേൻമ വർദ്ധിപ്പിക്കൽ - 100,00<br>(7) തദ്ദേശഭരണം<br>(എ) പഞ്ചായത്തുകൾ - 985.00<br>(ബി) നഗരസഭകൾ - 149.00<br>(10) ദുരന്തനിവാരണ നിധി - 354.32<br>**ആകെ - 3254.51** |
| (ബി) 31.03.2010 വരെ കമ്മീഷന്റെ അവാർഡ് പ്രകാരം സംസ്ഥാനത്തിന് വിവിധ ഇനങ്ങളിലായി എത്ര തുക വീതം ലഭ്യമായി എന്ന് വ്യക്തമാക്കുമോ? | 31.03.2010 വരെ 12-ാം ധനകാര്യ കമ്മീഷന്റെ അവാർഡ് പ്രകാരം സംസ്ഥാനത്തിന് വിവിധ ഇനങ്ങളിലായി ലഭ്യമായ തുകയുടെ വിവരം താഴെ നൽകുന്നു.<br><br>(തുക കോടികളിൽ)<br>(1) നോൺ പ്ലാൻ റവന്യൂ ഡെഫിസിറ്റ് - 470.37<br>(2) റോഡുകളുടെയും പാലങ്ങളുടെയും മെയിന്റനൻസ് ഗ്രാന്റ് - 481.74<br>(3) കെട്ടിടങ്ങളുടെ സംരക്ഷണം - 90.57<br>(4) വനങ്ങളുടെ സംരക്ഷണം - 24.75 |

| | |
|---|---|
| | (5) പാരമ്പര്യ സംരക്ഷണം - 22.93<br>(6) സംസ്ഥാനത്തിന്റെ പ്രത്യേക ആവശ്യങ്ങൾ<br>(എ) ഉൾനാടൻ ജലഗതാഗതവും കനാലുകളും - 54.25<br>(ബി) തീരദേശ സംരക്ഷണം - 115.41<br>(സി) സ്കൂൾ വിദ്യാഭ്യാസത്തിന്റെ ഗുണമേൻമ വർദ്ധിപ്പിക്കൽ 90.00<br>(7) തദ്ദേശഭരണം - 1134.00<br>(8) ദുരന്തനിവാരണ നിധി - 354.39 |
| (സി) സംസ്ഥാനത്തിന്റെ സാമ്പത്തിക സ്ഥിതി മെച്ചപ്പെടുത്തുന്നതിനുള്ള എന്തെങ്കിലും ശുപാർശകൾ 12-ാം ധനകാര്യ കമ്മീഷൻ നൽകിയിട്ടുണ്ടായിരുന്നുവോ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ; ഇതു സംബന്ധിച്ച് കൈക്കൊണ്ട നടപടികൾ എന്തൊക്കെയാണ്? | സംസ്ഥാനത്തിന്റെ സാമ്പത്തിക സ്ഥിതി മെച്ചപ്പെടുത്തുന്നതുമായി ബന്ധപ്പെട്ട് 12-ാം ധനകാര്യ കമ്മീഷൻ താഴെപ്പറയുന്ന ശുപാർശകൾ നൽകിയിട്ടുണ്ട്.<br>(എ) 2009-10 ഓടുകൂടി കേന്ദ്രസംസ്ഥാനങ്ങളുടെ ടാക്സ് - ജിഡിപി അനുപാതം 17.6% ആയി ഉയർത്തുക, പ്രാഥമിക ചിലവ് ജിഡിപി യുടെ 23%, മൂലധന നിക്ഷേപം ജിഡിപിയുടെ 7% എന്നിവയായി ഉയർത്തുക.<br>(ബി) 2008-09 ൽ കേന്ദ്രത്തിന്റെയും സംസ്ഥാനത്തിന്റെയും റവന്യൂ കമ്മി കൂട്ടായും ഒറ്റയ്ക്കായും പൂജ്യമാക്കി മാറ്റേണ്ടതാണ്.<br>(സി) ആകെ ശമ്പളം റവന്യൂ ചെലവിന്റെ 35% ൽ അധികമാകാത്ത രീതിയിൽ ഒരു നിയമന-വേതന നയം സംസ്ഥാനം സ്വീകരിക്കണം.<br>(ഡി) ഓരോ സംസ്ഥാനവും താഴെ പറയുന്ന കാര്യങ്ങൾ ഉൾപ്പെടുത്തി ഒരു ധന ഉത്തരവാദിത്ത നിയമം നടപ്പാക്കേണ്ടതാണ്.<br>1) 2008-09 ഓടുകൂടി റവന്യൂ കമ്മി ഇല്ലാതാക്കുക<br>2) ധന കമ്മി ജിഎസ്ഡിപി യുടെ 3% ആയി കുറയ്ക്കുക<br>3) റവന്യൂ ധനകമ്മികൾ കുറയ്ക്കുന്നതിനുള്ള വാർഷിക ലക്ഷ്യം നിർണ്ണയിക്കുക.<br>4) സംസ്ഥാനത്തിന്റെ സാമ്പത്തിക സ്ഥിതി,ധന തന്ത്രം എന്നിവയുടെ വാർഷിക സ്റ്റേറ്റ്മെന്റ് തയ്യാറാക്കുന്നതിനുള്ള വ്യവസ്ഥ ഉണ്ടാകണം.<br>5) ബഡ്ജറ്റിനോടനുബന്ധിച്ച് സംസ്ഥാന ജീവനക്കാർ, പൊതുമേഖലാ ജീവനക്കാർ, എയ്ഡഡ് സ്ഥാപനങ്ങളിലെ ജീവനക്കാർ എന്നിവരുടെ എണ്ണവും വേതനവും സംബന്ധിച്ച സ്റ്റേറ്റ്മെന്റ് തയ്യാറാക്കണം. |
| (ഡി) സാമ്പത്തിക അച്ചടക്കം പാലിക്കുന്നതുമായി ബന്ധപ്പെടുത്തി സംസ്ഥാനങ്ങൾക്ക് പ്രത്യേക | സംസ്ഥാനങ്ങളുടെ സാമ്പത്തിക അച്ചടക്കവുമായി ബന്ധപ്പെട്ട് ധനകമ്മി കുറയ്ക്കുന്നതിന് വേണ്ടി വായ്പ |

| | |
|---|---|
| സാമ്പത്തിക സഹായം എന്തെങ്കിലും 12-ാം ധനകാര്യ കമ്മീഷൻ ശുപാർശ ചെയ്തിരുന്നുവോ; എങ്കിൽ വിശദാംശം വ്യക്തമാക്കുമോ; ഈ ഇനത്തിൽ സംസ്ഥാനത്തിന് ലഭിച്ച സാമ്പത്തിക സഹായം എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ? | എഴുതിത്തള്ളൽ പദ്ധതിയ്ക്ക് ശുപാർശ ചെയ്തിട്ടുണ്ട്. ഈ ഇനത്തിൽ സംസ്ഥാനത്തിന് 250.26 കോടി ലഭിച്ചിട്ടുണ്ട്. (2006-07 ലേയ്ക്കുള്ള 102.4 കോടി രൂപ 2008-09 ലും, 2007-08 ലേയ്ക്കുള്ള 147.86 കോടി രൂപ 2009-10 ലും ലഭിച്ചിട്ടുണ്ട്). |
| ഇ) 12-ാം ധനകാര്യ കമ്മീഷൻ വിവിധ ഇനങ്ങൾക്കായി അനുവദിച്ച ഗ്രാന്റ് മുഴുവനായും സർക്കാർ വിനിയോഗിച്ചിട്ടുണ്ടോ? ഇല്ലെങ്കിൽ വിനിയോഗിക്കാത്ത തുകകൾ/ പദ്ധതികൾ എന്തെല്ലാമാണെന്നും ഇതിനുള്ള കാരണങ്ങൾ എന്താണെന്നും വ്യക്തമാക്കുമോ? | 12-ാം ധനകാര്യ കമ്മീഷൻ അവാർഡ്, 31.03.2010 വരെ ലഭിച്ച തുക, വിനിയോഗം എന്നിവ സംബന്ധിച്ച ഒരു സ്റ്റേറ്റ്മെന്റ് അനുബന്ധമായി ചേർക്കുന്നു. 3254.51 കോടി രൂപ അവാർഡ് ചെയ്തതിൽ 2838.41 കോടി രൂപ 31.03.2010 വരെ ലഭിച്ചു. ഈ ഇനങ്ങളിലായി 2930.53 കോടി രൂപ ചെലവഴിച്ചിട്ടുണ്ട്. ചില ഇനങ്ങളിൽ വിനിയോഗത്തിലുണ്ടായ കുറവ് ബന്ധപ്പെട്ട വകുപ്പുകളിലെ സാങ്കേതിക തടസ്സം മൂലമാണ്. എന്നാൽ ആകെ റിലീസ് ചെയ്തു ലഭിച്ച തുകയെക്കാൾ അധികം സംസ്ഥാനം വിനിയോഗിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

12 th FINANCE COMMISSION GRANTS 2005-10 (as on 31.03.2010)
(Rs in core)

| Sl No. | Sectors | Total Award (2005-10) | | | |
|---|---|---|---|---|---|
| | | Award | Released | Utilised | Balance |
| 1 | 2 | 3 | 4 | 5 | 6 |
| 1 | Non-Plan Revenue Deficit Grant | 470.37 | 470.37 | 470.37 | 0.00 |
| 2 | Maintenance of Roads & Bridges | 642.32 | 481.74 | 481.74 | 160.58 |
| 3 | Maintenance of Buildings | 103.50 | 90.57 | 90.57 | 12.93 |
| 4 | Maintenance of Forests | 25.00 | 24.75 | 22.33 | 0.25 |
| 5 | Heritage Conservation | 25.00 | 22.93 | 21.97 | 2.07 |
| 6 | **State Specific Needs** | | | | |
| (i) | School Education | 100.00 | 90.00 | 94.39 | 10.00 |
| (ii) | Inland Water Ways and Canals | 225.00 | 54.25 | 101.72 | 170.75 |
| (iii) | Coastal Zone Management | 175.00 | 115.41 | 159.05 | 59.59 |
| 7 | Local Bodies Grant | 1134.00 | 1134.00 | 1134.00 | 0.00 |
| 8 | Calamity Relief Fund | 354.32 | 354.39 | 354.39 | -0.07 |
| | **TOTAL** | **3254.51** | **2838.41** | **2930.53** | **416.10** |
| 9 | *Tax share recommended by 12 th FC* | 16353.21 | | | |
| 10 | Cumulative release(2005-10) | 18456.44 | | | |

Dr. T.M. Thomas Isaac
Minister for Finance

സെക്രട്ടറി ഓഫീസർ

Finance (CSFO-A)